# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

നവംബർ 1
കേരളപ്പിറവി ദിനം

PSC Bulletin,
Official Publication of
Kerala Public Service Commission

Vol. 33 Issue 5
Fortnightly
November 1, 2021
Page 32 ₹ 10

## KAS ഉം സിവിൽ സർവീസും




എസ്.എം. വിജയാനന്ദ് ഐ.എ.എസ്.

പേജ് 3


| | |
|---|---|
| കലയും സാഹിത്യവും | പേജ് 15 |
| ജീവിതം, ഭാഷ, വ്യാകരണം | പേജ് 16 |
| ചരിത്രത്തോടൊപ്പം നടന്നവർ | പേജ് 17 |
| ENRICH YOUR GK | പേജ് 18 |
| LANGUAGE CORNER | പേജ് 19 |
| പൊതു വിജ്ഞാനദർപ്പണം | പേജ് 20 |
| ഗണിതം ഇനി ലളിതം | പേജ് 25 |
| മുൻകാല ചോദ്യപേപ്പർ | പേജ് 26 |
| ഇന്ത്യൻ ഭരണഘടന | പേജ് 29 |
| EXAMINATION PROGRAMME - JANUARY 2022 | പേജ് 30 |
| പ്രശസ്ത ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ | പേജ് 31 |


## പൊലീസ് കോൺസ്റ്റബിൾ (ഐ.ആർ.ബി), ഓഫ്‌സെറ്റ് പ്രിൻറിംഗ് മെഷീൻ ഓപ്പറേറ്റർ (അച്ചടിവകുപ്പ്) ഉൾപ്പെടെ 45 കാറ്റഗറികളിൽ വിജ്ഞാപനം

പേജ് 5



പി.എസ്.സി.ബുള്ളറ്റിൻ സബ്സ്ക്രൈബ് ചെയ്യാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

പി.എസ്.സി. ബുള്ളറ്റിൻ ഇ.വെർഷന് ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**

**ഡോ. കെ. പി. സജിലാൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**

**ടി. ആർ. അനിൽകുമാർ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പി. എച്ച്. മുഹമ്മദ് ഇസ്മയിൽ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**റോഷൻ റോയ് മാത്യു**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എസ്. എ. സെയ്ഫ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**ബോണി കുര്യാക്കോസ്**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**

**സാജു ജോർജ്**
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**കെ. വി. സുനുകുമാർ**

ഫോൺ : *0471 2546368 OR 9446412483*
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): *0471 2546270*

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

## ആസ്ഥാന ഓഫീസ് എൻക്വയറി

ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

## മേഖലാ ഓഫീസുകൾ

കൊല്ലം: 0474 2745674, എറണാകുളം: 0484 2988857, കോഴിക്കോട്: 0495 2371500

## ജില്ലാ ഓഫീസുകൾ

തിരുവനന്തപുരം: 0471 2448188,
കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665,
ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278,
ഇടുക്കി: 04868 272359, എറണാകുളം: 0484 2988847,
തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398,
മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971,
വയനാട്: 04936 202539, കണ്ണൂർ: 0497 2700482,
കാസർഗോഡ്: 04994 230102


# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 ഒക്ടോബർ 25

### അഭിമുഖം നടത്തും

1. ഗ്രാമവികസന വകുപ്പിൽ ലക്ചറർ ഗ്രേഡ് 2 – ഹോം സയൻസ് (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വിഭാഗത്തിൽ മൂന്ന് വർഷത്തെ പരിചയമുള്ളവരോ അല്ലെങ്കിൽ എക്സ്റ്റൻഷൻ ഓഫീസർമാർ(വനിതാക്ഷേമം)/എക്സ്റ്റൻഷൻ ഓഫീസർമാർ (ഹൗസിങ്) ഗ്രേഡ് 2 വിഭാഗത്തിൽ ജോലി ചെയ്യുന്നവരോ ആയ വനിത ഉദ്യോഗസ്ഥരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം) (കാറ്റഗറി നമ്പർ 129/2021).
2. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ജനറൽ സർജറി) ഒന്നാം എൻ.സി.എ.–വിശ്വകർമ്മ (കാറ്റഗറി നമ്പർ 100/2021).
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (അനസ്തേഷ്യോളജി) ഒന്നാം എൻ.സി.എ.– എൽ.സി./എ.ഐ. (കാറ്റഗറി നമ്പർ 95/2021).
4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (പത്തോളജി) ഒന്നാം എൻ.സി.എ.– എൽ.സി./എ.ഐ. (കാറ്റഗറി നമ്പർ 167/2021).
5. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി) ഒന്നാം എൻ.സി.എ.– മുസ്ലീം (കാറ്റഗറി നമ്പർ 156/2021).
6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫാർമക്കോളജി) ഒന്നാം എൻ.സി.എ.– എസ്.ഐ.യു.സി.നാടാർ (കാറ്റഗറി നമ്പർ 162/2021).
7. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (റേഡിയോഡയഗ്നോസിസ്) ഒന്നാം എൻ.സി.എ.– മുസ്ലീം (കാറ്റഗറി നമ്പർ 98/2021).
8. കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി. സ്കൂൾ ടീച്ചർ (കന്നട മീഡിയം) ഒന്നാം എൻ.സി.എ.– എൽ.സി./എ.ഐ. (കാറ്റഗറി നമ്പർ 461//2019).
9. മലപ്പുറം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു) ഒന്നാം എൻ.സി.എ.– വിശ്വകർമ്മ (കാറ്റഗറി നമ്പർ 356/2020).
10. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എസ്.ടി. ഇംഗ്ലീഷ് (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 282/2020).
11. കെ.എസ്.എഫ്.ഇ. ലിമിറ്റഡിൽ പ്യൂൺ/വാച്ച്മാൻ (കെ.എസ്.എഫ്.ഇ. യിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം) (കാറ്റഗറി നമ്പർ 276/2020).
12. കെ.എസ്.എഫ്.ഡി.സി. ലിമിറ്റഡിൽ പ്രൊജക്ഷൻ അസിസ്റ്റന്റ് (ഒന്നാം എൻ.സി.എ.–ഒ.ബി.സി.) (കാറ്റഗറി നമ്പർ 36/2021).
13. കെ.എസ്.ഐ.ഡി.സി. ലിമിറ്റഡിൽ ടെലഫോൺ ഓപ്പറേറ്റർ കം റിസപ്ഷനിസ്റ്റ് ഗ്രേഡ് 1 (എൻ.സി.എ.– പട്ടികജാതി) (കാറ്റഗറി നമ്പർ 442/2019).
14. ഹൗസ്ഫെഡിൽ ജൂനിയർ ക്ലർക്ക് – സൊസൈറ്റി (എൻ.സി.എ.–പട്ടികജാതി) (കാറ്റഗറി നമ്പർ 176/2021).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

1. ജലസേചന വകുപ്പിൽ ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 3/ഓവർസീയർ ഗ്രേഡ് 3 (മെക്കാനിക്കൽ)/ട്രേസർ (കാറ്റഗറി നമ്പർ 141/2019).
2. വിവിധ ജില്ലകളിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (പട്ടികജാതി/പട്ടികവർഗ്ഗം, പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 306/2020).
3. വിവിധ ജില്ലകളിൽ പൊതുമരാമത്ത് വകുപ്പിൽ ലൈൻമാൻ (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 117/2020).

### ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കും

1. ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിങ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 274/2020).
2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 35/2020).
3. കോഴിക്കോട് ജില്ലയിൽ അഗ്രികൾച്ചർ – സോയിൽ കൺസർവേഷൻ യൂണിറ്റിൽ വർക് സൂപ്രണ്ട് (ഒന്നാം എൻ.സി.എ.– ഹിന്ദുനാടാർ) (കാറ്റഗറി നമ്പർ 643/2017).
4. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിൽ ഡ്രൈവർ കം വെഹിക്കിൾ ക്ലീനർ (കാറ്റഗറി നമ്പർ 153/2020).
5. കെ.എസ്.ഐ.ഡി.സി.യിൽ സ്റ്റെനോഗ്രാഫർ (കാറ്റഗറി നമ്പർ 20/2019).

### ഓൺലൈൻ പരീക്ഷ നടത്തും

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (അനാട്ടമി) (കാറ്റഗറി നമ്പർ 473/2020).

### പ്ലസ്ടുതല മുഖ്യപരീക്ഷ അർഹതാ പട്ടിക പ്രസിദ്ധീകരിക്കും

1. ലാന്റ് റവന്യൂ വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് – സെലക്ഷൻ ഗ്രേഡ് (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 290/2020).
2. കേരള പബ്ലിക് സർവീസ് കമ്മിഷനിൽ ഓഫീസ് സൂപ്രണ്ട് (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 550/2019).
3. കേരള പോലീസ് സർവീസിൽ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 499/2020).
4. കേരള പോലീസ് സബോർഡിനേറ്റ് സർവീസിൽ വുമൺ പോലീസ് കോൺസ്റ്റബിൾ (വുമൺ പോലീസ് ബറ്റാലിയൻ – പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 73/2020).
5. കേരള പോലീസ് സർവീസിൽ (ആംഡ് പോലീസ് ബറ്റാലിയൻ) ആംഡ് പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 407/2020).
6. വിവിധ ജില്ലകളിൽ കേരള പോലീസ് സർവീസിൽ പോലീസ് കോൺസ്റ്റബിൾ (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 251/2020).
7. പാലക്കാട്, മലപ്പുറം ജില്ലകളിൽ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 (പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 253/2020).
8. വിവിധ ജില്ലകളിൽ കേരള പോലീസ് സർവീസിൽ പോലീസ് കോൺസ്റ്റബിൾ (ആംഡ് പോലീസ് ബറ്റാലിയൻ) (പട്ടികജാതി/പട്ടികവർഗ്ഗം) (കാറ്റഗറി നമ്പർ 340/2020).
9. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ ടൈപ്പിസ്റ്റ് ക്ലർക്ക് (ഡി.എ.–ഓർത്തോ മോഡറേറ്റ്) (കാറ്റഗറി നമ്പർ 66/2020).
10. കെ.ടി.ഡി.സി. ലിമിറ്റഡിൽ സ്റ്റെനോഗ്രാഫർ (കാറ്റഗറി നമ്പർ 151/2020).

### വിജ്ഞാപനം പ്രസിദ്ധീകരിക്കും

**ജനറൽ– സംസ്ഥാനതലം:–** കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡിൽ അഗ്രികൾച്ചർ ഓഫീസർ, പുരാവസ്തു വകുപ്പിൽ റിസർച്ച് ഓഫീസർ, ഹാർബർ എഞ്ചിനീയറിങ് വകുപ്പിൽ ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 1/ഓവർസീയർ ഗ്രേഡ് 1 (സിവിൽ), മ്യൂസിയം ആൻഡ് മൃഗശാല വകുപ്പിൽ സാർജന്റ്, ജയിൽ വകുപ്പിൽ പി.ഡി. ടീച്ചർ (പുരുഷൻമാർ), കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡിൽ ജനറൽ മാനേജർ (പ്രോജക്ട്)–പാർട് 1 (ജനറൽ കാറ്റഗറി), മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ടെലഫോൺ ഓപ്പറേറ്റർ, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് കയർ മാർക്കറ്റിങ് ഫെഡറേഷൻ ലിമിറ്റഡിൽ വർക്സ് മാനേജർ –പാർട്ട് 1 (ജനറൽ കാറ്റഗറി), പ്ലാന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) – പാർട്ട് 1 (ജനറൽ കാറ്റഗറി ), കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിൽ അസിസ്റ്റന്റ് ഗ്രേഡ് 2 (തസ്തികമാറ്റം മുഖേന), ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് എന്റർപ്രൈസസ് ലിമിറ്റഡിൽ സ്റ്റെനോഗ്രാഫർ.

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം:–** ഗവൺമെന്റ് ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ (മെറ്റീരിയ മെഡിക്ക)(പട്ടികവർഗ്ഗം), മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി സർജൻ ഗ്രേഡ് 2 (പട്ടികവർഗ്ഗം).

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് – ജില്ലാതലം:–** കണ്ണൂർ ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 (പട്ടികജാതി/പട്ടികവർഗ്ഗം), വയനാട്, കാസർഗോഡ് ജില്ലയിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ മെക്കാനിക് (പട്ടികവർഗ്ഗം).

**എൻ.സി.എ. റിക്രൂട്ട്മെന്റ് – സംസ്ഥാനതലം:–** കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ അഗ്രികൾച്ചർ ഓഫീസർ – ഒന്നാം എൻ.സി.എ.–എസ്.സി.സി.സി., ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ – മാത്തമാറ്റിക്സ് – നാലാം എൻ.സി.എ.– പട്ടികവർഗ്ഗം, പൊതുമരാമത്ത് (ആർക്കിടെക്ചറൽ വിങ്) വകുപ്പിൽ ആർക്കിടെക്ചറൽ ഡ്രാഫ്ട്സ്മാൻ ഗ്രേഡ് 2 – രണ്ടാം എൻ.സി.എ. – ഈഴവ/തിയ്യ/ബില്ലവ, ആരോഗ്യ വകുപ്പിൽ റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് 2 – ഒന്നാം എൻ.സി.എ.– ഒ.ബി.സി., മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സി.എസ്.ആർ. ടെക്നീഷ്യൻ ഗ്രേഡ് 2/സ്റ്റെറിലൈസേഷൻ ടെക്നീഷ്യൻ ഗ്രേഡ് 2 – ഒന്നാം എൻ.സി.എ.– ഈഴവ, പട്ടികജാതി, മുസ്ലീം, എൽ.സി./എ.ഐ., ഒ.ബി.സി, ജയിൽ വകുപ്പിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ – ഒന്നാം എൻ.സി.എ.– ഹിന്ദുനാടാർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിൽ സെക്യൂരിറ്റി ഗാർഡ് – അഞ്ചാം എൻ.സി.എ. – മുസ്ലീം, ധീവര, പട്ടികജാതി, മലബാർ സിമന്റ് ലിമിറ്റഡിൽ അസിസ്റ്റന്റ് ടെസ്റ്റർ കം ഗേജർ – രണ്ടാം എൻ.സി.എ.–ഈഴവ/തിയ്യ/ബില്ലവ, പട്ടികജാതി, എൽ.സി./എ.ഐ., സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി/കോർപ്പറേഷൻ/ബോർഡുകളിൽ സെക്യൂരിറ്റി ഗാർഡ്/സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് 2/വാച്ചർ ഗ്രേഡ് 2 – മൂന്നാം എൻ.സി.എ.– പട്ടികവർഗ്ഗം, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി/കോർപ്പറേഷൻ/ബോർഡുകളിൽ സെക്യൂരിറ്റി ഗാർഡ്/സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് 2/വാച്ചർ ഗ്രേഡ് 2 – അഞ്ചാം എൻ.സി.എ.– പട്ടികവർഗ്ഗം.

**എൻ.സി.എ. റിക്രൂട്ട്മെന്റ് – ജില്ലാതലം:–** വിവിധ ജില്ലകളിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ്.– ഒന്നാം എൻ.സി.എ. – പട്ടികജാതി, എസ്.സി.സി.സി., ധീവര, പട്ടികവർഗ്ഗം, ഹിന്ദുനാടാർ. എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) ഒന്നാം എൻ.സി.എ. – ഹിന്ദുനാടാർ, എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ.പി.എസ്.– ഒന്നാം എൻ.സി.എ.– വിശ്വകർമ്മ, തിരുവനന്തപുരം ജില്ലയിൽ എക്സൈസ് വകുപ്പിൽ ഡ്രൈവർ – ഒന്നാം എൻ.സി.എ– ഈഴവ/തിയ്യ/ബില്ലവ, തൃശൂർ, കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈസ്കൂൾ ടീച്ചർ (അറബിക്) ഏഴാം എൻ.സി.എ.– പട്ടികജാതി.

# കെ.എ.എസും സിവിൽ സർവീസും

**എസ്.എം. വിജയാനന്ദ് ഐ.എ.എസ്.**
**മുൻ ചീഫ് സെക്രട്ടറി, കേരളം**



**2016 ലെ ഇടതുമുന്നണി പ്രകടന പത്രികയിൽ സംസ്ഥാന സിവിൽ സർവീസ് എന്ന ആശയം സൂചിപ്പിക്കപ്പെടുകയും പുതിയ സർക്കാരിന്റെ ആദ്യത്തെ നിയമസഭാസമ്മേളനത്തിൽ കേരള ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ അത് പ്രഖ്യാപിക്കുകയും ചെയ്തു. മുഖ്യമന്ത്രി പിണറായി വിജയൻ ഇത് ആവർത്തിക്കുകയും ചെയ്തു. സർക്കാർ മുതിർന്ന അഡീ. ചീഫ് സെക്രട്ടറിമാരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു. എന്നാൽ ഈ കമ്മിറ്റിയ്ക്കും വ്യക്തമായ നിർദ്ദേശം സമർപ്പിക്കാൻ കഴിഞ്ഞില്ല. എന്നാൽ സർക്കാർ ഉറച്ചുനിൽക്കുകയും 2016 ഡിസംബറിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് എന്ന പേരിൽ സംസ്ഥാന സിവിൽ സർവീസ് ആരംഭിക്കാനുള്ള തീരുമാനത്തിന് മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തു.**

ഇന്ത്യ സ്വതന്ത്രയായതിനുശേഷം പുതിയതായി രൂപീകരിക്കപ്പെട്ട സർക്കാരിനെ അലട്ടിയ പ്രധാന പ്രശ്നങ്ങളിലൊന്ന് ഇന്ത്യൻ സിവിൽ സർവീസിനെ നിലനിർത്തണോ വേണ്ടയോ എന്നതായിരുന്നു. അസാധാരണമായ ശേഷിയുണ്ടെങ്കിലും സിവിൽ സർവീസ് സാമ്രാജ്യത്വ ശക്തിയെ സേവിച്ചിരുന്നുവെന്നത് ഭൂരിഭാഗം  സ്വാതന്ത്ര്യസമരസേനാനികളെയും അസ്വസ്ഥരാക്കി. എന്നാൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസായി അതിനെ നിലനിർത്തണമെന്ന ശക്തമായ തീരുമാനം സർദാർ വല്ലഭായി പട്ടേലിന്റെ ഭാഗത്തുനിന്ന് ഉണ്ടായി. ആ തീരുമാനം ശുഭകരമായിരുന്നുവെന്ന് പിൽക്കാലത്ത് തെളിയുകയും ചെയ്തു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം എല്ലാ സംസ്ഥാനങ്ങൾക്കും സ്വന്തമായി സിവിൽ സർവീസ് ഉണ്ടായി. തിരുവിതാംകൂറിന് തിരുവിതാംകൂർ സിവിൽ സർവീസ് എന്ന പേരിൽ സ്വന്തമായൊരു സിവിൽ സർവീസ് ഉണ്ടായിരുന്നിട്ടും കേരളം ചില കാരണങ്ങൾ കൊണ്ട് സംസ്ഥാന സിവിൽ സർവീസിലേക്ക് നീങ്ങിയില്ല.

## പരിണാമം

ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭ നിയോഗിച്ച പ്രഥമ ഭരണപരിഷ്കാര കമ്മീഷൻ സംസ്ഥാന സിവിൽ സർവീസ് രൂപീകരിക്കാൻ ശിപാർശ ചെയ്തിരുന്നു. രാഷ്ട്രപതി ഭരണകാലത്ത് എം.കെ. വെള്ളോടി ചെയർമാനായിരുന്ന രണ്ടാം ഭരണപരിഷ്കാര കമ്മീഷനും സിവിൽ സർവീസിന്റെ ആവശ്യകത ആവർത്തിച്ചെങ്കിലും സാക്ഷാത്കരിക്കാൻ കഴിയാതെപോയി. എന്നാൽ ഇ.കെ. നായനാർ നേതൃത്വം നൽകിയ മൂന്നാം ഭരണപരിഷ്കാര കമ്മിഷൻ സംസ്ഥാന സിവിൽ സർവീസിനായി ശിപാർശ ചെയ്യുക മാത്രമല്ല അതിന്റെ ഘടനയും തെരഞ്ഞെടുപ്പ് രീതിയും നിശ്ചയിക്കുകയും ചെയ്തിരുന്നു. ശിപാർശ അംഗീകരിച്ച് 15 വർഷം കഴിഞ്ഞിട്ടും യാതൊന്നും സംഭവിച്ചില്ല. ഉദ്യോഗസ്ഥരുടെ സംഘടിത നേതൃത്വം പല കാരണങ്ങളാൽ ഇതിനെതിരായിരുന്നു. 2014 ൽ അന്നത്തെ ചീഫ് സെക്രട്ടറി ഭരത് ഭൂഷൺ സംസ്ഥാന സിവിൽ സർവീസിനായി നടത്തിയ ശ്രമവും മറ്റു കാരണങ്ങളാലും അലസി.

2016 ലെ ഇടതുമുന്നണി പ്രകടനപത്രികയിൽ സംസ്ഥാന സിവിൽ സർവീസ് എന്ന ആശയം സൂചിപ്പിക്കപ്പെടുകയും പുതിയ സർക്കാരിന്റെ ആദ്യത്തെ നിയമസഭാസമ്മേളനത്തിൽ കേരള ഗവർണർ നയപ്രഖ്യാപന പ്രസംഗത്തിൽ അത് പ്രഖ്യാപിക്കുകയും ചെയ്തു. മുഖ്യമന്ത്രി പിണറായി വിജയൻ ഇത് ആവർത്തിക്കുകയും ചെയ്തു. സർക്കാർ മുതിർന്ന അഡീ. ചീഫ് സെക്രട്ടറിമാരടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചു. എന്നാൽ ഈ കമ്മിറ്റിയ്ക്കും വ്യക്തമായ നിർദ്ദേശം സമർപ്പിക്കാൻ കഴിഞ്ഞില്ല. എന്നാൽ സർക്കാർ ഉറച്ചുനിൽക്കുകയും 2016 ഡിസംബറിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് എന്ന പേരിൽ സംസ്ഥാന സിവിൽ സർവീസ് ആരംഭിക്കാനുള്ള തീരുമാനത്തിന് മന്ത്രിസഭ അംഗീകാരം നൽകുകയും ചെയ്തു.

സർക്കാർ ജീവനക്കാർ പൊതുവിൽ കെ.എ.എസിനെ സർവ്വാത്മനാ സ്വാഗതം ചെയ്തു. മൂന്നു സ്ട്രീമുകളിൽ തെരഞ്ഞെടുപ്പ് നടത്താനായിരുന്നു നിർദ്ദേശം. നേരിട്ടുള്ള നിയമനം, സർക്കാർ സർവീസിലെ പുതുതലമുറ ജീവനക്കാർക്ക് സ്ഥാനം പരിഗണിക്കപ്പെടാതെയുള്ള നിയമനം, യോഗ്യരായ സർക്കാർ ജീവനക്കാരിൽ നിന്നുള്ള സ്ഥാനക്കയറ്റ നിയമനം. ആദ്യ രണ്ടു സ്ട്രീമുകൾ മത്സരപരീക്ഷയെ അടിസ്ഥാനപ്പെടുത്തിയും മൂന്നാം സ്ട്രീമിൽ സ്ഥാനക്കയറ്റം നൽകിയും തിരഞ്ഞെടുപ്പ് നടത്താനായിരുന്നു ആലോചന. പക്ഷേ സർക്കാർ ജീവനക്കാരുടെ സംഘടനകളുമായുള്ള ആലോചനയ്ക്ക് ശേഷം ആശയങ്ങൾ കൂടുതൽ വിപുലപ്പെടുത്തികൊണ്ട് വിശേഷാൽ ചട്ടങ്ങൾ പുറത്തിറക്കി. യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന സിവിൽ സർവീസ് പരീക്ഷയെ മാതൃകയാക്കി മൂന്നു സ്ട്രീമുകളിലേക്കും ഒരേ പരീക്ഷയിലൂടെ റിക്രൂട്ട്മെന്റ് നടത്താനായിരുന്നു അന്തിമതീരുമാനം.

അപ്പോഴും പുതിയ പ്രതിബന്ധം കടന്നുവന്നു. അജ്ഞതയാലോ ദുരുദ്ദേശത്താലോ ചിലർ പുതിയ വ്യാഖ്യാനവുമായി

വന്നു. രണ്ടും മൂന്നും സ്ട്രീമുകൾ തസ്തികമാറ്റ നിയമനമാണെന്നും അതുകൊണ്ടുതന്നെ സംവരണവ്യവസ്ഥകൾ ബാധകമാക്കാൻ കഴിയില്ലെന്നും വാദിച്ചു. തൊഴിൽരംഗത്ത് സാമൂഹ്യനീതിയുടെ അഭിവൃദ്ധിക്ക് കടുത്ത പ്രഹരമാകുമായിരുന്നു ഈ നീക്കം. ഭാഗ്യവശാൽ സർക്കാർ ഈ വീഴ്ച തിരിച്ചറിയുകയും നിർണ്ണായക നിമിഷത്തിൽ ഇത് തിരുത്തുകയും ചെയ്തു (സർക്കാർ തീരുമാനം ഇപ്പോഴും ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലാണ്).

## സംസ്ഥാന സിവിൽ സർവീസിന്റെ പ്രസക്തി

സംസ്ഥാന സിവിൽ സർവീസിന്റെ പ്രസക്തിയും നേട്ടങ്ങളും എടുത്തുപറയേണ്ടതാണ്. കേരളത്തിൽ ഭരണസംവിധാനത്തിന്റെ മധ്യതലത്തിലെ സാമാന്യസ്ഥാനങ്ങളിൽ യുവജനങ്ങൾക്ക് അധികം തൊഴിലവസരങ്ങളില്ല. മിടുക്കരായ യുവജനങ്ങൾക്ക് കെ.എ.എസ്. വിശാലമായ തൊഴിലവസരങ്ങൾ തുറക്കുന്നു. പ്രതിഭാധനരും കഴിവുള്ളവരുമായവർക്ക് മാത്രമേ ഉയർന്ന മത്സരപരീക്ഷയിലൂടെ കടന്നുവരാൻ കഴിയൂവെന്ന് ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിൽ നാം മനസ്സിലാക്കിയതാണ്.

ഭരണത്തിന്റെ കൂട്ടുകക്ഷി സമ്പ്രദായം മൂലമുള്ള സാധാരണയിൽ കവിഞ്ഞ വകുപ്പുതല വിഭജനം കേരളത്തിന്റെ ശാപമാണ്. സിവിൽ സർവീസ് സ്വത്വത്തെ വകുപ്പുതല സ്വത്വം മറികടക്കുന്നതിനാൽ ഫലത്തിൽ ഇത് സർക്കാരിന്റെ കാര്യക്ഷമതയെ സാരമായി ബാധിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥർ സ്വാർത്ഥ താൽപര്യങ്ങൾക്കായി ഒറ്റക്കെട്ടായി നിൽക്കുന്നുവെന്നും പൊതുജനസേവനത്തിൽ ഏർപ്പെടുമ്പോൾ നിരാശാജനകമായി ഭിന്നിക്കപ്പെടുന്നുവെന്നും തമാശയായി പറയാറുണ്ട്. സർക്കാർ വകുപ്പുകളും പൊതുഏജൻസികളും തമ്മിലുള്ള സമവായത്തിന്റെ അഭാവം സർക്കാർ പ്രവർത്തനങ്ങളുടെ വിതരണത്തെ, പ്രത്യേകിച്ച് സാധാരണ ജനങ്ങളുടെ അഭിവൃദ്ധിക്കായുള്ള പ്രവർത്തനങ്ങളുടെ വിതരണത്തെ ബാധിക്കുന്നു.

കെ.എ.എസ്. അതിന്റെ പ്രകൃതം കൊണ്ടുതന്നെ വകുപ്പുവിഭജനത്തിന് അതീതമായ ഒന്നാണ്. ഐ.എ.എസിന്റെ രീതിയനുസരിച്ച് സർവീസ് സ്വത്വത്തിന് വകുപ്പുതല വിശ്വസ്തതയെ നിഷ്പ്രഭമാക്കാൻ കഴിയും. വ്യത്യസ്ത വകുപ്പുകളുടെ വിഭജനത്തെ വെട്ടിച്ചുരുക്കി സംയോജിത പ്രവർത്തനം ഉറപ്പാക്കാൻ കെ.എ.എസിന് കഴിയും.

കാഠിന്യമേറിയ തസ്തികകളിൽ പ്രത്യേകിച്ച് തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി, പട്ടികജാതി/പട്ടികവർഗ്ഗ വികസനം തുടങ്ങിയ വകുപ്പുകളിൽ ജോലി ചെയ്യുന്ന യുവതി-യുവാക്കളെ ഉൾപ്രദേശങ്ങളിൽ ആവശ്യമുണ്ട്. കുടുംബത്തോടുള്ള അനിവാര്യമായ ബാധ്യതകളാൽ ക്ലേശമനുഭവിക്കാത്ത യുവജനങ്ങൾക്ക് ഈ തസ്തികകളിൽ അർപ്പണമനോഭാവത്തോടെ ജോലി ചെയ്യാനുള്ള സാഹചര്യം കെ.എ.എസ്. സ്വയമേവ ഉറപ്പുവരുത്തും. ഈ യുവ ഉദ്യോഗസ്ഥർ കൂടുതൽ ആദർശവാദികളായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

**ഗവ. സെക്രട്ടറിയേറ്റിൽ വലിയ മാറ്റമാണ് പ്രതീക്ഷിക്കുന്നത്. ഐ.എ.എസുകാരായ വിരലിലെണ്ണാവുന്ന ഉദ്യോഗസ്ഥരെ മാറ്റിനിർത്തിയാൽ സെക്രട്ടറിയേറ്റിലെ മിക്ക മുതിർന്ന ഉദ്യോഗസ്ഥർക്കും ഈ മേഖലയിൽ പരിചയക്കുറവുണ്ടെന്ന ധാരണ പരക്കെയുണ്ട്. ഇത് തീർച്ചയായും വികസനപ്രശ്നങ്ങളെക്കുറിച്ചുള്ള അവരുടെ ധാരണയെ ബാധിക്കുകയും നയരൂപീകരണത്തിനുള്ള ഉപദേശത്തിന്റെ ഗുണനിലവാരത്തിൽ പ്രതിഫലിക്കുകയും ചെയ്യും. കെ.എ.എസ്. സെക്രട്ടറിയേറ്റിൽ എത്തുമ്പോൾ ഉദ്യോഗസ്ഥർ ഈ മേഖലയിൽ മികച്ച അനുഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത കൈവരും. കാലക്രമേണ ഉയർന്ന സ്ഥാനങ്ങൾക്കായി കെ.എ.എസ്. ഉദ്യോഗസ്ഥർ പരിഗണിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.**

ഗവ. സെക്രട്ടറിയേറ്റിൽ വലിയ മാറ്റമാണ് പ്രതീക്ഷിക്കുന്നത്. ഐ.എ.എസുകാരായ വിരലിലെണ്ണാവുന്ന ഉദ്യോഗസ്ഥരെ മാറ്റിനിർത്തിയാൽ സെക്രട്ടറിയേറ്റിലെ മിക്ക മുതിർന്ന ഉദ്യോഗസ്ഥർക്കും ഈ മേഖലയിൽ പരിചയക്കുറവുണ്ടെന്ന ധാരണ പരക്കെയുണ്ട്. ഇത് തീർച്ചയായും വികസനപ്രശ്നങ്ങളെക്കുറിച്ചുള്ള അവരുടെ ധാരണയെ ബാധിക്കുകയും നയരൂപീകരണത്തിനുള്ള ഉപദേശത്തിന്റെ ഗുണനിലവാരത്തിൽ പ്രതിഫലിക്കുകയും ചെയ്യും. കെ.എ.എസ്. സെക്രട്ടറിയേറ്റിൽ എത്തുമ്പോൾ ഉദ്യോഗസ്ഥർ ഈ മേഖലയിൽ മികച്ച അനുഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. സെക്രട്ടറിയേറ്റിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത കൈവരും. കാലക്രമേണ ഉയർന്ന സ്ഥാനങ്ങൾക്കായി കെ.എ.എസ്. ഉദ്യോഗസ്ഥർ പരിഗണിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## വെല്ലുവിളികൾ

വെല്ലുവിളികളും ഏറെയാണ്. സമീപ വർഷങ്ങളിൽ സൃഷ്ടിക്കപ്പെട്ട മിക്ക തസ്തികകളും സാങ്കേതികമായി താത്കാലികമെന്ന് തരംതിരിച്ചിരിക്കുന്നതിനാൽ കെ.എ.എസിനുള്ള ഒഴിവുകളുടെ എണ്ണം നിർണയിക്കുന്നത് അത്ര എളുപ്പമല്ല. കൂടാതെ മെറിറ്റ് ഉറപ്പിക്കാൻ സെലക്ഷൻ പരീക്ഷകളുടെ ഗുണനിലവാരം വളരെ ഉയർന്ന നിലയിലായിരിക്കുകയും വേണം. ഒരു പക്ഷേ ഈ നേട്ടം ഇതിനോടകം സ്വായത്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശീലനത്തിന്റെ ഗുണനിലവാരമാണ് കൂടുതൽ പ്രധാനം. വാസ്തവത്തിൽ രണ്ടുവർഷം കൊണ്ട് പ്രദാനം ചെയ്യുന്ന പരിശീലനമാണ് മിടുക്കനായ ഒരു ഐ.എ.എസുകാരനെ വാർത്തെടുക്കുന്നത്. ഫലം അസാധാരണമാംവിധം ഉയർന്നതായിരിക്കുമെന്നതിനാൽ ഈ പരിശീലനത്തിൽ വലിയ നിക്ഷേപം സർക്കാർ നടത്തേണ്ടിയിരിക്കുന്നു.

ഒരു സിവിൽ സർവീസ് ഉദ്യോഗസ്ഥനെ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ നിർണായകഭാഗം അജ്ഞാതനാമത്വം (Anonymtiy), സത്യസന്ധത, നിഷ്പക്ഷത, പ്രൊഫഷണലിസം അതോടൊപ്പം പാവപ്പെട്ടവർക്ക് അനുകൂലമായ സേവനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന മനോഭാവം വളർത്തിയെടുക്കലാണ്. പരിശീലനസമയത്തും ഔദ്യോഗിക ജീവിതത്തിലെ ആദ്യ ഘട്ടത്തിലും ശരിയായ മനോഭാവം വളർത്തിയെടുക്കാനുള്ള അന്തരീക്ഷം ഉണ്ടായിരിക്കണം; ഇത് ബോധപൂർവ്വം വളർത്തിയെടുക്കേണ്ടതുമാണ്.

കെ.എ.എസിന്റെ കേഡർ മാനേജ്മെന്റും വളരെ നിർണായകമാണ്. മികച്ച ഉദ്യോഗകാലാവധിയുള്ള അനുയോജ്യമായ തസ്തികകൾ അവർക്ക് നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. അവരുടെ കരിയർ മുന്നേറ്റം സുതാര്യവും തടസ്സമില്ലാത്തതുമായിരിക്കണം. കൃത്യനിർവ്വഹണത്തിൽ തന്നെ സിവിൽ സർവീസുകാർക്ക് പഠിക്കാനുള്ള മികച്ച അവസരമുണ്ടെങ്കിലും കൃത്യതയാർന്ന, ഉയർന്ന ഗുണനിലവാരമുള്ള പരിശീലനങ്ങളിലൂടെ അവരുടെ കഴിവുകളെ നിരന്തരം നവീകരിക്കേണ്ടതുണ്ട്. ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനുമുമ്പുള്ള പരിശീലനത്തിന്റെ ഭാഗമായ രണ്ട് പ്രാരംഭ ഘട്ടങ്ങൾക്ക് ശേഷം കൂടുതൽ അംഗവിധാനമുള്ള ഘട്ടങ്ങൾ കൂടി (structural phases) അവതരിപ്പിക്കുന്നത് വളരെ ഫലപ്രദമാണ്. ഐ.എ.എസിൽ പിന്തുടരുന്ന മാതൃകയാണിത്. കൂടാതെ വർഷംതോറും നിർബന്ധമില്ലാത്ത പരിശീലനപരിപാടികളുമുണ്ടായിരിക്കണം. ഈ ഒരു സംവിധാനം സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

സംസ്ഥാനരൂപീകരണത്തിനുശേഷമുള്ള ഏറ്റവും വലിയ ഭരണപരിഷ്കാരമാണ് കെ.എ.എസ്.. സിവിൽ സർവീസിന്റെ മുന്നോട്ടുള്ള ഗതിയിൽ വലിയ മാറ്റങ്ങളാണ് ഇതുണ്ടാക്കാൻ പോകുന്നത്. ചുരുങ്ങിയ സമയംകൊണ്ട് മധ്യ തലങ്ങളിൽ വരെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഇത് ഇടവരുത്തും. കേഡർ മാനേജ്മെന്റ് നന്നായി പ്രവർത്തിച്ചാൽ സാമൂഹ്യ മേഖലയിൽ മികവാർന്ന നേട്ടങ്ങളുണ്ടാകും.

കെ.എ.എസിന്റെ ആദ്യ ബാച്ച് പ്രവർത്തനസജ്ജരാകുന്നു; പ്രതീക്ഷകളും ഔന്നത്യത്തിലാണ്. ഉയർന്ന ഗുണനിലവാരമുള്ള പൊതു സേവനത്തിന്റെ പാരമ്പര്യം സൃഷ്ടിക്കാനും അടിത്തറ ഒരുക്കാനും ഈ പ്രാരംഭ ബാച്ചുകളുടെ നിർവ്വഹണത്തിന് സാധിക്കും. ഏതൊരു പൊതുസേവനത്തിന്റെ പ്രസക്തിയും പദവിയും ആത്യന്തികമായി സംഭാവന ചെയ്യുന്നത് പ്രകടനമാണ്; നിർവ്വഹണമാണ്. ●



## ഇതര തൊഴിലിടങ്ങൾ

- കേന്ദ്രസർവീസിൽ വിവിധ തസ്തികകളിലെ 64 ഒഴിവിലേക്കു യൂണിയൻ പബ്ലിക് സർവീസ് കമ്മിഷൻ അപേക്ഷ ക്ഷണിച്ചു. www.upsconline.nic.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ ആയി അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക് www.upsc.gov.in.
  അവസാന തീയതി നവംബർ 11. ആഭ്യന്തരമന്ത്രാലയത്തിൽ അസിസ്റ്റന്റ് ഡയറക്ടർ – ഐ.ടി (29 ഒഴിവ്), പ്രതിരോധ മന്ത്രാലയത്തിൽ സീനിയർ സയന്റിഫിക് ഓഫീസർ ഗ്രേഡ് 2 (16), അസിസ്റ്റന്റ് ഡിഫൻസ് എസ്റ്റേറ്റ് ഓഫീസർ (6) തുടങ്ങിയ തസ്തികകളിലാണ് ഒഴിവ്.
- കേന്ദ്രപ്രതിരോധ വകുപ്പിനു കീഴിൽ ഡിഫൻസ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷന്റെ (ഡി.ആർ.ഡി.ഒ) ചന്ദിപ്പൂർ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ 116 ഗ്രാജുവേറ്റ്/ഡിപ്ലോമ/ട്രേഡ് അപ്രന്റിസ് ഒഴിവിൽ ഒരു വർഷ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. നവംബർ 1 മുതൽ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.
  യോഗ്യത, ഒഴിവ്, അപേക്ഷ സമർപ്പണം തുടങ്ങിയ വിശദവിവരങ്ങൾക്കായി https://rac.gov.in എന്ന വെബ്സൈറ്റ് കാണുക.
- തമിഴ്നാട്ടിലുള്ള എൻ.എൽ.സി. ഇന്ത്യ ലിമിറ്റഡി 56 ഇൻഡസ്ട്രിയൽ ട്രെയിനി (ഫിനാൻസ്)ഒഴിവ്. നവംബർ 1 മുതൽ 22 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.
  യോഗ്യത– സി.എ. ഇന്റർ/സി.എം.എ. ഇന്റർ ജയം.
  വിശദവിവരങ്ങൾക്ക് www.nlcindia.in
- കേന്ദ്ര പ്രതിരോധ വകുപ്പിനു കീഴിലെ ഡിഫൻസ് റിസർച്ച് ആൻഡ് ഡവലപ്മെന്റ് ഓർഗനൈസേഷന്റെ (ഡി.ആർ.ഡി.ഒ) ഡൽഹി ഡിഫൻസ് സയന്റിഫിക് ഇൻഫർമേഷൻ ആൻഡ് ഡോക്യുമെന്റേഷൻ സെന്ററിൽ (DESIDOC) 21 അപ്രന്റിസ് ഒഴിവ്. നവംബർ 13 നകം ഓൺലൈനായി അപേക്ഷിക്കാം.
  യോഗ്യത– ഡിഗ്രി/ഡിപ്ലോമ (ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്, കമ്പ്യൂട്ടർ സയൻസ്)
  വിശദവിവരങ്ങൾക്ക് – www.drdo.gov.in
- പൊതുമേഖലാസ്ഥാപനമായ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ (എഫ്.സി.ഐ.) ഹരിയാന റീജിയണിൽ 380 വാച്ച്മാൻ ഒഴിവ്.
  ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി – 19.11.2021.
  യോഗ്യത, ഫീസ്, തിരഞ്ഞെടുപ്പ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾക്ക് http://fciharyana-watch-ward.in
- ഡഹിയിലെ വല്ലഭായ് പട്ടേൽ ചെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ 71 ഒഴിവിലേക്ക് റഗുലർ നിയമനത്തിനായി നവംബർ 20 വരെ അപേക്ഷിക്കാം. അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, സീനിയർ അസിസ്റ്റന്റ്, ഫാർമസിസ്റ്റ്, അസിസ്റ്റന്റ്, സ്റ്റെനോഗ്രാഫർ, ജൂനിയർ അസിസ്റ്റന്റ്, ഡ്രൈവർ (ഓർഡിനറി ഗ്രേഡ്), ജൂനിയർ എഞ്ചിനീയർ (ഇലക്ട്രിക്കൽ) തുടങ്ങിയ വിവിധ തസ്തികകളിലാണ് അവസരം. വിശദാംശങ്ങൾക്ക് www.vpci.org.in സന്ദർശിക്കുക.
- കേന്ദ്രസർക്കാരിനു കീഴിലെ സ്വയംഭരണ സ്ഥാപനമായ കൊൽക്കത്തയിലെ ഏഷ്യാറ്റിക് സൊസൈറ്റിയിൽ 17 ഒഴിവ്.
  അസിസ്റ്റന്റ് ലൈബ്രേറിയൻ, ലോവർ ഡിവിഷൻ ക്ലർക്ക്, ബൈൻഡർ/മെൻഡർ, ജൂനിയർ അറ്റൻഡന്റ് എന്നീ തസ്തികകളിലാണ് ഒഴിവ്. വിശദാംശങ്ങൾക്ക് http://www.asiaticsocietykolkata.org
- വിവിധ ബാങ്കുകളിൽ പ്രൊബേഷനറി ഓഫീസർ/മാനേജ്മെന്റ് ട്രെയിനി തസ്തികയിലെ നിയമനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിങ് പഴ്സനൽ സെലക്ഷൻ (ഐ.ബി.പി.എസ്.) നടത്തുന്ന പൊതുഎഴുത്ത് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. പതിനൊന്ന് ബാങ്കുകളിലായി 4135 ഒഴിവുകളുണ്ട്.
  യോഗ്യത, പ്രായം, പരീക്ഷ, സിലബസ് എന്നിവയുടെ വിശദാംശങ്ങൾക്കും ഓൺലൈൻ അപേക്ഷ സമർപ്പണത്തിനും www.ibps.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 30-10-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 30.10.2021 അവസാന തീയതി: 01.12.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2011 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിച്ച ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യു അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

**ജനറൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം**

### കാറ്ററി നമ്പർ : 460/2021
### ബയോളജിസ്റ്റ്
### കാഴ്ചബംഗ്ലാവും മൃഗശാലയും

1 **വകുപ്പ്** : കാഴ്ചബംഗ്ലാവും മൃഗശാലയും
2 **ഉദ്യോഗപ്പേര്** : ബയോളജിസ്റ്റ്
3 **ശമ്പളം** : ₹ 37,400 - 79,000/-
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
5 **നിയമന രീതി** നേരിട്ടുള്ള നിയമനം
6 **പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

7. **യോഗ്യതകൾ** : സുവോളജിയിലുള്ള മാസ്റ്റർ ബിരുദം

അല്ലെങ്കിൽ

വൈൽഡ് ലൈഫിലുള്ള മാസ്റ്റർ ബിരുദം

അല്ലെങ്കിൽ

വെറ്ററിനറി സയൻസിലും ആനിമൽ ഹസ്ബൻഡ്രിയിലുമുള്ള ബാച്ചിലർ ബിരുദം.

### കാറ്റഗറി നമ്പർ : 461/2021
### ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക് ഓട്ടോ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്)
### വ്യാവസായിക പരിശീലനം

1. **വകുപ്പ്** : വ്യാവസായിക പരിശീലനം
2. **ഉദ്യോഗപ്പേര്** : ജൂനിയർ ഇൻസ്ട്രക്ടർ (മെക്കാനിക്ക് ഓട്ടോ ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്)
3. **ശമ്പളം** : ₹37,400-79,000/-
4. **ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)

**കുറിപ്പ്:** 3.1.2013ലെ G.O.(P) No. 1/2013/SJD ഉത്തരവനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy, Hearing impairment, Low Vision) സംവരണം ചെയ്തിരിക്കുന്നു.

5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായപരിധി** : 19–44. ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.2002 നും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)
7. **യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം.

2. (എ) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം പ്രസ്തുത ട്രേഡിലുള്ള മൂന്നുവർഷത്തെ പരിചയവും.

അല്ലെങ്കിൽ

(ബി) അനുയോജ്യമായ ട്രേഡിലുള്ള നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റും, സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം ഒരു വർഷത്തെ പരിചയവും.

അല്ലെങ്കിൽ

(സി) ഗവൺമെന്റ് അഥവാ ഗവൺമെന്റ് അംഗീകൃത പോളിടെക്നിക്കിൽനിന്നും അനുയോജ്യമായ എഞ്ചിനീയറിംഗ് ശാഖയിൽ നേടിയ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ്:** (1) അനുയോജ്യമായ/ബന്ധപ്പെട്ട ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡറായുള്ള പരിചയം പ്രസ്തുത ട്രേഡിലുള്ള പരിചയമായി കണക്കാക്കുന്നതാണ്.

(2) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പരിചയ യോഗ്യത വേണമെന്ന വ്യവസ്ഥയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) 2(എ) അല്ലെങ്കിൽ 2(ബി) യോഗ്യതയായി അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ കോവിഡ് മഹാമാരി നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയസർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് സത്യവാങ്മൂലം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

### കാറ്റഗറി നമ്പർ : 462/2021
### റേഡിയോഗ്രാഫർ ഗ്രേഡ് II
### ആരോഗ്യം

1 **വകുപ്പ്** : ആരോഗ്യം
2 **ഉദ്യോഗപ്പേര്** : റേഡിയോഗ്രാഫർ ഗ്രേഡ് II
3 **ശമ്പളം** : ₹ 35600-75400/-
4 **ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7. **യോഗ്യതകൾ** : 1. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ചതും പാരാ മെഡിക്കൽ കൗൺസിൽ, കേരള സർക്കാർ, അറ്റോമിക് എനർജി റഗുലേറ്ററി ബോർഡ് എന്നിവ അംഗീകരിച്ചതുമായ ബി.എസ്.സി (എം.ആർ.ടി) (മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി) ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

അല്ലെങ്കിൽ

2. (എ)പ്രീ ഡിഗ്രിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം അല്ലെങ്കിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ +2 തലത്തിൽ നിർബന്ധ വിഷയങ്ങളായിട്ടുള്ള 10+2 ഹയർ സെക്കന്ററി കോഴ്സോ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള കോഴ്സോ പാസ്സായിരിക്കണം.

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, കേരള ഗവൺമെന്റ് നൽകുന്ന റേഡിയോളജിക്കൽ ടെക്നോളജി (ഡി.ആർ) യിലുള്ള ദ്വിവൽസര ഡിപ്ലോമ കോഴ്സ് പാസ്സായിരിക്കണം. അല്ലെങ്കിൽ അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള തത്തുല്യ യോഗ്യത നേടിയിരിക്കണം.

## കാറ്റഗറി നമ്പർ : 463/2021

## ഇലക്ട്രീഷ്യൻ

## ഭൂജല വകുപ്പ്

**1. വകുപ്പ്** : ഭൂജല വകുപ്പ്
**2. ഉദ്യോഗപ്പേര്** : ഇലക്ട്രീഷ്യൻ
**3. ശമ്പളം** : ₹ 26,500-60700 /-
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
**6. പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും.(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് IIലെ രണ്ടാം ഖണ്ഡിക നോക്കുക.)

**7. യോഗ്യതകൾ** : ഇലക്ട്രീഷ്യൻ ട്രേഡിലുള്ള ഐ.ടി.ഐ. ട്രേഡ് സർട്ടിഫിക്കറ്റ്.

## കാറ്റഗറി നമ്പർ : 464/2021

## പ്ലാന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

## വിഭാഗം I (ജനറൽ കാറ്റഗറി)

**1. സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : പ്ലാന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)
**3. ശമ്പളം** : ₹ 22800-48000 /-
**4. ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതാണ്. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും (Part I) സൊസൈറ്റി വിഭാഗത്തിൽ നിന്നും (Part II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതായിരിക്കും. സൊസൈറ്റി വിഭാഗത്തിനായി മാറ്റിവെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. 1958ലെ കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

3. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

4. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ 1 (ഒന്ന്)വർഷം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ**: 1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീറിംഗിലുള്ള ബിരുദം.

2) റബ്ബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 2 വർഷത്തെ പ്രവൃത്തി പരിചയം.

അല്ലെങ്കിൽ

1) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീറിംഗിലുള്ള ഡിപ്ലോമ

2) റബ്ബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 5 വർഷത്തെ പ്രവൃത്തി പരിചയം.

**കുറിപ്പ്:** 1) ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം:

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3)ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യമായ പരിചയം അപേക്ഷാ തീയതിയിൽ ഉണ്ടായിരിക്കുകയും എന്നാൽ നിലവിൽ കോവിഡ് 19 സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V,VIII,IX, X,XI,XII,XIII എന്നീ ഉപഖണ്ഡികകളും, 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 465/2021

## പ്ലാന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)

## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

**1. സ്ഥാപനം** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
**2. ഉദ്യോഗപ്പേര്** : പ്ലാന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)
**3. ശമ്പളം** : ₹ 22800-48000 /-
**4. ഒഴിവുകളുടെ എണ്ണം** : പ്രതീക്ഷിതം

**കുറിപ്പ്:** 1. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ (Part I ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം) നിന്നും സൊസൈറ്റി വിഭാഗത്തിൽ (Part II കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കായുള്ള വിഭാഗം) നിന്നും, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. 1958ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന ഒഴിവുകളിലേക്ക് ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

3. ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല.

4. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

5. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ 1 (ഒന്ന്) വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18 –50. ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ).

**7. യോഗ്യതകൾ** : 1. അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. i) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീറിംഗിലുള്ള ബിരുദം.

ii) റബ്ബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 2 വർഷത്തെ പ്രവൃത്തി പരിചയം.

അല്ലെങ്കിൽ

i) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക്കൽ എഞ്ചിനീറിംഗിലുള്ള ഡിപ്ലോമ

ii) റബ്ബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 5 വർഷത്തെ പ്രവൃത്തി പരിചയം.

**കുറിപ്പ്:** 1) ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടയാൾ, അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപനപ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

2) ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റ്, പരിചയ സർട്ടിഫിക്കറ്റ് എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യമായ പരിചയം അപേക്ഷാ തീയതിയിൽ ഉണ്ടായിരിക്കുകയും എന്നാൽ നിലവിൽ കോവിഡ്19 സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** പൊതു വ്യവസ്ഥകളിലെ 2, 7 എന്നീ ഖണ്ഡികകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 466/2021

## പോലീസ് കോൺസ്റ്റബിൾ

## പോലീസ്

## (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗ്)

**1. വകുപ്പ്** : പോലീസ് (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗ്)
**2. ഉദ്യോഗപ്പേര്** : പോലീസ് കോൺസ്റ്റബിൾ
**3. ശമ്പളം** : ₹ 22200 - 48000/- (PR)
**4. ഒഴിവുകളുടെ എണ്ണം** : 77 (എഴുപത്തിഏഴ്)

**കുറിപ്പ്:** i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും (04.04.2016 തീയതിയിലെ AV(2)2376/14/GW നമ്പർ വിജ്ഞാപനം, അസാധാരണ ഗസറ്റ് തീയതി 15.04.16). കമ്മീഷന് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

***കുറിപ്പ്:*** *ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.*

**6. പ്രായപരിധി** : 18–26. ഉദ്യോഗാർത്ഥികൾ 02/01/1995 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്** : (i) മറ്റ് പിന്നോക്ക വിഭാഗത്തിൽ പ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 29 വയസ്സ് വരെയും എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 31 വയസ്സ് വരെയും വിമുക്ത ഭടൻമാർക്ക് 41 വയസ്സ് വരെയും ഉയർന്ന പ്രായപരിധിയിൽ ഇളവ് ഉണ്ട്.

(ii) വയസ്സിളവിനെ സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് പൊതു വ്യവസ്ഥയിൽ ഖണ്ഡിക 2 ൽ ചേർത്തിട്ടുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7.യോഗ്യതകൾ :**

**വിദ്യാഭ്യാസ യോഗ്യതകൾ:** എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

**കുറിപ്പ്:** 1. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ സംബന്ധിച്ച് യോഗ്യതയുള്ള മതിയായ എണ്ണം ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ എസ്.എസ്.എൽ.സി പാസ്സാകാത്ത ഉദ്യോഗാർത്ഥികളെ അവർക്ക് സംവരണം ചെയ്തിട്ടുള്ള ക്വാട്ട തികയ്ക്കുന്നതിനായി മാത്രം പരിഗണിക്കുന്നതായിരിക്കും.

**ശാരീരിക യോഗ്യതകൾ:** ഉദ്യോഗാർത്ഥികൾ ശാരീരികക്ഷമതയുള്ളവരും ചുവടെപ്പറയുന്ന ഏറ്റവും കുറഞ്ഞ ശാരീരിക അളവുകൾ ഉള്ളവരുമായിരിക്കണം.

എ) (i) ഉയരം 167 സെ.മീ

(ii) നെഞ്ചളവ് 81 സെ.മീ ഏറ്റവും കുറഞ്ഞ നെഞ്ച് വികാസം 5 സെ.മീ.

**കുറിപ്പ്:** പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞത് 160 സെ.മീ ഉയരവും 76 സെ.മീറ്റർ നെഞ്ചളവും നെഞ്ച് വികാസം 5 സെ.മീറ്ററും ഉണ്ടായിരിക്കേണ്ടതാണ്.

ബി) കാഴ്ചശക്തി:

കണ്ണടവയ്ക്കാതെ താഴെ പറയുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** 1. ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തിഉണ്ടായിരിക്കണം.

2. വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ അനാരോഗ്യകരം ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(സി) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള വൈകല്യങ്ങൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷൻ സമയത്ത് താഴെക്കൊടുത്തിട്ടുള്ള മാതൃകയിൽ കണ്ണട കൂടാതെയുള്ള കാഴ്ചശക്തിയും ശാരീരികയോഗ്യതയും തെളിയിക്കുന്നതിന് സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല. ന്യൂനതകൾ ഉള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതാണ്.

**8. എൻഡ്യൂറൻസ് ടെസ്റ്റ്:** ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന്റെ ആദ്യപടിയായി യോഗ്യത നിർണ്ണയിക്കുന്നതിനായി ഉദ്യോഗാർത്ഥികൾക്കായി ഒരു എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test) നടത്തുന്നതാണ്. 13 മിനിറ്റിനുള്ളിൽ റോഡ് മാർഗ്ഗം 3 കിലോമീറ്റർ ഓടി എത്തി യോഗ്യത തെളിയിക്കേണ്ട പരീക്ഷയാണിത്.

**9. എഴുത്തു പരീക്ഷ/ഒബ്ജക്ടീവ് ടെസ്റ്റ് (ഒ.എം.ആർ) പരീക്ഷ :** എൻഡ്യൂറൻസ് ടെസ്റ്റിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി ഒരു എഴുത്തു പരീക്ഷ/ഒ.എം.ആർ പരീക്ഷ നടത്തുന്നതായിരിക്കും.

**10. ശാരീരികക്ഷമത പരീക്ഷ:** ഒ.എം.ആർ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി ശാരീരികക്ഷമതാ പരീക്ഷ നടത്തുന്നതാണ്. അവർ നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) ഇനങ്ങളിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നം. | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 cms (4'6") |
| 3. | ലോംഗ് ജംപ് | 457.20 cms (15') |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 cms (20') |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 cms (200') |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms (12') |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ്:** (1) ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ തുടർന്നുള്ള തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ മറ്റൊരവസരം നൽകുന്നതല്ല.

(2) കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികളെ പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിക്കുന്ന രീതിയിൽ ഒരു മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതും ഇതിൽ യോഗ്യത നേടാത്തവരെ ഒഴിവാക്കുന്നതുമായിരിക്കും.

**11.ട്രെയിനിംഗ്**

(a) ഇൻഡ്യ റിസർവ്വ് ബറ്റാലിയനിലെ പോലീസ് കോൺസ്റ്റബിൾ (ട്രെയിനി) ആയി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത സിലബസ്സ് പ്രകാരമുള്ള പ്രീസർവ്വീസ് ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

(b) **ബോണ്ട് :** ഈ തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നയാൾ പോലീസ് കോൺസ്റ്റബിൾ ട്രെയിനി ആയി ട്രെയിനിംഗ് പൂർത്തിയാക്കിയശേഷം ഇൻഡ്യ റിസർവ്വ് ബറ്റാലിയനിൽ കുറഞ്ഞപക്ഷം 5 വർഷം സേവിച്ചുകൊള്ളാമെന്നും അല്ലാത്തപക്ഷം 50,000/- (അൻപതിനായിരം) രൂപ അടച്ചുകൊള്ളാമെന്നും വ്യവസ്ഥ ചെയ്യുന്ന ഒരു ബോണ്ട് ഹാജരാക്കേണ്ടതുമാകുന്നു.

(c) **സ്റ്റൈപ്പൻഡ്:** പരിശീലനക്കാലയളവിൽ പോലീസ് കോൺസ്റ്റബിൾ (ഇൻഡ്യ റിസർവ്വ് ബറ്റാലിയൻ) തസ്തികയ്ക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിന് തുല്യമായതോ അല്ലെങ്കിൽ ഗവൺമെന്റ് കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്നതോ ആയ സ്റ്റൈപ്പൻഡിനും അർഹത ഉണ്ടായിരിക്കും.

## കാറ്റഗറി നമ്പർ : 467/2021
## ജൂനിയർ അസിസ്റ്റന്റ്
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം I (ജനറൽ കാറ്റഗറി)

| | | |
|---|---|---|
| **1. സ്ഥാപനം** | : | കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : | ജൂനിയർ അസിസ്റ്റന്റ് |
| **3. ശമ്പളം** | : | ₹ 20180 - 46990 /- |
| **4. ഒഴിവുകളുടെ എണ്ണം** | : | 01 (ഒന്ന്) |

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതാണ്. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും (Part I) സൊസൈറ്റി വിഭാഗത്തിൽ നിന്നും (Part II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതായിരിക്കും. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. 1958ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവുകളിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ ജനറൽ വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

3. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

4. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18 – 40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ**

1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ആർട്സ്, സയൻസ് അല്ലെങ്കിൽ കോമേഴ്സ് ബിരുദം.

2) ജെ.ഡി.സി / എച്ച്.ഡി.സി

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V,VIII,IX,X,XI, XII, XIII എന്നീ ഉപഖണ്ഡികകളും, 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 468/2021
## ജൂനിയർ അസിസ്റ്റന്റ്
## കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

| | | |
|---|---|---|
| **1. സ്ഥാപനം** | : | കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : | ജൂനിയർ അസിസ്റ്റന്റ് |
| **3. ശമ്പളം** | : | ₹ 20180 - 46990 /- |
| **4. ഒഴിവുകളുടെ എണ്ണം** | : | പ്രതീക്ഷിതം |

**കുറിപ്പ്:** 1. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ (Part I ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം) നിന്നും സൊസൈറ്റി വിഭാഗത്തിൽ (Part II കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ജീവനക്കാർക്കായുള്ള വിഭാഗം) നിന്നും, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. 1958ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന ഒഴിവുകളിലേക്ക് ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

3. ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല.

4. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

5. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവ്വീസിനുള്ളിൽ രണ്ട് വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ, അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകളിൽ സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18 – 50. ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ).

**7. യോഗ്യതകൾ :** 1. അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ 3 (മൂന്ന്) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കുകയും അത്തരക്കാർ അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റി സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ആർട്സ്, സയൻസ് അല്ലെങ്കിൽ കോമേഴ്സ് ബിരുദം.

3. ജെ.ഡി.സി / എച്ച്.ഡി.സി

**കുറിപ്പ്:** 1. ബന്ധപ്പെട്ട അപെക്സ്/കേന്ദ്ര സൊസൈറ്റിയിലെ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടയാൾ, അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപനപ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

2. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതി

നുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** പൊതു വ്യവസ്ഥകളിലെ 2, 7 എന്നീ ഖണ്ഡികകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 469/2021

## ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II

## കേരള സംസ്ഥാന പട്ടികജാതി /പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ക്ലിപ്തം

| | | |
|---|---|---|
| 1 | **സ്ഥാപനം** | : കേരള സംസ്ഥാന പട്ടികജാതി / പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ക്ലിപ്തം |
| 2 | **ഉദ്യോഗപ്പേര്** | : ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II |
| 3 | **ശമ്പളം** | : ₹ 20,000-45,800 |
| 4 | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

(ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

(III) 03.01.2013 തീയതിയിലെ G.O.(P) No.01/2013/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ തസ്തികയുടെ 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി ബാധിച്ചവർ, ശ്രവണ വൈകല്യമുള്ളവർ) നീക്കിവെച്ചിരിക്കുന്നു.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായപരിധി** : 18 – 36 ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗക്കാർ/വിധവകൾ എന്നിവർക്ക് നിയമാനുസൃത മായ വയസ്സ് ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവർക്ക് അവരുടെ സർവീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ ഒരു കാരണവശാലും ഇവരുടെ ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (I), (ii), (iii), (iv), (vi), (vii), (xii) & (xiv) നോക്കുക).

**7. യോഗ്യത** : കേരള സർക്കാർ അംഗീകരിച്ചതും മൂന്നുവർഷത്തെ കോഴ്സ് പഠനത്തിനു ശേഷം ലഭിച്ചതുമായ സിവിൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ അല്ലങ്കിൽ തതുല്ല്യ യോഗ്യത.

**8.** പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 7 എന്നീ ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 470/2021

## സെക്യൂരിറ്റി അസ്സിസ്റ്റന്റ്

## കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡ്

| | | |
|---|---|---|
| 1 | **വകുപ്പ്** | : കേരള അഗ്രോ മെഷിനറി കോർപറേഷൻ ലിമിറ്റഡ് |
| 2 | **ഉദ്യോഗപ്പേര്** | : സെക്യൂരിറ്റി അസ്സിസ്റ്റന്റ് |
| 3 | **ശമ്പളം** | : ₹ 8530-16090 |
| 4 | **ഒഴിവുകളുടെ എണ്ണം** | : 03 (മൂന്ന് ) |

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ് :** ഈ ഉദ്യോഗത്തിൽ നിയമിക്കപെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ ആദ്യത്തെ ഒരു വർഷക്കാലം പ്രൊബേഷനിൽ ആയിരിക്കും.

**6 പ്രായ പരിധി** : 18–36; ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i),(ii),(iii),(iv),(vi),(xii)&(xiv)നോക്കുക.)

**7 യോഗ്യതകൾ :**

(1) എസ്.എസ്.എൽ.സി

(2) കരസേനയിലോ നാവിക സേനയിലോ വ്യോമസേനയിലോ എൻ.സി.ഒ ആയി 5(അഞ്ച്) വർഷത്തെ പരിചയം

കുറിപ്പ്:ആർട്ടിലറി/ഇൻഫൻട്രി എന്നീ വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്ക് മുൻഗണന നൽകുന്നതായിരിക്കും.

(3) ഉയരം 5 (അഞ്ച് ) അടി, 6 (ആറ്) ഇഞ്ച് (168 cm), നല്ല ശാരീരിക നില ഉണ്ടായിരിക്കണം (നെഞ്ചളവ് :സാധാരണം : 81 സെ.മീ വികാസം: 5സെ.മീ) (എസ്.സി/എസ്.ടി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും ) (ഉയരം 160 cm, നെഞ്ചളവ് സാധാരണം76 cm, വികാസം5 cm)

ഫിസിക്കൽ ഫിറ്റ്നെസ്സിനെ സംബന്ധിച്ച് ഗവൺമെന്റ് സർവീസിലുള്ള അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപെടുമ്പോൾ ഹാജരാക്കേണ്ടതാണ് .മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു.

**(ഫിസിക്കൽ ഫിറ്റ്നെസ്സിനെ സംബന്ധിച്ചുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

8 (a) പൊതുവ്യവസ്ഥകളിലെ 2-ാം ഖണ്ഡികയിലെ v,vii,viii,ix,x,xi & xiii എന്നീ ഉപഖണ്ഡികകളും ഖണ്ഡികൾ– 5(a),7ഉം മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) നിശ്ചിത യോഗ്യതയുള്ളവരും പ്രായപരിധിക്ക് ഉള്ളിലുള്ളവരുമായ യോഗ്യരായ കായിക താരങ്ങൾക്ക് KAMCO യിലെ സൂപ്പർവൈസറി തസ്തിക ഒഴികെയുള്ള മറ്റു തസ്തികകളിലെ നിയമനങ്ങളിൽ അധിക മാർക്ക് നൽകുന്നതാണ്.

(c) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം വിശേഷാൽ ചട്ടങ്ങൾക്കും (03/02/1993 തീയതിയിലെ സർക്കാർ ഉത്തരവ് (എം എസ്) നമ്പർ 12/93/P&ARD), അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിയ്ക്കും.

## കാറ്റഗറി നമ്പർ : 471/2021

## ഫീൽഡ് ഓഫീസർ

## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

## വിഭാഗം I (ജനറൽ കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : ഫീൽഡ് ഓഫീസർ |
| **3. ശമ്പളം** | : ₹ 4980-12260 /- |
| **4. ഒഴിവുകളുടെ എണ്ണം** | : 02 (രണ്ട്) |

**കുറിപ്പ്:** 1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡൽ നിന്നും ഫീൽഡ് ഓഫീസർ തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട 04 ഒഴിവുകളെ 1 : 1 എന്ന അനുപാതത്തിൽ (ജനറൽ 02, സൊസൈറ്റി 02) വിഭജിച്ചപ്പോൾ ജനറൽ വിഭാഗത്തിനായി മാറ്റി വച്ചതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് ജനറൽ വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ ഓപ്പൺമാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവിട്ട് യാഥാക്രമം നിയമനശുപാർശ നടത്തുന്നതും ആദ്യ നിയമന ശുപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശുപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2) മേൽ പരാമർശിച്ചിരിക്കുന്ന ഒഴിവിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ ജനറൽ വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ റാങ്ക് പട്ടികയിൽനിന്നും നിയമനം നടത്തുന്നതാണ്.

3) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

4) കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18 – 40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** 1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ :** 1) ബി.എസ്.സി (കെമിസ്ട്രി/ബോട്ടണി)

2)ഫെർട്ടിലൈസർ അഗ്രിക്കൾച്ചർ ഇൻപുട്ട് മാർക്കറ്റിങ് യൂണിറ്റിലെ സെയിൽസ് ഡിവിഷനിൽ 2 (രണ്ട്) വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം.

**കുറിപ്പ്:** 1) ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്** : (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യമായ പരിചയം അപേക്ഷാ തീയതിയിൽ ഉണ്ടായിരിക്കുകയും എന്നാൽ നിലവിൽ കോവിഡ്19 സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ താഴെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

8. പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5(a), 7 ഉം ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 472/2021

## ഫീൽഡ് ഓഫീസർ

## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : ഫീൽഡ് ഓഫീസർ |
| **3. ശമ്പളം** | : ₹ 4980-12260 /- |
| **4. ഒഴിവുകളുടെ എണ്ണം** | : 02 (രണ്ട്) |

**കുറിപ്പ്:** 1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ്, കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡൽ നിന്നും ഫീൽഡ് ഓഫീസർ തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യപ്പെട്ട 04 ഒഴിവുകളെ 1 : 1 എന്ന അനുപാതത്തിൽ (ജനറൽ 02, സൊസൈറ്റി 02) വിഭജിച്ചപ്പോൾ സൊസൈറ്റി വിഭാഗത്തിനായി മാറ്റി വച്ചതാണ്. ടി സ്ഥാപനത്തിൽ നിന്നും ഈ റാങ്ക് ലിസ്റ്റിന്റെ കാലയളവിനുള്ളിൽ ഫീൽഡ് ഓഫീസർ തസ്തികയിലേക്ക് തുടർന്നും ഒഴിവുകൾ അറിയിക്കുകയാണെങ്കിൽ മേൽ വിഭജനത്തിന്റെ തുടർച്ചയായി ഒഴിവുകളെ വിഭജിച്ച് സൊസൈറ്റി വിഭാഗത്തിന് ലഭിക്കുന്ന ഒഴിവുകൾ ഈ ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. ജനറൽ ഓപ്പൺമാർക്കറ്റ് ഉദ്യോഗാർത്ഥികളുടെയും മെമ്പർ സൊസൈറ്റി ജീവനക്കാരുടെയും റാങ്ക് ലിസ്റ്റുകളിൽ നിന്നും ഉദ്യോഗാർത്ഥികളെ ഒന്നിടവി

ട്ട് യാഥാക്രമം നിയമനശുപാർശ നടത്തുന്നതും ആദ്യ നിയമന ശുപാർശ ജനറൽ ഓപ്പൺ മാർക്കറ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതുമാണ്. ഗവൺമെന്റ് വകുപ്പുകളിലെയും പൊതു മേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേയ്ക്ക് കമ്മീഷൻ നിയമന ശുപാർശ നടത്തുന്നതു പോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കുവേണ്ടി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല. കെ.എസ് & എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14–17 പ്രകാരമുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2). മേൽപരാമർശിച്ചിരിക്കുന്ന ഒഴിവിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി മൂന്ന് വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ലായെങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെങ്കിലും നിയമനത്തിനായി തെരഞ്ഞടുക്കപ്പെടുന്നതുവരയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

3) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

4) കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18–50, ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും അംഗമായിട്ടുള്ളതുമായ സൊസൈറ്റികളിൽ, ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമനതീയതിയിലും കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിന്റെ മെമ്പർ സൊസൈറ്റികളിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം

2) ബി.എസ്.സി(കെമിസ്ട്രി/ബോട്ടണി)

3) ഫെർട്ടിലൈസർ അഗ്രിക്കൾച്ചർ ഇൻപുട്ട് മാർക്കറ്റിങ് യൂണിറ്റിലെ സെയിൽസ് ഡിവിഷനിൽ 2 (രണ്ട്) വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം.

**കുറിപ്പ്:** 1. ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയുക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3) ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യമായ പരിചയം അപേക്ഷാ തീയതിയിൽ ഉണ്ടായിരിക്കുകയും എന്നാൽ നിലവിൽ കോവിഡ്19 സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ താഴെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**9.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5(a), 7 ഉം ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 473/2021
## പ്യൂൺ/അറ്റൻഡർ
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം I (ജനറൽ കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : പ്യൂൺ/അറ്റൻഡർ |
| **3. ശമ്പളം** | : ₹ 4220-10180 /- |
| **4. ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:** 1. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയ്ക്കായി അറിയിക്കുന്ന ഒഴിവുകൾ, ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം), സൊസൈറ്റി കാറ്റഗറി (കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കായുള്ള വിഭാഗം) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. 1958ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. മേൽ പരാമർശിച്ചിരിക്കുന്ന ഒഴിവിലേക്കും റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ, ജനറൽ വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന ഒഴിവുകളിലേക്കും ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

3.ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

4. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

5. 03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy/Hearing Impairment/Low Vision/Blindness) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18 – 40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്** : 1) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ** : ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5(a), 7 ഉം ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 474/2021
## പ്യൂൺ/അറ്റൻഡർ
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം II (സൊസൈറ്റി കാറ്റഗറി)

| | |
|---|---|
| **1. സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| **2. ഉദ്യോഗപ്പേര്** | : പ്യൂൺ/അറ്റൻഡർ |
| **3. ശമ്പളം** | : ₹ 4220-10180 /- |
| **4. ഒഴിവുകളുടെ എണ്ണം** | : പ്രതീക്ഷിതം |

**കുറിപ്പ്** : 1. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽനിന്നും ഈ തസ്തികയ്ക്കായി അറിയിക്കുന്ന ഒഴിവുകൾ, ജനറൽ കാറ്റഗറി (ജനറൽ ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികൾക്കായുള്ള വിഭാഗം), സൊസൈറ്റി കാറ്റഗറി (കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിലെ ജീവനക്കാർക്കായുള്ള വിഭാഗം) വിഭാഗങ്ങൾക്ക് 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ആദ്യ ഊഴം ജനറൽ വിഭാഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്. 1958ലെ കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. റാങ്ക് പട്ടിക പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ച് കിട്ടുന്ന ഒഴിവുകളിലേക്ക് ഈ റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതാണ്.

3.ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

4 കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ ഒരു വർഷക്കാലം പ്രൊബേഷനിലായിരിക്കും.

5. 03/01/2013ലെ GO(P)No. 1/2013/SJD ഉത്തരവ് അനുസരിച്ച് 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disabiltiy/Cerebral Palsy/Hearing Impairment/Low Vision/Blindness) സംവരണം ചെയ്തിരിക്കുന്നു.

**5. നിയമനരീതി** : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തുവരുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18–50, ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ** : 1) അപേക്ഷകന്/അപേക്ഷകയ്ക്ക് കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതും അംഗമായിട്ടുള്ളതുമായ സൊസൈറ്റികളിൽ, ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതും അത്തരക്കാർ അപേക്ഷ തീയതിയിലും നിയമനതീയതിയിലും കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിന്റെ മെമ്പർ സൊസൈറ്റികളിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം

2) ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം

**കുറിപ്പ്:** 1. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽനിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി, സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ്, സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ സർവ്വീസ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V, VIII, IX, X, XI, XII, XIII എന്നീ ഉപഖണ്ഡികകളും ഖണ്ഡിക 5(a), 7 ഉം ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## ജനറൽ റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്റഗറി നമ്പർ : 475/2021
## ഹൈസ്ക്കൂൾ ടീച്ചർ (ഗണിതശാസ്ത്രം) (തമിഴ് മാധ്യമം)
## വിദ്യാഭ്യാസം

| | |
|---|---|
| **1 വകുപ്പ്** | : വിദ്യാഭ്യാസം |
| **2 ഉദ്യോഗപ്പേര്** | : ഹൈസ്ക്കൂൾ ടീച്ചർ (ഗണിതശാസ്ത്രം) (തമിഴ് മാധ്യമം) |
| **3 ശമ്പളം** | : ₹ 29200-62400/-(PR) |
| **4 ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ കൊല്ലം 1 (ഒന്ന് ) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം കൊല്ലം ജില്ലയിലേക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) 03.01.2013 ലെ GO(P)No. 01/2013/SJD, 26.11.2018 ലെ GO(P)No.20/2018/SJD, 7.5.19 ലെ GO(P)No.5/2019/SJD എന്നീ ഉത്തരവുകൾ പ്രകാരം ടി തസ്തികയുടെ 3% ഒഴിവുകൾ Locomo-

tor Disabiltiy / Cerebral palsy, Hearing impairment, Low vision എന്നീ ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.
(iv) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ കൊല്ലം ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം.

**6 പ്രായപരിധി** : 18–40, ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പടെ). പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്** : യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് II, പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ :**
1. കേരളത്തിലെ സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ മാത്തമാറ്റിക്സിലോ, സ്റ്റാറ്റിസ്റ്റിക്സിലോ ഉള്ള ബിരുദം ഉണ്ടായിരിക്കണം. കൂടാതെ ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ ആയ B.Ed/BT ബിരുദവും ഉണ്ടായിരിക്കണം.
2. കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/പി.എച്ച്ഡി./ഏതെങ്കിലും വിഷയത്തിൽ എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ കെടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. [G.O.(P)No.145/16/G.Edn തീയതി 30.08.2016. G.O(P)No. 206/16/G.Edn തീയതി 08.12.2016, GO(P).No.15/2020/GEdn dtd 09.10.2020].

3. I (i) തമിഴ് ഒന്നാം ഭാഷയായോ രണ്ടാം ഭാഷയായോ പഠിച്ച് എസ്.എസ്.എൽ.സി/ പ്ലസ് ടു/ പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

(ii) തമിഴ് ഭാഷയിലുള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം നേടിയിരിക്കണം.
മുകളിൽ (i), (ii) എന്നിവയിൽ പരാമർശിച്ചിട്ടുള്ള യോഗ്യതകളുടെ അഭാവത്തിൽ അവയുടെ തത്തുല്യ യോഗ്യതകളും പരിഗണിക്കുന്നതാണ്. (G.O.(P)No.166/16/G.Edn. തീയതി 30.09.2016).

**കുറിപ്പ്** : (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.
(ii) മാത്തമാറ്റിക്സ്/ സ്റ്റാറ്റിസ്റ്റിക്സിൽ ബിരുദാനന്തബിരുദം നേടിയവർക്കും ബന്ധപ്പെട്ട വിഷയത്തിൽതന്നെ ബി.എഡ്/ബി.റ്റി ബിരുദമുള്ള പക്ഷം ഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
(iii) നാഷണൽ കൗൺസിൽ ഫോർ റൂറൽ ഹയർ എഡ്യൂക്കേഷൻ നൽകിയിട്ടുള്ള റൂറൽ സർവ്വീസ് ഡിപ്ലോമയും ഡിഗ്രിക്ക് തുല്യമായി ഈ തസ്തികയ്ക്ക് പരിഗണിക്കുന്നതാണ്.
(iv) NCERT യുടെ മൈസൂറിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ നടത്തുന്ന ഫിസിക്സ് കെമിസ്ട്രി ഗണിതശാത്രം സ്ട്രീമിലെ B.Sc Ed യോഗ്യത നേടിയവർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ് (GO (P) No 117/13/G Edn dtd 30.3.2013).
(v) ബിരുദത്തിന്/ബിരുദാനന്തര ബിരുദത്തിന് ഐച്ഛികമായി പഠിച്ച വിഷയവും ഏതു വിഷയത്തിലാണ് ബി.എഡ്/ബി.റ്റി ലഭിച്ചിട്ടുള്ളതെന്നും അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.
(vi) ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തമിഴിൽ വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതും ആയത് ഇന്റർവ്യൂ സമയത്ത് പരിശോധിക്കുന്നതുമാണ്. എഴുത്ത് പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് തമിഴിൽ ആയിരിക്കും. ഉത്തരങ്ങളും തമിഴിൽ തന്നെ എഴുതേണ്ടതാണ്

**8.** പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ : (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽനിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജവാന്റെ ഭാര്യയാണെന്നുള്ള വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]
(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽനിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനകാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിൽനിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ. (എം.എസ്) നം 315/62 എഡ്യു. തീയതി 14.05.62)
(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) നം 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975)
(iv) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) നം 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) നം 466/70/എഡ്യൂ തീയതി 11.11.1970].

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതു വ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ വെയിറ്റേജ് ആന്റ് പ്രിഫറൻസ്സ് ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 476/2021
## ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)
## വിദ്യാഭ്യാസം

| | | |
|---|---|---|
| **1. വകുപ്പ്** | : | വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : | ഫുൾ ടൈം ജൂനിയർ ലാംഗേജ് ടീച്ചർ (സംസ്കൃതം) |
| **3. ശമ്പളം** | : | ₹ 25200-54000/ (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ<br>മലപ്പുറം 04<br>കോഴിക്കോട് 04 |

**കുറിപ്പ്:** i) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലക്കായും വെവ്വേറെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്.
ii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ധിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ വിജ്ഞാപനപ്രകാരം ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല ഇതിന് വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടാൻ ഇടയായതോ ആയി തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.
iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
iv) ഈ തസ്തികയുടെ 4 % ഒഴിവുകൾ ചലന വൈകല്യം/സെറിബ്രൽ പാൾസി, ശ്രവണ വൈകല്യം, കാഴ്ച ശക്തി കുറഞ്ഞവർ, ഓട്ടിസം/മാനസിക വൈകല്യം/പഠന വൈകല്യം/ശ്രവണ വൈകല്യം, കാഴ്ച വൈകല്യം ഉൾപ്പെടെ മുകളിൽ പരാമർശിച്ച ഐഡന്റിഫൈഡ് കോംബിനേഷൻസിന്റെ സമ്മിശ്ര വൈകല്യം എന്നീ ഭിന്നശേഷി വിഭാഗക്കാർക്കായി 25.08.2020 ലെ GO (P) No .19/ 2020 / SJD സർക്കാർ ഉത്തരവ് പ്രകാരം നീക്കി വച്ചിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18–40. (ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും മറ്റ്പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവുണ്ടായിരിക്കും.

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. (GO (MS) 232/09/ Gen edn dated 30/11/2009 )
2) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ സംസ്കൃതത്തിലുള്ള ബിരുദം

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (സംസ്കൃതം) പഠനത്തിലുള്ള ടൈറ്റിൽ.

അല്ലെങ്കിൽ

കേരള സർക്കാർ നൽകുന്ന സംസ്കൃത ഭാഷയിലുള്ള ഓറിയന്റൽ സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നടത്തുന്ന സംസ്കൃതത്തിലുള്ള പ്രിലിമിനറി പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകളുടെ കീഴിൽ പ്രവർത്തിക്കുന്ന സംസ്കൃത കോളേജിൽ നിന്നുള്ള പ്രീ യൂണിവേഴ്സിറ്റി അല്ലെങ്കിൽ പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മിഷണർ നടത്തുന്ന സംസ്കൃത ടിച്ചർ പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകളുടെ കീഴിൽ പ്രവർത്തിക്കുന്ന ആർട്സ് അല്ലെങ്കിൽ സയൻസ് കോളേജിൽ നിന്നും പ്രീഡിഗ്രി പരീക്ഷ, സംസ്കൃതം (സാഹിത്യം) സംസ്കൃതം (ശാസ്ത്രം) ഐച്ഛിക വിഷയങ്ങളായി പഠിച്ച് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നടത്തുന്ന സംസ്കൃത സാഹിത്യം, സംസ്കൃത ശാസ്ത്രം, ഹിസ്റ്ററി, ഇക്കണോമിക്സ് എന്നിവ കോമ്പിനേഷനായുള്ള പ്ലസ് 2 കോഴ്സ് പാസ്സായിരിക്കണം.
(ജി. ഒ (എം.എസ് ) നം .155/2007/പൊ.വി.വ തീയതി 17.08.2007.
3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.
എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O.(P) No.145/16/G.Edn. തീയതി 30.08.2016, G.O.(P)No.206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്** 1. GO (P) No.15/2020/G.Edn dated 09/10/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTETന് പകരം നിശ്ചയിച്ചിട്ടുള്ള MEd ബന്ധപ്പെട്ട വിഷയത്തിലാവണം എന്ന് നിർബന്ധമില്ല.
2. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

**8.** പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ : (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. (ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966) ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.
(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975)

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, താഴെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 477/2021
## ഫിറ്റർ
## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

| | | |
|---|---|---|
| **1. വകുപ്പ്** | : | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| **2. ഉദ്യോഗപ്പേര്** | : | ഫിറ്റർ |
| **3. ശമ്പളം** | : | ₹18,000-41,500 |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ.<br>പാലക്കാട് (01) ഒന്ന് |

**കുറിപ്പ്:** (i) ഈ വിജ്ഞാപനപ്രകാരം മുകളിൽ സൂചിപ്പിച്ച ജില്ലയിലേക്ക് പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്.
(ii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും

നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991ലെ ജി.ഒ.(പി) നം.36/91/പി.ആന്റ് എ.ആർ.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്ന താണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർഥികൾ മുകളിൽ ഒഴിവു രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായപരിധി** : 18–39 ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് കകലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**

1) മൂന്നാം ഫോറമോ അല്ലെങ്കിൽ ഏഴാം സ്റ്റാൻഡേർഡോ പാസ്സായിരിക്കണം.

2) ഫിറ്റർ ട്രേഡിലുള്ള ഐ.റ്റി.ഐ സർട്ടിഫിക്കറ്റ്.

**കുറിപ്പ് :** 03.01.2013 G.O(P) No.1/2013/SJD ഉത്തരവ് അനുസരിച്ച് fresh ഒഴിവുകളുടെ 3%, Locomotor disabiltiy/cerebral pasly,Hearing Impairment എന്നീ വിഭാഗങ്ങളിൽപ്പെട്ട ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികൾക്ക് സംവരണം ചെയ്തിരിക്കുന്നു. 3% ഭിന്നശേഷി സംവരണത്തിന് Blindness/Low vision വിഭാഗത്തിലുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർഥികളെ identify ചെയ്തിട്ടില്ലാത്തതിനാൽ ടി വിഭാഗക്കാർ ടി തസ്തികയിലേക്ക് അപേക്ഷ അയക്കുവാൻ അർഹതയില്ല.

## സ്പെഷ്വൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

### കാറ്റഗറി നമ്പർ : 478/2021–479/2021
### നോൺ വൊക്കേഷണൽ ടീച്ചർ (വിവിധ വിഷയങ്ങളിൽ) (സീനിയർ) (സ്പെഷ്വൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്ന് മാത്രം)
### കേരള വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷൻ

1 **വകുപ്പ്** : കേരള വൊക്കേഷണൽ ഹയർസെക്കന്ററി എഡ്യൂക്കേഷൻ

2 ഉദ്യോഗപ്പേര് : നോൺ വൊക്കേഷണൽ ടീച്ചർ (വിവിധ വിഷയങ്ങളിൽ) (സീനിയർ) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്ന് മാത്രം)

3 **ശമ്പളം** : ₹ 39,500-83,000/-

4 **ഒഴിവുകളുടെ എണ്ണം** : 03 (മൂന്ന്) (താഴെ പറയുന്ന വിഷയങ്ങളിൽ)

| ക്രമ നമ്പർ | കാറ്റഗറിനമ്പർ | വിഷയം | ഒഴിവുകൾ |
|---|---|---|---|
| 1 | 478/2021 | ഫിസിക്സ് | 02(രണ്ട് ) |
| 2 | 479/2021 | കെമിസ്ട്രി | 01 (ഒന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

5 **നിയമനരീതി** : നേരിട്ടുള്ള നിയമനം
(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്ന് മാത്രം ).

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

6 **പ്രായപരിധി** : 23–45
(ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.1998നും ഇടയിൽ ജനിച്ചവരായിരിക്കണം. രണ്ട് തീയതികളും ഉൾപ്പെടെ).
(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നുംഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സു വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

7 **യോഗ്യതകൾ:**

i) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും 45% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ (ഫിസിക്സ്, കെമിസ്ട്രി ഇവയിൽ ഏതു വിഷയത്തിലാണോ അപേക്ഷിക്കുന്നത് ആ വിഷയത്തിൽ) നേടിയ ബിരുദാനന്തര ബിരുദം/അല്ലെങ്കിൽ കേരളത്തിലെ ഒരു സർവ്വകലാശാല അംഗീകരിച്ച തത്തുല്യ യോഗ്യത

ii 1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ച യോഗ്യത.

2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ്. ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ്. (കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയുടെ ആക്ടുകളിലും സ്റ്റാറ്റ്യൂട്ടുകളിലും നിർദ്ദേശിച്ചിട്ടുള്ള പ്രകാരമായിരിക്കണം.)

3) മുകളിൽ ഇനം 1 ഉം 2 ഉം സൂചിപ്പിച്ചിട്ടുള്ള ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ്. ബിരുദം അല്ലെങ്കിൽ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച യോഗ്യത

iii കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ നോൺ വൊക്കേഷണൽ അദ്ധ്യാപക തസ്തികയ്ക്കായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസായിരിക്കണം.

**കുറിപ്പ്:** കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ ബി.എഡ്. യോഗ്യത നേടിയിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ഇളവുകൾ:** 1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ നോൺ വൊക്കേഷണൽ അദ്ധ്യാപകതസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2) HSST തസ്തികയുടെ നിയമനത്തിനായി കേരള സർക്കാർ നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിട്ടുള്ളവരെ നോൺ വൊക്കേഷണൽ അധ്യാപക തസ്തികയ്ക്ക് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്

3) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിച്ചിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

4) പി.എച്ച്.ഡി./എം.എഡ്/എം.ഫിൽ. എന്നീ യോഗ്യതകൾ ഉള്ള ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ എം.ഫിൽ. കേരളത്തിലെ ഏതെങ്കിലും അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയതോ അല്ലെങ്കിൽ തത്തുല്യമായി കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ചതോ ആയിരിക്കണം.

5) നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും പി.എച്ച്.ഡി തീസിസ് സമർപ്പിച്ചവരെയും/എംഫിൽ പാസ്സായവരെയും കാലാകാലങ്ങളിൽ യു. ജി. സി എത്ര കാലം ഒഴിവാക്കുന്നുവോ അത്രയും കാലയളവിലേയ്ക്ക് SET പാസായിരിക്കണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**വിശദീകരണം:** നോൺ വൊക്കേഷണൽ ടീച്ചർ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഓരോ വിഷയത്തിലും ആഴ്ചയിൽ പതിനഞ്ച് പീരിയഡോ അതിൽ കൂടുതലോ അദ്ധ്യാപനം ചെയ്യേണ്ട തസ്തിക എന്നാണ്.

8. പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

9. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെകേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്വൽ റിക്രൂട്ട്മെന്റ് ജില്ലാതലം

### കാറ്റഗറി നമ്പർ : 480/2021
### ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
### ആരോഗ്യം

**1. വകുപ്പ്** : ആരോഗ്യം

**2. ഉദ്യോഗപ്പേര്** : **ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II** (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)

**3. ശമ്പളം** : ₹ 41,300- 87,000/-

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ :
പത്തനംതിട്ട 1 (പട്ടികവർഗ്ഗം)

**കുറിപ്പ്:** (i) ഈ വിജ്ഞാപന പ്രകാരം പത്തനംതിട്ട ജില്ലയ്ക്കായി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനു വേണ്ടി പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ G.O (M.S)154/71/PDലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ G.O (M.S) 4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.
(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രമുള്ള പ്രത്യേക നിയമനം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18–41. ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:**

1. പൊതു യോഗ്യത: സയൻസ് വിഷയത്തിലുള്ള പ്ലസ് ടു കോഴ്സ്
അല്ലെങ്കിൽ
അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുള്ള തത്തുല്യ യോഗ്യത.

2. സാങ്കേതിക യോഗ്യത: ആരോഗ്യ വകുപ്പ് ഡയറക്ടർ അല്ലെങ്കിൽ കേരള സർക്കാർ അംഗീകരിച്ച മറ്റേതെങ്കിലും സ്ഥാപനംനടത്തുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് .

3. കേരള പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ.

**8.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (കേരളസ്റ്റേറ്റ്ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെരണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെസംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾഈതെരഞ്ഞെടുപ്പിന്ബാധകമല്ല.

**9.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേകസംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 ലെജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി.എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാംഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

### കാറ്റഗറി നമ്പർ : 481/2021
### ഹവിൽദാർ (ആംഡ് പോലീസ് ബറ്റാലിയൻ) (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)
### കേരള പോലീസ് സർവ്വീസ്

1 **വകുപ്പ്** : കേരള പോലീസ് സർവ്വീസ്

2 **ഉദ്യോഗപ്പേര്** : ഹവിൽദാർ (ആംഡ് പോലീസ് ബറ്റാലിയൻ) (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)
(**കുറിപ്പ്:** ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും വനിതാ ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.)

3 **ശമ്പളം** : ₹ 27800-59400/

4 **ഒഴിവുകളുടെ എണ്ണം** : ബറ്റാലിയൻ തിരിച്ച്

| | |
|---|---|
| തിരുവനന്തപുരം (എസ്.എ.പി) | 2 |
| പത്തനംതിട്ട (കെ.എ.പി III) | 2 |
| ഇടുക്കി (കെ.എ.പി V) | 1 |
| എറണാകുളം (കെ.എ.പി I) | 2 |
| തൃശ്ശൂർ (കെ.എ.പി II) | 2 |
| മലപ്പുറം (എം.എസ്.പി) | 2 |
| കാസർഗോഡ് (കെ.എ.പി IV) | 2 |

| ക്രമ | ബറ്റാലിയൻ | പ്പെടുന്ന ജില്ലകളും പോലീസ് നിയമനച്ചുമതല ജില്ലകളും | ബറ്റാലിയൻ ഉൾപ്പെടുന്ന നം. യുള്ള പി.എസ്.സി ജില്ലാ ഓഫീസ് |
|---|---|---|---|
| 1. | എസ്.എ.പി | തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി, റൂറൽ പോലീസ് ഡിസ്ട്രിക്റ്റ്) | തിരുവനന്തപുരം |
| 2. | കെ.എ.പി III | കൊല്ലം, ആലപ്പുഴ, പത്തനംതിട്ട റവന്യൂ ജില്ലകൾ (കൊല്ലം, ആലപ്പുഴ, പത്തനംതിട്ട പോലീസ് ഡിസ്ട്രിക്റ്റുകൾ) | പത്തനംതിട്ട |
| 3. | കെ.എ.പി V | കോട്ടയം, ഇടുക്കി റവന്യൂ ജില്ലകൾ (കോട്ടയം, ഇടുക്കി എന്നീ പോലീസ് ഡിസ്ട്രിക്റ്റുകൾ) | ഇടുക്കി |
| 4. | കെ.എ.പി I | എറണാകുളം റവന്യൂ ജില്ല (കൊച്ചി സിറ്റി ആന്റ് എറണാകുളം റൂറൽ പോലീസ് ഡിസ്ട്രിക്റ്റുകൾ) | എറണാകുളം |
| 5. | കെ.എ.പി II | തൃശ്ശൂർ, പാലക്കാട് റവന്യൂ ജില്ലകൾ (തൃശ്ശൂർ, പാലക്കാട് പോലീസ് ഡിസ്ട്രിക്റ്റുകൾ) | തൃശ്ശൂർ |
| 6. | എം.എസ്.പി | മലപ്പുറം, കോഴിക്കോട് റവന്യൂ ജില്ലകൾ (മലപ്പുറം പോലീസ് ഡിസ്ട്രിക്റ്റ്, കോഴിക്കോട് സിറ്റി ആന്റ് റൂറൽ പോലീസ് ഡിസ്ട്രിക്റ്റുകൾ) | മലപ്പുറം |
| 7. | കെ.എ.പി IV | കണ്ണൂർ, വയനാട്, കാസർഗോഡ് റവന്യൂ ജില്ലകൾ (കണ്ണൂർ, വയനാട്, കാസർഗോഡ് പോലീസ് ഡിസ്ട്രിക്റ്റുകൾ) | കാസർഗോഡ് |

ഈ തെരഞ്ഞെടുപ്പ് ബറ്റാലിയനടിസ്ഥാനത്തിൽ നടത്തുന്നതായിരിക്കും. വിവിധ ബറ്റാലിയനിലേയ്ക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മുകളിൽ ബറ്റാലിയനു നേരെ കാണിച്ചിട്ടുള്ള ഡി.എ.ആറിലേയ്ക്ക് മാത്രമേ സ്ഥലമാറ്റം അനുവദിയ്ക്കുകയുള്ളു.

**കുറിപ്പ് :** (i) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ ഒന്നിൽ കൂടുതൽ ബറ്റാലിയനുകളിലേക്ക് അപേക്ഷിക്കുവാൻ പാടില്ല.

(ii) ഈ വിജ്ഞാപനപ്രകാരം ബറ്റാലിയനടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് പട്ടിക പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഒരുവർഷം ആയിരിക്കും. ഈ വിജ്ഞാനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽ സൂചിപ്പിച്ച ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് പട്ടികവർഗ വിഭാഗങ്ങൾക്ക് മാത്രമായി എഴുതി അറിയിക്കുക കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ളനിയമനം (ബറ്റാലിയൻ തിരിച്ച്) (പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)

**കുറിപ്പ് :** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുളളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 20–36, ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകളിലെ 2–ാം ഖണ്ഡിക ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7. യോഗ്യതകൾ:**

1) **വിദ്യാഭ്യാസ യോഗ്യത :**

i) എസ്.എസ്.എൽ.സി. പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

ii) എസ്എസ്എൽസി യോഗ്യതയുള്ളവരുടെ അഭാവത്തിൽ കാട്ടതികയ്ക്കുന്നതിനായി എസ്.എസ്.എൽ.സി. വിജയിക്കാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

**2) ശാരീരിക യോഗ്യത :**

(a) ഉയരം : കുറഞ്ഞത് 160 സെ.മീ,

(b) നെഞ്ചളവ് : കുറഞ്ഞത് 76സെ.മീ (കുറഞ്ഞത് 5 സെ.മീ വികാസത്തോടെ )

(c) കാഴ്ചശക്തി താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലത് | ഇടത് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ് :** (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം.

(2) കളർ ബ്ലൈൻഡ്നസ്, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(3) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയപല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്.

മുകളിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾക്കു പുറമെ ഓരോ ഉദ്യോഗാർത്ഥിയേയും ശാരീരിക ക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

കുറിപ്പ് : ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവ് കായിക ക്ഷമതാ പരീക്ഷയ്ക്ക് മുൻപ് എടുക്കുന്നതാണ്. നിശ്ചിത അളവ് ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥിക്ക് കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്** : കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**ട്രെയിനിംഗ്:** ഹവിൽദാർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി തിരഞ്ഞെടുക്കുപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ വച്ചോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ, സംസ്ഥാന പോലീസ് മേധാവിയോ നിശ്ചയിക്കുന്ന സ്ഥാപനത്തിൽ വച്ചോ 9 മാസത്തെ ട്രെയിനിംഗ് ഉണ്ടായിരിക്കുന്നതാണ്. അതത് സമയങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന സ്റ്റൈപന്റ് പരിശീലന കാലത്ത് ലഭിക്കുന്നതാണ്.

പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 482/2021

## ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് (HDV) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് & പട്ടികവർഗ്ഗം മാത്രം)

## വിവിധം (എൻ.സി.സി, വിനോദ സഞ്ചാരം, എക്സൈസ്, പോലീസ്, സൈനിക ക്ഷേമം, ട്രാൻസ്പോർട്ട് എന്നിവ ഒഴികെ)

**1. വകുപ്പ്** : വിവിധം (എൻ.സി.സി, വിനോദ സഞ്ചാരം, എക്സൈസ്, പോലീസ്, സൈനിക ക്ഷേമം, ട്രാൻസ്പോർട്ട് എന്നിവ ഒഴികെ)

**2. ഉദ്യോഗപ്പേര്** : ഡ്രൈവർ കം ഓഫീസ് അറ്റന്റ്ഡന്റ് (HDV) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടിക ജാതി/ പട്ടികവർഗ്ഗക്കാർക്ക് & പട്ടിക വർഗ്ഗം മാത്രം) Vide GO MS(No.29/15/P&ARD dated 19/11/2015)

**3. ശമ്പളം** : ₹ 18,000 - 41,500/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| | |
|---|---|
| തിരുവനന്തപുരം | 1 (പട്ടികജാതി/പട്ടികവർഗ്ഗം) |
| പത്തനംതിട്ട | 1 (പട്ടികജാതി/പട്ടികവർഗ്ഗം), 1 (പട്ടികവർഗ്ഗം) |
| ആലപ്പുഴ | 1 (പട്ടികജാതി/പട്ടികവർഗ്ഗം) |
| കോട്ടയം | 1 (പട്ടികജാതി/പട്ടികവർഗ്ഗം) 1 (പട്ടികവർഗ്ഗം) |
| ഇടുക്കി | 1 (പട്ടികജാതി/പട്ടികവർഗ്ഗം), 1 (പട്ടികവർഗ്ഗം) |
| എറണാകുളം | 1 (പട്ടികജാതി/പട്ടികവർഗ്ഗം), 1 (പട്ടികവർഗ്ഗം) |
| കോഴിക്കോട് | 1 (പട്ടികജാതി/പട്ടികവർഗ്ഗം), 1 (പട്ടികവർഗ്ഗം) |
| കണ്ണൂർ | 1 (പട്ടികജാതി/പട്ടികവർഗ്ഗം) |

**കുറിപ്പ്:** (i) ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പട്ടികവർഗ്ഗക്കാർക്ക് മാത്രമായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കും പ്രസ്തുതലിസ്റ്റിൽനിന്നും നിയമനംനടത്തുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ലെങ്കിൽ മാത്രമേ അവർക്കായി മാത്രം സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ.

(ii) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ രേഖപ്പെടുത്തിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതും ആണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തിരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71 സർക്കാർ ഉത്തരവ്(എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02/12/1991ലെ ജി.ഒ.(എം.എസ്)നം.36/91/പി &എ.ആർ.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27/05/1971 ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്.) 154/71/പി.ഡി.യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആസ്ഥാന ഒഴിവുകളിലേക്ക് സമ്മതം കൂടാതെ തന്നെ നിയമിക്കപ്പെടുവാൻ അർഹരാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.(പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നും, പട്ടികവർഗ്ഗക്കാരിൽ നിന്നും മാത്രം സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**6. പ്രായപരിധി** : 1)18–44 ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക്അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല

**7. യോഗ്യതകൾ :** I) ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം. (കാലഹരണപ്പെട്ട യോഗ്യത :തേർഡ് ഫോറം)

ii) മീഡിയം/ഹെവി ഗുഡ്സ്/പാസഞ്ചർ/മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവേഴ്സ് ബാഡ്ജോടുകൂടിയ 3 (മൂന്ന്) വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

iii) മീഡിയം/ഹെവി ഗുഡ്സ്/പാസഞ്ചർ/മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് ഇത് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (T- test അടക്കം) തെളിയിക്കേണ്ടതാണ്. ''T'' ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

(iv) ശാരീരിക യോഗ്യതകൾ :

(എ) **ചെവി** : പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം.

(ബി) **കണ്ണ്** :

| | വലത് | ഇടത് |
|---|---|---|
| ദൂരകാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപ കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| കളർ വിഷൻ | സാധരണമായിരിക്കണം | |
| മാലക്കണ്ണ് | ഇല്ലാതിരിക്കണം | |

(സി) **പേശികളും സന്ധികളും** : തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

(ഡി) **ഞരമ്പുഘടന** : പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.**കുറിപ്പ്:** 1) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

2) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ)ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iv)–ാം ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iv (b)] ഒഴികെ) അടങ്ങുന്ന നിശ്ചിത മാ

തൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iv) (b) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക വിജ്ഞാപനത്തോടൊപ്പം ചേർത്തിട്ടുണ്ട്.

4) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് ബാഡ്ജോടുകൂടിയ സാധുവായ ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ/ഓൺലൈൻ പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

5) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

8 പൊതുവ്യവസ്ഥകളിലെ രണ്ടും മൂന്നും ഇരുപത്തിയഞ്ചും (25ലെ റൂൾ 3(c) സംബന്ധിക്കുന്ന രണ്ടാമത്തെ ഭാഗം ഒഴികെ) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

9. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994ലെ ജി.ഒ.(പി)25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## എൻസിഎ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

### കാറ്റഗറി നമ്പർ : 483/2021
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ സുവോളജി
### കേരളാ കോളേജ് വിദ്യാഭ്യാസം
### ഒന്നാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കേരളാ കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ സുവോളജി
3 **ശമ്പളം** : യു.ജി.സി. നിരക്ക്
4 **ഒഴിവുകളുടെ എണ്ണം** : എസ്.ഐ.യു.സി നാടാർ 1 (ഒന്ന് )

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 31.07.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ: 588/2012 , ഗസറ്റ് തീയതി: 30.11.2012)) കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.ഐ.യു.സി നാടാർ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 22–43. ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ) [പ്രായപരിധി സംബന്ധിച്ച നിബന്ധനകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികനോക്കുക (ഖണ്ഡിക 2(i) ഒഴികെ)].

**7. യോഗ്യതകൾ :** 1). അൻപത് ശതമാനം (50%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2). യൂണിവേഴ്സിറ്റിഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്രപരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യത തുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണനനൽകുന്നതാണ്.

**കുറിപ്പ്:** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്രപരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്നനിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

ii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

### കാറ്റഗറി നമ്പർ : 484/2021
### അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്തമാറ്റിക്സ്
### കേരളാ കോളേജ് വിദ്യാഭ്യാസം
### മൂന്നാം എൻ.സി.എ. വിജ്ഞാപനം

1 **വകുപ്പ്** : കേരളാ കോളേജ് വിദ്യാഭ്യാസം
2 **ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ ഇൻ മാത്തമാറ്റിക്സ്
3 **ശമ്പളം** : യു.ജി.സി. നിരക്ക്
4 **ഒഴിവുകളുടെ എണ്ണം** : പട്ടികജാതി (എസ്.സി) 4 (നാല് )

മേൽപ്പറഞ്ഞ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.12.2016 (കാറ്റഗറി നമ്പർ 589/2012, ഗസറ്റ് തീയതി 30.11.2012) തീയ്യതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്നതുമായ ഒഴിവുകളിലേയ്ക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വന്ന് മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഈ തസ്തികയ്ക് ഒന്നാം എൻ.സി.എ. വിജ്ഞാപന പ്രകാരവും (ഗസറ്റ്തീയതി: 30.08.2017, കാറ്റഗറിനമ്പർ 352/2017) രണ്ടാം എൻ .സി .എവിജ്ഞാപനപ്രകാരവും (ഗസറ്റ് തീയതി: 11.12.2019, കാറ്റഗറി നമ്പർ 342/2019) ടി സമുദായത്തിൽപ്പെട്ട അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള 4 ഒഴിവുകളിലേക്കുള്ള മൂന്നാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം [പട്ടികജാതി (എസ്.സി) വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.]

**കുറിപ്പ്:** മേൽപ്പറഞ്ഞസമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർ ക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 22 – 45. ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1999നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ) [പ്രായപരിധി സംബന്ധിച്ച നിബന്ധനകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാംഖണ്ഡിക നോക്കുക(ഖണ്ഡിക 2(i) ഒഴികെ)].

**7. യോഗ്യതകൾ** : 1) അൻപത് ശതമാനം (50%) മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത ഉണ്ടായിരിക്കണം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.

2) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തുന്ന ബന്ധപ്പെട്ട വിഷയത്തിലുള്ള സമഗ്രപരീക്ഷ (comprehensive test) ജയിച്ചിരിക്കണം. യോഗ്യതതുല്യമായിരിക്കുമ്പോൾ മലയാളത്തിൽ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ് :** i) ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയവരെ യു.ജി.സി.യുടെ സമഗ്രപരീക്ഷ (നെറ്റ്) പാസ്സായിരിക്കണമെന്നനിബന്ധനയിൽ നിന്ന്ഒഴിവാക്കിയിട്ടുണ്ട്. (G.O. (P) No.86/07/H.Edn dated 19.06.2007)

ii) മേൽപ്പറഞ്ഞ തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സർവ്വകലാശാലകൾ നൽകുന്ന ബിരുദങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.

### കാറ്റഗറി നമ്പർ : 485/2021
### ഫോറസ്റ്റ് റേഞ്ചർ (റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ)
### വനം
### രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : വനം
**2. ഉദ്യോഗപ്പേര്** : ഫോറസ്റ്റ് റേഞ്ചർ (റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ)
**3. ശമ്പളം** : ₹ 55,200 - 1,15,300/
**4. ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം 1 (ഒന്ന്)

**കുറിപ്പ്:** (i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. കാറ്റഗറി നമ്പർ. 038/2014 പ്രകാരം ഒന്നാം എൻ.സി.എ വിജ്ഞാപനത്തിന് ശേഷം പട്ടികവർഗ്ഗ സമുദായത്തിൽ നിന്നുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാതിരുന്നതിനാലാണ് രണ്ടാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. 11.12.2008 തീയതിയിലെ (കാറ്റഗറി നമ്പർ. 385/2008) വിജ്ഞാപന പ്രകാരം 24.10.2011 തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് പട്ടികയിൽ നിന്ന് മേൽപറഞ്ഞ സമുദായത്തിൽ നിന്നുമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലാണ് ഒന്നാം എൻ.സി.എ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടി വന്നത്.

(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

(iv) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി ഈ തസ്തികയ്ക്കായി 24.10.2011 ന് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിൽ, ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയായിരിക്കും.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായപരിധി** : 19–36; ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).

(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സിളവ് ഉൾപ്പെടെ)

**7. യോഗ്യതകൾ:** 1 കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫോറസ്ട്രിയിൽ ലഭിച്ച ബിരുദം അഥവാ ഇന്ത്യാ ഗവൺമെന്റിന്റെയോ കേരള ഗവൺമെന്റിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റി/ സ്ഥാപനം, കൽപ്പിത സർവകലാശാല എന്നിവയിൽ നിന്നുമുള്ള തത്തുല്യ യോഗ്യത.

2 (എ) **ശാരീരിക യോഗ്യതകൾ:** ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കണം.

പുരുഷ ഉദ്യോഗാർത്ഥികൾക്ക് 158 സെ. മീറ്ററിൽ കുറയാതെ ഉയരവും, കുറഞ്ഞത് 76.5സെ.മീറ്റർ നെഞ്ചളവും, 5 സെ.മീറ്ററിൽ കുറയാതെ പൂർണ്ണവികാസവും ഉണ്ടായിരിക്കണം.

വനിതാ ഉദ്യോഗാർത്ഥികൾക്ക് 145 സെ. മീറ്ററിൽ കുറയാതെ ഉയരം ഉണ്ടായിരിക്കണം.

(ബി) എല്ലാ സ്ത്രീ പുരുഷ ഉദ്യോഗാർത്ഥികൾക്കും താഴെപ്പറയുന്ന മെഡിക്കൽ യോഗ്യത ഉണ്ടായിരിക്കണം.

1. ചെവി: നല്ല കേൾവി ശക്തി ഉണ്ടായിരിക്കണം
2. കണ്ണ്: കണ്ണടയില്ലാതെ താഴെപ്പറയുന്ന വിധത്തിലുള്ള കാഴ്ച ശക്തി ഉള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | |
|---|---|
| (എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ |
| (ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ |
| (സി) കളർ വിഷൻ | സാധാരണ |
| (ഡി) നിശാന്ധത | പാടില്ല |

3. പേശികളും സന്ധികളും തളർവാതം പാടില്ലാത്തതും എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാനാവുന്നതുമായിരിക്കണം.
4. നാഡീവ്യൂഹം പൂർണ്ണ ക്ഷമതയുള്ളതായിരിക്കണം. പകർച്ചവ്യാധികളിൽ നിന്നും വിമുക്തമായിരിക്കണം.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8. ഇന്റർവ്യൂ**

OMR പരീക്ഷയ്ക്ക് യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾ കമ്മീഷൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

**9. ഹെൽത്ത് സർട്ടിഫിക്കറ്റ്**

ഉദ്യോഗാർത്ഥിയുടെ കേൾവി ശക്തി, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ആയാസകരമായ ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, ഇവയെ സംബന്ധിച്ച് ഒരു സിവിൽ സർജൻ സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റ് ഉദ്യോഗാർത്ഥി കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കണം. ടി സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ശരീരത്തിലുള്ള രണ്ട് തിരിച്ചറിയൽ അടയാളങ്ങളും രേഖപ്പെടുത്തേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ ഉയരവും നെഞ്ചളവും (സാധാരണയും വികസിതവും) കൂടി മെഡിക്കൽ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തിയിരിക്കണം.

**കുറിപ്പ്** (i) ഭിന്നശേഷിയുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹരല്ല.

(ii) തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളെ വനം വകുപ്പ് ഒരു മെഡിക്കൽ ബോർഡിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ടി ബോർഡിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് വനം വകുപ്പിലെ ആയാസകരമായ പുറം ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി ഉണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം ആയത് ഇൻഡ്യാ ഗവൺമെന്റിന്റെ ഡെറാഡൂണിലെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നതാണ്.

10. ഉദ്യോഗാർത്ഥികൾ OMR പരീക്ഷയ്ക്കും ഇന്റർവ്യൂവിനും സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

11. കമ്മീഷന്റെ മേൽപ്പറഞ്ഞ OMR പരീക്ഷയിലും ഇന്റർവ്യൂവിലും അർഹത നേടുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ലിസ്റ്റിൽ നിന്നും നിയമന ശുപാർശ നൽകുന്നതുമാണ്. ഇപ്രകാരം കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഫോറസ്ട്രി എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള ഏതെങ്കിലും സംസ്ഥാന ഫോറസ്റ്റ് സർവ്വീസ് കോളേജുകളിൽ റെയിഞ്ച് ഫോറസ്റ്റ് കോഴ്സിന് ചേരാവുന്നതാണ്.

12. ഫോറസ്റ്റ് കോളേജിൽ നിന്നും റേയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികളെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിന് നിയോഗിക്കുന്നതാണ്.

13. റേയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സിന്റെ സമയത്തും പ്രായോഗിക പരിശീലന സമയത്തും ഉദ്യോഗാർത്ഥികൾക്ക് അടിസ്ഥാന ശമ്പളവും മറ്റ് അർഹതപ്പെട്ട അലവൻസുകളും ലഭിക്കുന്നതാണ്.

14. കോഴ്സിന് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ കോളേജിലേക്കും തിരിച്ചുമുള്ള യാത്രയുടെ ചെലവ് ഉൾപ്പെടെ ട്രെയിനിംഗിന്റെ എല്ലാ ചെലവുകളും സർക്കാർ വഹിക്കുന്നതാണ്. കോഷൻ മണിയും മെസ് ഡെപ്പോസിറ്റും ഉദ്യോഗാർത്ഥികൾ കോളേജിൽ ചേരുമ്പോൾ കെട്ടിവയ്ക്കേണ്ടതാണ്.

15. ഫോറസ്റ്റ് കോളേജിലെ പരിശീലനകാലവും വനം വകുപ്പിലെ പ്രായോഗിക പരിശീലനകാലവും ലീവിനും പെൻഷനും കണക്കാക്കും.

16. റെയിഞ്ച് ഫോറസ്റ്റ് ഓഫീസേഴ്സ് കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്ത ഉദ്യോഗാർത്ഥികളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതായിരിക്കും.

17. അന്തിമമായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ അഞ്ഞൂറ് (500) രൂപയുടെ മുദ്രപത്രത്തിൽ, കോഴ്സ് കഴിഞ്ഞാൽ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം കുറഞ്ഞത് അഞ്ച് വർഷത്തേക്ക് സർക്കാരിനെ സേവിച്ചുകൊള്ളാമെന്നുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ഗസറ്റഡ് റാങ്കിലുള്ള രണ്ട് സ്ഥിരം സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നുള്ളതോ, അല്ലെങ്കിൽ 300000/ രൂപയ്ക്ക് തുല്യമായതോ ആയ രണ്ട് ആൾ ജാമ്യവും ഹാജരാക്കേണ്ടിവരും. പരീക്ഷയിൽ തോൽക്കുന്നതു മൂലമോ മറ്റു വിധത്തിലോ സർക്കാരിന് നഷ്ടമുണ്ടായാൽ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പഠനത്തിനുവേണ്ടി സർക്കാർ ചെലവാക്കിയ തുക 6% വാർഷിക പലിശയോടെ തിരിച്ചടയ്ക്കേണ്ടതാണ്.

18. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കപ്പെടുന്നവരുടെ പ്രൊബേഷൻ കാലം തുടർച്ചയായ 3 വർഷത്തിനകം 2 വർഷ

ത്തെ ഡ്യൂട്ടിയായിരിക്കും.

19. എൻട്രൻസ് ആന്റ് ട്രെയിനിംഗ് റൂൾസ് (റിവൈസ്ഡ്) 2004, ഉദ്യോഗാർത്ഥി നൽകേണ്ട കരാറുകളുടേയും ബോണ്ടുകളുടേയും കരടുകൾ എന്നിവ തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരത്തുള്ള ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ വായിച്ചുനോക്കാൻ ലഭിക്കുന്നതാണ്.

**കുറിപ്പ്:** റേഞ്ചർ വിഭാഗത്തിലേക്ക് നേരിട്ടുള്ള നിയമനത്തിന് തെരഞ്ഞെടുക്കപ്പെടുന്നവർ റേഞ്ചറായി നിയമിക്കപ്പെടുന്നതിനു മുൻപായി വനം വകുപ്പിൽ ഒരു വർഷത്തെ പ്രായോഗിക പരിശീലനത്തിന് വിധേയരാകേണ്ടതാണ്. പ്രായോഗിക പരിശീലനകാലം പ്രൊബേഷൻ, ലീവ്, ഇൻക്രിമെന്റ്, പെൻഷൻ എന്നിവയ്ക്ക് കണക്കാക്കുന്നതല്ല. പ്രായോഗിക പരിശീലനകാലത്ത് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രതിമാസബത്തയ്ക്ക് ട്രെയിനികൾ അർഹരായിരിക്കും.

## കാറ്റഗറി നമ്പർ : 486/2021
## ഡയറി എക്സ്റ്റൻഷൻ ഓഫീസർ
## കേരള ക്ഷീരവികസനം
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള ക്ഷീരവികസനം
**2. ഉദ്യോഗപ്പേര്** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ
**3. ശമ്പളം** : ₹ 55,200-1,15,300/
**4. ഒഴിവുകളുടെ എണ്ണം** : ഹിന്ദു നാടാർ 01 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.01.2016 തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.157/2013) ഗസറ്റ് തീയതി 29.06.2013 കാലയളവിൽ ഹിന്ദു നാടാർ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കു നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെയോ ടി റാങ്ക്പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഈ തസ്തികയ്ക്കായി 11.12.2019 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 355/2019 ആയി പുറപ്പെടുവിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിൽ യോഗ്യരായ ഹിന്ദു നാടാർവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുകൊണ്ടുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഹിന്ദു നാടാർ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽപ്പറഞ്ഞ സംവരണവിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 20–40, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥ കളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ ലഭിച്ച ബി.എസ്.സി. ഡയറി സയൻസ് ബിരുദം അല്ലെങ്കിൽ ഡയറി സയൻസ് ആൻഡ് ടെക്നോളജിയിൽ ബി.ടെക് ബിരുദം.

## കാറ്റഗറി നമ്പർ : 487/2021
## ഡയറി എക്സ്റ്റൻഷൻ ഓഫീസർ
## കേരള ക്ഷീരവികസനം
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള ക്ഷീരവികസനം
**2. ഉദ്യോഗപ്പേര്** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ
**3. ശമ്പളം** : ₹ 55,2001-15,300/
**4. ഒഴിവുകളുടെ എണ്ണം** : ധീവര 01 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.01.2016 തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.157/2013) (G.D. 29.06.2013) കാലയളവിൽ ധീവര സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കു നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെയോ ടി റാങ്ക്പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഈ തസ്തികയ്ക്കായി 14.11.2018 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 220/2018 ആയി പുറപ്പെടുവിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിൽ യോഗ്യരായ ധീവരവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുകൊണ്ടുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ധീവര വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽപ്പറഞ്ഞ സംവരണവിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 20–40, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥ കളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2(I) ഒഴികെ)

**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ ലഭിച്ച ബി.എസ്.സി. ഡയറി സയൻസ് ബിരുദം അല്ലെങ്കിൽ ഡയറി സയൻസ് ആൻഡ് ടെക്നോളജിയിൽ ബി.ടെക് ബിരുദം.

## കാറ്റഗറി നമ്പർ : 488/2021
## ഡയറി എക്സ്റ്റൻഷൻ ഓഫീസർ
## കേരള ക്ഷീരവികസനം
## മൂന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : കേരള ക്ഷീരവികസനം
**2. ഉദ്യോഗപ്പേര്** : ഡയറി എക്സ്റ്റൻഷൻ ഓഫീസർ
**3. ശമ്പളം** : ₹ 55200-1,15,300/-
**4. ഒഴിവുകളുടെ എണ്ണം** : പരിവർത്തിത ക്രിസ്ത്യാനികൾ 01 (ഒന്ന്)

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 07.01.2016 തീയതിയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.157/2013 ഗസറ്റ് തീയതി 29.06.2013) കാലയളവിൽ എസ്.സി.സി.സി സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെയോ ടി റാങ്ക്പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഈ തസ്തികയ്ക്കായി 12.04.2017 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 046/2017 ആയി പുറപ്പെടുവിച്ച ഒന്നാം എൻ.സി.എ വിജ്ഞാപനത്തിലും, 26.07.2018 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 98/2018 ആയി പുറപ്പെടുവിച്ച രണ്ടാം എൻ.സി.എ വിജ്ഞാപനത്തിലും യോഗ്യരായ എസ്.സി.സി.സി. വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുകൊണ്ടുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (എസ്.സി.സി.സി. വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** എസ്.സി.സി.സി. വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 20–40, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ). (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥ കളിലെ രണ്ടാം ഖണ്ഡിക നോക്കുക). (ഖണ്ഡിക 2(I) ഒഴികെ)

**കുറിപ്പ്:** പ്രായപൂർത്തിയായ ശേഷം പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 42 വയസ്സുവരെ ഇളവു നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01.1979നും 01.01.2001 നും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പെടെ) ജനിച്ചവരായിരിക്കണം.

**7. യോഗ്യതകൾ** : ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിന്റെ കീഴിലുള്ള നാഷണൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ ലഭിച്ച ബി.എസ്.സി. ഡയറി സയൻസ് ബിരുദം അല്ലെങ്കിൽ ഡയറി സയൻസ് ആൻഡ് ടെക്നോളജിയിൽ ബി.ടെക് ബിരുദം.

## കാറ്റഗറി നമ്പർ : 489/2021
## സോയിൽ സർവ്വേ ഓഫീസർ/ റിസർച്ച് അസിസ്റ്റന്റ്/ കാർട്ടോഗ്രാഫർ/ ടെക്നിക്കൽ അസിസ്റ്റന്റ്
## മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്
**2. ഉദ്യോഗപ്പേര്** : സോയിൽ സർവ്വേ ഓഫീസർ/ റിസർച്ച് അസിസ്റ്റന്റ്/ കാർട്ടോഗ്രാഫർ/ ടെക്നിക്കൽ അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 55,200-1,15,300/-
**4. ഒഴിവുകളുടെ എണ്ണം** : എസ്.സി 01 (ഒന്ന്)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 30.01.2018 തീയതിയിൽ നിലവിൽ വന്ന മാതൃറാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.413/2014, ഗസറ്റ് തീയതി 15.11.2014) കാലയളവിൽ മുകളിൽ പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവെച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെയോ ടി എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണൊ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടിക ജാതി ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 20–41, ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ].

**കുറിപ്പ് :** വയസ്സിളവിനെ സംബന്ധിച്ചു മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക. ഖണ്ഡിക 2(i) ഒഴികെ.

**7. യോഗ്യതകൾ** : അഗ്രിക്കൾച്ചറിലുള്ള ബിരുദം.

## കാറ്റഗറി നമ്പർ : 490/2021
## ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ (ജൂനിയർ)
## മാത്തമാറ്റിക്സ്
## ഹയർ സെക്കന്ററി വിദ്യാഭ്യാസം
## നാലാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ഹയർ സെക്കന്ററി വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ (ജൂനിയർ) മാത്തമാറ്റിക്സ്.

**വിശദീകരണം:** ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (ജൂനിയർ ) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പാർട്ട് ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തിക എന്നാണ്.

**3. ശമ്പളം** : ₹45600-95600/-
**4. ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം 5 (അഞ്ച്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 25.03.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 457/2010 , ഗസറ്റ് തീയതി : 31.12.2010) കാലയളവിൽ പട്ടികവർഗ്ഗ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെയോ, എൻസിഎ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഗസറ്റ് തീയതി 14.11.2018ലെ കാറ്റഗറി നമ്പർ 223/2018 പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനം, ഗസറ്റ് തീയതി 30.12.2019ലെ കാറ്റഗറി നമ്പർ 437/2019പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനം,ഗസറ്റ് തീയതി 31.12.2020ലെ കാറ്റഗറി നമ്പർ 501/2020പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനം എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള നാലാം എൻ.സി.എ വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം. പട്ടികവർഗ വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിൽ പട്ടിക ജാതി വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്).

**കുറിപ്പ്:** പട്ടികവർഗ്ഗ/പട്ടിക ജാതിവിഭാഗങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായപരിധി :** 20–45.ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(i) ലെ ആനുകൂല്യം ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; ഖണ്ഡിക 2(i) ഒഴികെ.)

**7. യോഗ്യതകൾ**

(1) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 45 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദമോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം (13.11.2015ലെ G.O(Ms)No.288/15/Gl.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം).

(2) (i) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും, ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം. [B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the universities in Kerala]

(iii) മുകളിൽ സൂചിപ്പിച്ച (i)ഉം (ii)ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽകേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽനിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽ (പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനം) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50% ൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി.എഡ് (MSc.Ed) പാസ്സായിരിക്കണം.

(3) കേരള സർക്കാർ നേരിട്ടോ, കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**(ശേഷം പേജ് 22ൽ)**



# കലയും സാഹിത്യവും-44

ഷിബു എ എസ്

# 25-ാമത് ജെയിംസ് ബോണ്ട് സിനിമ




1. ഡാനിയേൽ ക്രേഗ് അവസാനമായി അഭിനയിക്കുന്നത് ജെയിംസ് ബോണ്ട് ചിത്രങ്ങളിലെ 25-ാമത് സിനിമയിലാണ്. ഏതാണ് ചിത്രം?
**നോ ടൈം റ്റു ഡൈ**
2. തന്റെ ക്രിക്കറ്റ് ലോകത്തെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് മുൻ ഇന്ത്യൻ ക്രിക്കറ്റ് താരം രവി ശാസ്ത്രി തയ്യാറാക്കിയ പുതിയ പുസ്തകം
**സ്റ്റാർഗെയിസിങ്: ദ പ്ലെയേഴ്സ് ഇൻ മൈ ലൈഫ്**
3. 'പാശ്ചാത്യ നവോത്ഥാനത്തിന്റെ പിതാവ്' എന്നറിയപ്പെട്ട ഇറ്റാലിയൻ സാഹിത്യകാരൻ ആര്?
**പെട്രാർക്ക്**
4. 'മാഫിയ' എന്ന വാക്ക് ഏത് ഭാഷയിൽനിന്നാണ് ഉണ്ടായത്?
**ഇറ്റാലിയൻ**
5. 2020 ലെ നൊബേൽ സമ്മാനജേതാവായ ലൂയിസ് ഗ്ലിക്കിന് പുലിറ്റ്സർ പുരസ്കാരം നേടിക്കൊടുത്ത പ്രശസ്ത കൃതി
**ദ വൈൽഡ് ഐറിസ്**
6. 'ഏറ്റവും മഹാനും ഏറ്റവും ശോകാകുലനുമായ കലാകാരൻ' എന്ന് വിശേഷിക്കപ്പെട്ടത് ആര്?
**മൈക്കലാഞ്ചലോ**
7. ഇംഗ്ലണ്ടിലെ ആദ്യത്തെ ആസ്ഥാന കവി
**ജോൺ ഡ്രൈഡൻ**
6. 'ഹിമാലയം' നോവൽ ആരുടെ രചനയാണ്?
**കോവിലൻ**
7. ദൈവത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉന്നയിച്ച 1956-ലെ വിഖ്യാതചിത്രമായ 'ഏഴാം മുദ്ര' (ദ സെവെന്ത് സീൽ) എന്ന ചിത്രത്തിന്റെ സംവിധായകനാര്?
**ഇൻഗ്മർ ബർഗ്മാൻ**
8. ഇറോസ് ആണ് ഗ്രീക്ക് പുരാണത്തിലെ പ്രണയത്തിന്റെ ദേവൻ. പ്രണയത്തിന്റെ റോമൻ ദേവൻ ആരാണ്?
**ക്യുപിഡ്**




9. 'കഥാസരിത് സാഗരം' എഴുതിയതാര്?
**സോമദേവഭട്ടൻ**
10. നൊബേൽ പുരസ്കാരം നേടിയ ആദ്യ അമേരിക്കൻ എഴുത്തുകാരി
**ടോണി മോറിസൺ**
11. 'സ്ട്രെയിറ്റ് ഫ്രം ദ ഹാർട്ട്' ആരുടെ ആത്മകഥയാണ്?
**കപിൽദേവ്**
12. 'സ്വപ്നങ്ങളുടെ വ്യാഖ്യാനം' (Interpretations of Dreams) എന്ന മനശാസ്ത്രഗ്രന്ഥം രചിച്ചതാര്?



**സിഗ്മണ്ട് ഫ്രോയ്ഡ്**
13. ഭാരതീയ ഭാഷകളിൽ ആദ്യത്തെ മഹാകാവ്യം രൂപംകൊണ്ടത് ഏത് ഭാഷയിലാണ്?
**സംസ്കൃതം**
14. 1961 ൽ ഉഷാ പ്രിയംവദ രചിച്ച നോവൽ അറുപത് വർഷങ്ങൾക്ക് ശേഷം ഡെയ്സി റോക്ക്വെൽ വിവർത്തനം ചെയ്തിരിക്കുന്നു. കാലികപ്രസക്തിയുള്ള ഈ നോവലിന് വിവർത്തക നൽകിയിരിക്കുന്ന പേര്
**ഫിഫ്റ്റി ഫൈവ് പില്ലാർസ്, റെഡ് വാൾസ്** (Fifty-five Pillars, Red Walls)
15. മലയാള സിനിമയിൽ നവതരംഗം ആദ്യമായി ദൃശ്യമായ ചിത്രമാണ് 'ഓളവും തീരവും'. ആരാണ് സംവിധായകൻ?
**പി.എൻ.മേനോൻ**
16. 'ദ ത്രീ സിസ്റ്റേഴ്സ്' എഴുതിയത്
**ആന്റൻ ചെക്കോവ്**
17. വയലിൻ വിദ്വാനായ ചൗഡയ്യ ഏത് സംസ്ഥാനക്കാരനാണ്?
**കർണ്ണാടക**
18. 1948 ൽ ബോംബെ പ്രോഗ്രസീവ് ആർട്ടിസ്റ്റ്സ് ഗ്രൂപ്പ് സ്ഥാപിച്ചത്
**ഫ്രാൻസിസ് ന്യൂട്ടൺ സൂസ**
19. മ്യൂസിയം ഓഫ് മോഡേൺ ആർട്ട് സ്ഥിതിചെയ്യുന്നത് ഏതു നഗരത്തിൽ?
**ന്യൂയോർക്ക്**
20. റൈറ്റ്സ് ഓഫ് പാസേജ് (Rites of Passage) എഴുതിയ പ്രശസ്ത ആംഗലേയ സാഹിത്യകാരൻ
**വില്യം ഗോൾഡിങ്**
21. റുവാണ്ടൻ വംശഹത്യയെ രേഖപ്പെടുത്തുന്ന 'റണ്ണിങ് ദ റിഫ്റ്റ്' എന്ന പുസ്തകം രചിച്ച സാമൂഹ്യപ്രവർത്തക
**നവോമി ബെനിറോൺ**
22. സാമൂഹ്യപരിഷ്കർത്താവും കവിയുമായ സുബ്രഹ്മണ്യഭാരതിയുടെ ജീവചരിത്രം രചിച്ചത് വി. രംഗസാമി അയ്യങ്കാറാണ്. പുസ്തകത്തിന്റെ പേരെന്താണ്?
**മഹാകവി ഭാരതിയാർ**
23 കേരള കാർട്ടൂൺ അക്കാദമിയുടെ സ്ഥാപക ചെയർമാൻ



**സി.ജെ. യേശുദാസൻ**
24. ഹോളി ആഘോഷസമയത്ത് ആനകളെ അലങ്കരിച്ച് എഴുന്നള്ളിക്കുന്ന ഗജമേള സംഘടിപ്പിക്കുന്ന രാജസ്ഥാനിലെ നഗരം
**ജയ്പൂർ**
25. ഏത് വിഖ്യാത പോളിഷ് ചലചിത്രകാരൻ ഒരുക്കിയ സിനിമയാണ് 'ഈഥർ'?
**ക്രിസ്റ്റോഫ് സനൂസി**
26. തിരക്കഥയ്ക്ക് ദേശീയ അവാർഡ് നേടിയ ആദ്യ മലയാളി
**എസ്.എൽ.പുരം സദാനന്ദൻ**
27. 'ചിന്തകൻ' (The Thinker) എന്ന പ്രശസ്ത ശില്പം നിർമ്മിച്ച ഫ്രഞ്ച് ശില്പി
**ഒഗസ്തെ റൊദോങ്**
28. ഗായകൻ കിഷോർ കുമാറിന്റെ യഥാർത്ഥ പേര്
**അബ്ബാസ് കുമാർ ഗാംഗുലി**
29. കേശവ് ദേശിരാജു എഴുതിയ എം.എസ്. സുബ്ബുലക്ഷ്മിയുടെ ജീവചരിത്രം




**ഓഫ് ഗിഫ്റ്റഡ് വോയ്സ്: ദ ലൈഫ് ആന്റ് ആർട്ട് ഓഫ് എം.എസ്. സുബ്ബുലക്ഷ്മി**
30. 1870 ലെ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധത്തിൽ 29-ാം വയസ്സിൽ അന്തരിച്ച ഫ്രഞ്ച് ചിത്രകാരൻ ആരാണ്?
**ഫ്രഡറിക് ബാസിലി** ●

# ജീവിതം, ഭാഷ, വ്യാകരണം

# വികാരികളും അവികാരികളും

14

**മലയാള ഭാഷയെയും വ്യാകരണത്തെയും പരിചയപ്പെടുത്തിക്കൊണ്ട് മുൻ അധ്യാപകൻ ഡോ. ബി ബാലചന്ദ്രൻ എഴുതുന്ന പരമ്പര**

ജീവിതംപോലെ വ്യാകരണത്തിലും വികാരികളും അവികാരികളുമുണ്ട്



*"കടലും കാടും, മാകാശവും തമ്മിലൊ–*
*രതിരഹസ്യമാം ബാന്ധവമു, ണ്ടതിൽ*
*പ്രണയമു, ണ്ടതിനാലാണു സർവതു*
*മിവിടെയുള്ളതെന്നോരു വാനാവുകി–*
*ലതിലുമപ്പുറമില്ലൊരു വ്യക്തത"*

**(കടൽ, കാട്, ആകാശം–അസീം താന്നിമൂട്)**

മലയാളത്തിലെ എണ്ണപ്പെട്ട കവിയുടെ ശ്രദ്ധാർഹമായ കവിതയാണിത്.

കടലും കാടുമാകാശവും ഈ മൂന്നു നാമങ്ങൾ 'ഉം' എന്ന ഘടകത്താൽ ബന്ധിതമായിരിക്കുന്നു.

കടലിനും കാടിനും ആകാശത്തിനും വികാരമുണ്ട്. അവയെ കടലിൻെറ, കാടിൻെറ, ആകാശത്തിൻെറ ഇങ്ങനെയൊക്കെ മാറ്റാം. പക്ഷേ 'ഉം' എന്നും അവികാരിയായിരിക്കും.

നാമങ്ങളും സർവനാമങ്ങളും ക്രിയകളും മാറുന്നതുകൊണ്ടാണ് മനുഷ്യരുടെ പലതരത്തിലുള്ള കൂട്ടായ്മകളുടെ സ്വത്വത്തെയും പ്രവർത്തനത്തെയും അടയാളപ്പെടുത്താൻ കഴിയുന്നത്.



പി എൻ ഗോപീകൃഷ്ണന്റെ 'വിഷപ്പല്ല് തൂലികയാക്കി ഒരു ആത്മകഥ' – എന്ന ഒന്നാന്തരം കവിതയിലെ അവസാന ഭാഗം:

"പ്രിയപ്പെട്ട ജന്തു, സസ്യസോദരീ സോദരരേ

ഞാൻ പോകട്ടെ,
നിങ്ങൾക്ക്‌വേണ്ടി
ഒരു **എളിയ മൂർഖന്**
തരാൻ കഴിയുന്ന
ഈ വാഗ്ദാനം മാത്രം തന്ന്"

**മൂർഖൻ** എന്ന നാമം തരംപോലെ വികാരപ്പെട്ട് മാറും. പക്ഷേ പാവം **'എളിയ'** എന്ന വിശേഷണം അങ്ങനെതന്നെ അവികാരിയായി നിലകൊള്ളും.

വികാരം അഥവാ മാറ്റമുള്ള ശബ്ദങ്ങളെ വികാരി ശബ്ദങ്ങളെന്നും മാറ്റമില്ലാതെ തുടരുന്നവയെ അവികാരി ശബ്ദങ്ങളെന്നും പറയുന്നു.

നാമം, സർവനാമം, ക്രിയ – ഇവയെല്ലാം വികാരമുള്ള ശബ്ദങ്ങളാണ്. വിശേഷണം, ദ്യോതകം എന്നിവ അവികാരികളായി കണക്കാക്കപ്പെടുന്നു. ഇവയുടെ ആദിമ രൂപമായ **പ്രകൃതി**യിൽ പ്രത്യയം, ഇടനില എന്നിവ ചേർത്താണ് നിർദിഷ്ടമായ അർഥത്തെ ഉൽപാദിപ്പിക്കുന്നത്.

ഇടനിലയും പ്രത്യയവും ചേർക്കുമ്പോൾ വരുന്ന വികാര മാറ്റങ്ങളെ ശ്രദ്ധിക്കാം.

"ഭൂമിയുടെ അവകാശികൾ ഗോളത്തിൽച്ചിരിപ്പിടിയോളം ഭാഗത്തിന്റെ ആജീവനാന്ത അവകാശി ആയിത്തീർന്നതോടെ ഭാവി ജീവിതം സുരക്ഷിതമായി എന്നു ദൃഢമായിത്തന്നെ വിശ്വസിച്ചു".

(ഭൂമിയുടെ അവകാശികൾ:
വൈക്കം മുഹമ്മദ് ബഷീർ)

ഭൂമി + ഉടെ → ഭൂമിയുടെ (ഉടെ പ്രത്യയം)
ഗോളം + ഇൽ → ഗോളത്തിൽ (ഇൽ പ്രത്യയം)

"സ്വപ്നങ്ങളൊക്കെയും പങ്കുവയ്ക്കാം
ദുഃഖഭാരങ്ങളും പങ്കുവയ്ക്കാം
**ആശതൻ** തേനും **നിരാശതൻ** കണ്ണീരും
ആത്മദാഹങ്ങളും പങ്കുവയ്ക്കാം"

***(പി ഭാസ്കരൻ, വിദ്യാധരൻ, യേശുദാസ്, ചിത്ര)***

ആശ + തൻ → ആശതൻ (തൻ – ഇടനില)
നിരാശ + തൻ → നിരാശതൻ (തൻ – ഇടനില)
ഇൻ, ഉൻ – എന്നിവയും ഇടനിലയാണ് (ഉദാ: നാടിൻ)

പ്രത്യയം ചേർക്കാൻ വേണ്ടി പ്രകൃതിയോടു ചേർക്കുന്ന അക്ഷരങ്ങളെ **ഇടനില** എന്നു പറയുന്നു

ഇടനില ചേർത്തുകിട്ടുന്ന രൂപത്തിനെ **അംഗ**മെന്നാണ് വിളിക്കുന്നത്.

"…. അനക്കമറ്റു കിടക്കുന്ന ഒരാളുടെ മുഖത്തുനിന്ന് മരണത്തിന് തൊട്ടുമുമ്പുള്ള മനോനില വായിച്ചെടുക്കാനാവുമോ? പറ്റുമെന്നു തന്നെയാണ് എന്റെ പക്ഷം. ചിലപ്പോൾ അത് എന്റെ മാത്രം അനുഭവമാകാം. അല്ലാതിരിക്കാം. വിറങ്ങലിച്ച മുഖപേശികളിലേക്ക് അല്പനേരം നോക്കിനിന്നാൽ മാത്രം മതി, ഒരു ചലച്ചിത്രത്തിലെന്നവണ്ണം ഫ്ളാഷ് കട്ടുകൾ മിന്നിമറയും"



***(കഥ – എലെഫന്റ് ഇൻ ദ റൂം– നിധീഷ് ജി)***

"എന്റെ മകൻ പൊന്നുവിന് അവന്റെ അച്ഛന് കഥകളുമായി എന്തോ ബന്ധമുള്ള കാര്യം അറിയാമായിരുന്നു. എന്നും ഉറങ്ങാൻ നേരം അവൻ കഥ പറയാനായി വാശിപിടിക്കും. ആദ്യമൊക്കെ ഞാനും ഉത്സാഹത്തിലായിരുന്നു. ഇന്നത്തെക്കാലത്ത് ഒരു കുട്ടി കഥ കളിഷ്ടപ്പെടുന്നത് വലിയ കാര്യമല്ലേ? അർജുനന്റെ അസ്ത്രം പോലെയാണ് ഒരു നല്ല കഥ. എടുക്കുമ്പോൾ ഒന്ന്, തൊടുക്കുമ്പോൾ പത്ത്, മനസ്സിൽ കൊള്ളുമ്പോൾ നൂറും പതിനായിരവും".



***(മീശ – എസ് ഹരീഷ്)***

മുകളിൽ ചേർത്തിരിക്കുന്ന രണ്ടു ഖണ്ഡികകളിലും എത്ര എത്ര നാമങ്ങൾ! സർവനാമങ്ങൾ! ക്രിയകൾ! പ്രത്യയങ്ങൾ! വിശേഷണങ്ങൾ!

ഒരു കൗതുകത്തിന് ഇതിലെ വികാരി ശബ്ദങ്ങളെയും അവികാരി ശബ്ദങ്ങളെയും കണ്ടെത്താൻ ശ്രമിക്കുമല്ലോ? ●

## ചോദ്യം

1. വികാരിയായ ശബ്ദത്തിനുദാഹരണമേത്?
   (എ) പൂച്ച (ബി) നല്ല
   (സി) പതുക്കെ (ഡി) ഉയരെ
   ***ഉത്തരം (എ)***
2. അവികാരിയായ ശബ്ദത്തിനുദാഹരണമേത്?
   (എ) നക്ഷത്രം (ബി) മരം
   (സി) ഉയരെ (ഡി) മനുഷ്യൻ
   ***ഉത്തരം (സി)***

## ചുരുക്കം

[redacted]

## മുൻ ലക്കത്തിലെ തിരുത്ത്

*ഇനി വയ്യ/പെണ്ണിന്റെ കണ്ണുകളെ*
*ഉപമകൾകൊണ്ട് അന്ധമാക്കാൻ*

**(കരികൂവളം– എം എസ് ബനേഷ്)**

സ്ത്രീയെ വർണിച്ചുവർണിച്ചു വിഗ്രഹമാക്കുന്ന ഫ്യൂഡൽ കാഴ്ചയ്ക്കെതിരെ ഉയരുന്ന ക്ഷോഭം 'വയ്യ' എന്ന നിഷേധപ്രയോഗത്തിലുണ്ട്.

'വയ്യ'യ്ക്കുമുന്നിൽ 'അയ്യോ' എന്നു ചേർത്ത്– 'ഇനി അയ്യോ! വയ്യ– എന്നൊന്നു മാറി ചിന്തിച്ചാലോ. വ്യാക്ഷേപക പ്രയോഗത്തിന്റെ സാന്നിധ്യംകൊണ്ട് മറ്റൊരർത്ഥം ഉൾക്കൊള്ളിക്കാനാകും.

ഇതാ, ഇതാ, ഇവിടെ വരെ
ഈ യുഗ സംക്രമ സന്ധ്യവരെ
പരിവർത്തനത്തിന്റെ പാത വരെ
പരിണാമസാഗര സീമ വരെ….

**(യൂസഫലി കേച്ചേരി, ദേവരാജൻ, യേശുദാസ്)**

ഇവിടെ, വരെ–ദ്യോതകമായി തിളങ്ങുകയാണ്

**ചോദ്യം: വ്യാക്ഷേപകം പ്രയോഗിച്ചിട്ടുള്ളത് ഏതു വാക്യത്തിലാണ്?**

'അയ്യോ! പൊറുക്കവയ്യ' – എന്നാണ്

**ചുരുക്കം**

വ്യാക്ഷേപകം: ഉദാ: 'വയ്യ'– ഒഴിവാക്കുക

# ചരിത്രത്തോടൊപ്പം നടന്നവർ

## ചരിത്ര വീഥിയിൽ ഇടം പിടിച്ച ചില മഹദ് വ്യക്തികളെ പരിചയപ്പെടാം



### വില്യം വേഡ്സ്‌വർത്ത് (1770 – 1850)

ആംഗലസാഹിത്യത്തിൽ കാല്പനിക നവോത്ഥാനത്തിന്റെ മാർഗ്ഗദർശിയാണ് വില്യം വേഡ്സ്‌വർത്ത്. പ്രകൃതിയുടെ കവി എന്ന് വിളിക്കപ്പെടുന്ന വേഡ്സ്‌വർത്ത് 1770 ഏപ്രിൽ 7–ാം തീയതിയാണ് ജനിച്ചത്. കേംബ്രിഡ്ജ് സർവകലാശാലയിൽ പ്രവേശിച്ചതോടെ ഈ ചെറുപ്പക്കാരന്റെ ഹൃദയം കാവ്യപരമായ സർഗ്ഗാത്മകതയ്ക്ക് കൊതിച്ചു. ഫ്രഞ്ചുവിപ്ലവത്തിനുശേഷം അതിന് പ്രേരകമായിരുന്ന ആദർശങ്ങൾക്ക് നേരിടേണ്ടിവന്ന അപചയവും അതിന്റെ അനന്തരഫലങ്ങളും വേഡ്സ്‌വർത്തിനെ നിരാശനാക്കി. 1795 ൽ ആംഗലേയ കവിയായ കോളറിഡ്ജിനെ കണ്ടുമുട്ടിയത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വഴിത്തിരിവായിരുന്നു. 1798 ൽ വേഡ്സ്‌വർത്തും കോളറിഡ്ജും ചേർന്ന് പ്രസിദ്ധപ്പെടുത്തിയ കഥാഗീതങ്ങൾ (Lyrical Ballads) ആംഗലകാല്പനികപ്രസ്ഥാനത്തിന് ജന്മം നൽകിയ കവിതാഗ്രന്ഥമായി പരിഗണിക്കപ്പെടുന്നു. ഈ ഗ്രന്ഥത്തിന് 1800 ൽ വേഡ്സ്‌വർത്ത് എഴുതിയ മുഖവുര കാല്പനികപ്രസ്ഥാനത്തിന്റെ പ്രകടനപത്രികയായാണ് വിശേഷിപ്പിക്കപ്പെടുന്നത്. കവിത, പ്രബലമായ വികാരങ്ങളുടെ നൈസർഗ്ഗിക പ്രവാഹമാണെന്നും പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന മാനസികഭാവത്തിലാണ് അതിന്റെ ഉറവയെന്നും വേഡ്സ്‌വർത്ത് പ്രസ്താവിച്ചു. 1799–1805 കാലഘട്ടത്തിലെഴുതിയ 'ആമുഖം' (ദ പ്രെല്യൂഡ്) പ്രസിദ്ധപ്പെടുത്തിയത് 1840 ലാണ്. 1807 ൽ രണ്ട് വാല്യങ്ങളായി പ്രസിദ്ധീകരിച്ച 'കവിതകൾ' വേഡ്സ്‌വർത്തിന്റെ സുപ്രധാനമായ ചില കവിതകൾ കൊണ്ട് സമ്പന്നമായിരുന്നു. റെസല്യൂഷൻ ആന്റ് ഇൻഡിപ്പെന്റൻസ്, ഡാഫോഡിൽസ്, ദ സോളിറ്ററി റീപ്പർ, ലണ്ടൻ 1802 തുടങ്ങിയ കവിതകളെല്ലാം ഈ സമാഹാരത്തിൽ ഉൾപ്പെടുത്തിയിരുന്നു. 1843 ൽ അദ്ദേഹം ഇംഗ്ലണ്ടിന്റെ ആസ്ഥാനകവിയായി മാറി. 1850 ഏപ്രിൽ 23നാണ് ഈ പ്രകൃതി ഗായകൻ ജീവൻ വെടിഞ്ഞത്.

### ബങ്കിം ചന്ദ്ര ചാറ്റർജി (1838–1894)

ബംഗാളി സാഹിത്യ നവോത്ഥാനത്തിന്റെ മാർഗദർശികളിൽ പ്രമുഖനും ദേശീയഗീതമായ വന്ദേമാതരത്തിന്റെ കർത്താവുമായ ബങ്കിം ചന്ദ്ര ചാറ്റർജി 1838 ജൂൺ 27–ന് ബംഗാളിലെ നയ്ഹത്തിയിൽ ജനിച്ചു. ബ്രിട്ടീഷ് സർക്കാരിൽ ഡപ്യൂട്ടി കളക്ടർ, ഡപ്യൂട്ടി മജിസ്ട്രേറ്റ് തുടങ്ങിയ ഉന്നതപദവികൾ വഹിച്ച അദ്ദേഹം 1891–ൽ വിരമിച്ചു. കൽക്കട്ട സർവകലാശാലയിലെ ആദ്യ ബിരുദധാരികളിലൊരാളാണ് ബങ്കിം ചന്ദ്രൻ (യദുനാഥ് ബോസാണ് മറ്റേയാൾ). രാജ്മോഹൻസ് വൈഫ് എന്ന ഇംഗ്ലീഷ് നോവലാണ് അദ്ദേഹത്തിന്റെ ആദ്യ രചന. ഇതിന് വേണ്ടത്ര പ്രശസ്തി കിട്ടാതെ പോയി. ആദ്യ ബംഗാളി നോവലായ ദുർഗേശനന്ദിനി എഴുതിയശേഷം ബോസ് കപാൽകുണ്ഡല, മൃണാളിനി, ചന്ദ്രശേഖർ, ദേവി ചൗധുറാണി, രാജസിംഹ, ആനന്ദമഠം എന്നീ പ്രശസ്ത കൃതികൾ രചിച്ചു. ബംഗദർശൻ എന്ന മാസികയിൽ ഖണ്ഡശ്ശ പ്രസിദ്ധപ്പെടുത്തിയ ആനന്ദമഠം സന്ന്യാസി വിപ്ലവത്തിന്റെ പശ്ചാത്തല




ത്തിൽ രചിച്ച നോവലാണ്. ഇതിന്റെ ഭാഗമാണ് വന്ദേമാതരം എന്ന ഗാനം. 1872–ൽ ചാറ്റർജി ആരംഭിച്ചതാണ് ബംഗദർശൻ (വന്ദേമാതരം എന്ന പേരിൽ ബിപിൻ ചന്ദ്രപാലും ലാലാ ലജ്പത്റായിയും പ്രത്യേകം പ്രസിദ്ധീകരണങ്ങൾ പിൽക്കാലത്ത് ആരംഭിക്കുകയുണ്ടായി). 1894 ഏപ്രിൽ എട്ടിന് കൊൽക്കത്തയിൽ ബങ്കിം ചന്ദ്ര ചാറ്റർജി കഥാവശേഷനായി.

### രബീന്ദ്രനാഥ് ടാഗോർ (1861–1941)

നൊബേൽ സമ്മാനത്തിലൂടെ ആദരിക്കപ്പെട്ട ആദ്യത്തെ ഭാരതീയനാണ് രബീന്ദ്രനാഥ് ടാഗോർ. കവി, കഥാകൃത്ത്,നോവലിസ്റ്റ്, നാടകകൃത്ത്, ഉപന്യാസകാരൻ, ചിത്രകാരൻ, സംഗീതജ്ഞൻ എന്നീ വ്യത്യസ്തമേഖലകളിൽ പ്രതിഭ തെളിയിച്ച ഈ മഹാനായ കലാകാരൻ ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തോട് ഐക്യദാർഢ്യം പുലർത്തിയ ദേശാഭിമാനി എന്ന നിലയിലും ഓർമിക്കപ്പെടുന്നു.

ബംഗാൾ വിഭജനത്തിനെതിരെ കൊൽക്കത്ത തെരുവുകളിലൂടെ ജാഥ നയിക്കുകയും ജാലിയൻവാലാ ബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് സർ പദവി തിരിച്ചു നൽകുകയും ചെയ്ത ടാഗോർ സ്വാതന്ത്ര്യ സമരചരിത്രത്തിലെ ഒരു അവിസ്മരണീയ ചിത്രമാണ്. സാഹിത്യ നൊബേലിനർഹനായ ആദ്യത്തെ യൂറോപ്പുകാരനല്ലാത്ത വ്യക്തിയാണ് ടാഗോർ (1913). ഗീതാഞ്ജലി എന്ന കൃതിയാണ് ടാഗോറിനെ ഈ വിശ്രുത പുരസ്കാരത്തിനർഹനാക്കിയത്. ഇന്ത്യൻ തപാൽ സ്റ്റാമ്പിലൂടെ ആദരിക്കപ്പെട്ട ആദ്യ നൊബേൽ സമ്മാന ജേതാവാണദ്ദേഹം. ഗീതാഞ്ജലിക്ക് അവതാരികയെഴുതിയത് വില്യം ബർട്ട്ലർ യേറ്റ്സാണ്. ഇദ്ദേഹത്തിന് 1923–ൽ സാഹിത്യനൊബേൽ ലഭിച്ചു. 1915–ൽ ഹാർഡിഞ്ച് പ്രഭു ടാഗോറിന് സർ പദവി സമ്മാനിച്ചു. 1940–ൽ ഓക്സ്ഫോഡ് സർവകലാശാല അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു. ദേവേന്ദ്രനാഥ ടാഗോറിന്റെയും സരളാ ദേവിയുടെയും മകനായി 1861 മെയ് ഏഴിന് കൊൽക്കത്തയിലെ ജോരസങ്കോ മാൻഷനിലാണ് ടാഗോർ ജനിച്ചത്. മൃണാളിനി ദേവിയായിരുന്നു ടാഗോറിന്റെ ഭാര്യ. 1896ലെ കോൺഗ്രസ് സമ്മേളനത്തിലാണ് ബങ്കിം ചന്ദ്ര ചാറ്റർജി രചിച്ച വന്ദേമാതരം ആദ്യമായി ആലപിക്കപ്പെട്ടത്. അന്ന് ആ ഗാനം ആലപിച്ചത് ടാഗോറാണ്. ഇന്ത്യയുടെ ദേശീയഗാനമായ ജനഗണമന രചിച്ചത് ടാഗോറാണ്. അത് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയതും ടാഗോറാണ്. ബംഗ്ലാദേശിന്റെ ദേശീയഗാനമായ അമർ സോനാർ ബംഗ്ല രചിച്ചതും ടാഗോറാണ്. രണ്ടു ഏഷ്യൻ രാജ്യങ്ങളുടെ ദേശീയ ഗാനം രചിച്ച ഏക വ്യക്തിയാണദ്ദേഹം. ഗാന്ധിജിയെ ആദ്യമായി മഹാത്മാ എന്നു വിളിച്ചത് ടാഗോറാണ്. ഗുരുദേവ് എന്നാണ് ടാഗോറിനെ ഗാന്ധിജി സംബോധന ചെയ്തത്. ബുദ്ധനുശേഷം ഇന്ത്യ കണ്ട ഏറ്റവും മഹാനായ വ്യക്തി എന്ന് ഗാന്ധിജിയെ വിശേഷിപ്പിച്ചത് ടാഗോറാണ്. ജവാഹർലാൽ നെഹ്റുവിനെ ഋതുരാജൻ എന്നുവിശേഷിപ്പിച്ചത് ടാഗോറാണ്. രവീന്ദ്രനാഥ് ടാഗോറാണ് ശ്രീനികേതൻ എന്ന ഗ്രാമോദ്ധാരണ പദ്ധതിയുടെ ഉപജ്ഞാതാവ്. കാലത്തിന്റെ കപോലത്തിലെ കണ്ണുനീർത്തുള്ളി എന്ന് താജ്മഹലിനെ വിശേഷിപ്പിച്ചത് ടാഗോറാണ്. നൊബേൽ ജേതാവ് അമർത്യാസെന്നിന് ആ പേരു നൽകിയതും അദ്ദേഹമാണ്.

1921–ൽ ടാഗോർ വിശ്വഭാരതി സർവകലാശാല സ്ഥാപിച്ചു. പോസ്റ്റ് ഓഫീസ്, കാബൂളിവാലാ എന്നിവ രചിച്ചത് ടാഗോറാ



ണ്. ഇന്ത്യയിലെ റേഡിയോ പ്രക്ഷേപണത്തിന് ആകാശവാണി എന്ന പേര് ടാഗോറിന്റെ സംഭാവനയാണ്. ടാഗോർ അഭിനയിച്ച നാടകമാണ് വാല്മീകി പ്രതിഭ. സത്യജിത്റായിയുടെ തീൻ കന്യാ എന്ന ചലച്ചിത്രം ടാഗോറിന്റെ കൃതിയെ ആധാരമാക്കിയുള്ളതാണ്. റിക്കോർഡുകൾ വിൽക്കുന്നതിന് റോയൽറ്റി ലഭിച്ച ആദ്യത്തെ ഇന്ത്യക്കാരനായ ടാഗോറാണ് കൊണാർക്ക് സൂര്യക്ഷേത്രം കണ്ടിട്ട് ഇവിടെ ''ശിലയുടെ ഭാഷ മനുഷ്യന്റെ ഭാഷയെ മറികടക്കുന്നു'' എന്നു പറഞ്ഞത്. 1941 ഓഗസ്റ്റ് ഏഴിന് മഹാകവി ടാഗോർ അന്തരിച്ചു. 1961–ൽ ഭാരതം ടാഗോറിന്റെ ജന്മശതാബ്ദി ആഘോഷിച്ചു. 2004–ൽ ടാഗോറിനു ലഭിച്ച നൊബേൽ സമ്മാനം വിശ്വഭാരതി സർവകലാശാലയിൽനിന്ന് മോഷ്ടിക്കപ്പെട്ടു. ടാഗോറിന്റെ 150–ാം ജന്മവാർഷികം പ്രമാണിച്ച് വിശ്വസാഹോദര്യം ലക്ഷ്യമാക്കിയുള്ള മൂല്യങ്ങൾ പ്രചരിപ്പിക്കുന്നവർക്കായി പുരസ്കാരം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. ടാഗോറിന്റെ 150–ാം ജന്മവാർഷികം പ്രമാണിച്ചാണ് 2011–ൽ ഇന്ത്യൻ റെയിൽവേ സംസ്കൃതി എക്സ്പ്രസ് എന്ന പ്രദർശന തീവണ്ടി ഓടിച്ചത്.

### സരോജിനി നായിഡു (1879–1949)

ബുൾബുൾ–ഇ–ഹിന്ദ് ("Bulbul-e-Hind') എന്ന് ഗാന്ധിജി വിശേഷിപ്പിച്ച 'ഇന്ത്യയുടെ വാനമ്പാടി'യായ സരോജിനി നായിഡുവാണ് കോൺഗ്രസ് പ്രസിഡന്റായ ആദ്യ ഇന്ത്യൻ വനിത. ദ ഗോൾഡൻ ത്രെഷോൾഡ് (1905), ബേഡ് ഓഫ് ടൈം (1912), ബ്രോക്കൺ വിങ് (1917), രാജകീയ മുരളി (1937) തുടങ്ങിയ രചനകളിലൂടെ കാവ്യലോകത്ത് അവർ സ്ഥാനമുറപ്പിച്ചു. 1879 ഫെബ്രുവ



രി 13ന് അഘോരനാഥ് ചതോപാധ്യായയുടെയും വരദസുന്ദരിയുടെയും മകളായി ജനിച്ചു. 1891–ൽ മെട്രിക്കുലേഷൻ പാസായി. 1895–ൽ ഉപരിപഠനത്തിന് ലണ്ടനിൽപോയി. കിങ്സ് കോളേജിലും പിന്നീട് കേംബ്രിഡ്ജിലെ ഗിർട്ടണിലും പഠിച്ചു. പരീക്ഷകളെഴുതാതെ 1898 സെപ്തംബറിൽ സരോജിനി ഇന്ത്യയിലേക്ക് മടങ്ങി. 1898 ഡിസംബർ രണ്ടിന് ഡോ. ഗോവിന്ദരാജലു നായിഡുവുമായി വിവാഹം. ഗോപാലകൃഷ്ണഗോഖലെയാണ് ആദ്യ രാഷ്ട്രീയഗുരു. 1914–ൽ ലണ്ടനിൽവച്ച് ആദ്യമായി ഗാന്ധിജിയെ കണ്ടു. വളരെപ്പെട്ടെന്ന് സരോജിനി ഗാന്ധിശിഷ്യയായി. അഖിലേന്ത്യാ വനിതാ സംഘടനയുടെ രൂപവത്ക്കരണത്തിൽ മുഖ്യ പങ്കുവഹിച്ചു. ഹോംറൂൾ പ്രസ്ഥാനത്തിലും പ്രവർത്തിച്ചു. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച്, ബ്രിട്ടീഷ് സർക്കാർ നൽകിയ 'കേസരി ഹിന്ദ്' ബഹുമതി തിരികെ നൽകി. ഉപ്പു സത്യഗ്രഹസമയത്ത് (1930) ഗാന്ധിജിയും തുടർന്ന് സമരത്തിനു നേതൃത്വം നൽകിയ അബ്ബാസ് തയബ്ജിയും അറസ്റ്റിലായപ്പോൾ സരോജിനിയാണ് സമരം നയിച്ചത്. ഇന്ത്യ സ്വതന്ത്രമായപ്പോൾ, ഇന്ത്യയിലെ ആദ്യ വനിതാ ഗവർണറായി ഉത്തർപ്രദേശിൽ സ്ഥാനമേറ്റു. 1949 മാർച്ച് രണ്ടിന് അന്തരിച്ചു. •

# ENRICH YOUR GK

**ANISH P K**

1) The youngest player to score a century in International Cricket.
(a) Smrithi Manthana (b) Amy Hunter
(c) Mithali Raj (d) Anjum Chopra
2) The Organisation which was instrumental in the passage of the RTI Act was 'Mazdoor Kisan Shakti Sangathan'. This organisation was founded in
(a) Delhi (b) Madhya Pradesh
(c) Rajastan (d) Maharashtra
3) "I know only one culture, that is Agricultre" who said this.
(a) Lal Bahadur Shasthri
(b) M S Swaminathan
(c) A B Vajpayee
(d) Sardar Vallabhai Patel
4) Jarvik-7 the first artificial heart was developed by
(a) Christian Bernad (b) Barnie Clarke
(c) Robert K Jarvik
(d) Alian F Carpentier
5) Which of the following is considered as the 'Motor Sports City of India?'
(a) Coimbatore (b) Kochi
(c) Bangalore (d) Pune
6) Who translated Rabindra Nath Tagore's Nobel Prize winning work 'Gitanjali' to Malayalam?
(a) Thakazhy Siva Sankara Pillai
(b) Sardar K M Panicker
(c) S K Pottekad
(d) G Sankarakurup
7) The first branch of Bharathiya Mahila Bank in Kerala is at
(a) Neyyattinkara
(b) Kesavadasapuram
(c) Kamaleswaram (d) Kazhakoottom
8) Nedungadi bank merged in Punjab National Bank in the year ............
(a) 2000 (b) 2002
(c) 2003 (d) 2005
9) The word 'Monsoon' has been derived from the Arabic word 'Mausim' which means
(a) Rain (b) Winds
(c) Seasons (d) Climate
10) The shortest border of India is with ..........
(a) Bhutan (b) Afganisthan
(c) Nepal (d) Myanmar
11) Bannerghatta, the first butterfly park in India is situated in




(a) Karnataka (b) Assam
(c) Odisha (d) Uttarakhand
12) In India Chickungunya was first reported in ..........
(a) Bhopal (b) Bhubaneswar
(c) Mumbai (d) Kolkatta
13) The Vitamin which prevents premature graying of the hair
(a) Vit B 7 (b) Vit B12
(c) Vit B 9 (d) Vit B 6
14) The first Cyber Police station in Kerala
(a) Pattom (b) Ulloor
(c) Poojappura (d) Karyavattom
15) The first space station launched by USA
(a) Salyut I (b) Skylab



(c) Viking (d) Voyager I
16) Father of Modern Periodic Table
(a) Mendeleev (b) Moseley
(c) Dobereiner (d) Meyer
17. The first Railway Minister of independent India
(a) Lalbahadur Shasthri
(b) John Mathai
(c) Pnambilly Govinda Menon
(d) None of these
18. 'Yatravisvam Bhavatyekanidam' is the motto of
(a) Jawaharlal Nehru University
(b) Nalanda University
(c) Viswa Bharati University
(d) Indira Gandhi National Open University
19. Whose autobiography is 'Playing to win'?
(a) Sachin Tendulkar (b) P V Sindhu



(c) Saina Nehwal (d) Kapil Dev
20. The first cricketer to score a century in T-20 cricket.
(a) Rohit Sharma (b) A B Devilliers
(c) Shahid Afridi (d) Chris Gayle
21) Who succeeded Rajiv Gandhi as the Prime Minister of India
(a) P V Narasimha Rao
(b) Chandra Shekhar
(c) Vishwanath Pratap Singh
(d) H D Deve Gowda
22) Einstein was awarded Nobel Prize for
(a) Special Theory of Relativity
(b) General Theory of Relativity
(c) Brownian Movement
(d) Explaining photo electric effect
23) The Mascot of Kerala Traffic Police
(a) Appu (Baby Elephant)
(b) Pappu (Zebra)
(c) Bholu (Elephant) (d) Iba (Lioness)
24) What percent of Moon can be seen from Earth?
(a) 50 (b) 51
(c) 59 (d) 61
25) '7, Race Cource Road' India's most famous address has been renamed as
(a) Ekatma Marg
(b) Deen Daya Upadhyaya Marg
(c) Sardar Patel Road
(d) Lok Kalyan Marg
26) The first director of Kerala Language Institute
(a) Vallathol
(b) Ulloor S Parameswara Iyyer
(c) Kumaranasan
(d) N V Krishna Warier
27) The famous statue in front of the Govt. Secretariat, Thiruvananthapuram, from which the name 'Statue Junction' is evolved, is that of ........
(a) Swati Tirunal (b) Madhava Rao
(c) Ayilyam Tirunal (d) Rama Rao
28) In Which language Gandhiji started the weekly 'Young India'?
(a) English (b) Marathi
(c) Gujarati (d) Hindi
29) The heart beat rate of Elephant per minute
(a) 72 (b) 25
(c) 120 (d) 140
30) The feature film Chandrayaan is based on the glorious story of India's first Lunar Mission. Who directed this movie?
(a) Sarath Kumar (b) Sohan Roy
(c) Major Ravi
(d) Santhosh George Kulangara
31) The first private FM Radio station of Kerala
(a) Red FM 93.5 (b) Club FM 94.3
(c) Radio Mango 91.9 (d) Big FM 92.7
32) CSF (Cerebrospinal Fluid) Test is used to diagnose
(a) Leprosy (b) AIDS
(c) Meninjitis (d) Malaria
33) Which planet has the highest escape velocity?
(a) Earth (b) Saturn
(c) Jupiter (d) Neptune
34) International Yoga day is on
(a) July 21 (b) January 12
(c) June 21 (d) June 12
35) The creator of famous cartoon character 'The common Man'
a) K Shankar b) R K Laxman
c) Manjula Padmanabhan
d) Abu Abraham
36) Who was the Chief Minister when Kerala attained 100% literacy in 1991?



(a) A K Antony (b) K Karunakaran
(c) E K Nayanar (d) None of these
37) Which of the following is / are correctly matched?
(i) Kerala Valmiki - Vallathol
(ii) Kerala Vyasan - Keralavarma Valiyakoyi Thampuran
(iii) Kerala Panini - A R Raja Raja Varma
(iv) Kerala Scott - C V Raman Pillai
(a) i and ii (b) i, ii, & iii
(c) ii, iii & iv (d) All are correct
38) The first Keralite to be inscribed on a coin of Reserve Bank of India?
(a) Ayyankali
(b) Chattambi Swamikal
(c) Sree Narayana Guru
(d) Kumaranasan
39) India's ranking among the 116 countries, in the recently released Global Hunger Index?
(a) 100 (b) 101
(c) 99 (d) 102
40) In which century Thacholi Othenan lived?
(a) 15th (b) 16th
(c) 17th (d) 18th
41) Marco Polo reached Kerala in
(a) 1229 (b) 1292
(c) 1231 (d) 1213
42) Which constituency was represented by EMS Namboothiripadu in the first Kerala Legislative Assembly?
(a) Manjeswaram (b) Dharmadom
(c) Neeleswaram (d) Vattiyoorkavu



43) The fish that can climb trees
(a) Anabus (b) Dolphin
(c) Dog fish (d) Eel
44) While sleeping, a person's blood pressure............
(a) increases (b) decreases
(c) No difference (d) becomes zero
45) Who performed the role of Jawaharlal Nehru in the film 'Gandhi'?
(a) Jabbar Patel (b) Ben Kingsley
(c) Roshan Seth (d) Sayyid Jeffri
46) Taliban was thrown out of power by the Military operation of USA in the year
(a) 2001 (b) 2003
(c) 1999 (d) 2004
47) Doordarshan started programme in Malayalam from Trivandrum in .............
(a) 1982 (b) 1983
(c) 1984 (d) 1985
48) In how many languages the denomination is printed in Indian currencies?
(a) 15 (b) 16
(c) 17 (d) 22
49) World Statistics day is observed on
(a) October 15 (b) November 20
(c) November 15 (d) October 20
50) A person who does not believe in the institution of marriage is known as ...........
(a) Misogynist (b) Misogamist
(c) Misanthrope (d) Mercenary

**ANSWERS**

1 (b), 2 (c), 3 (d), 4 (c), 5 (a), 6 (d), 7 c), 8 (c), 9 (c), 10 (b), 11 (a), 12 (d), 13 (a), 14 (a), 15 (b), 16 (b), 17 (b), 18 (c), 19 (c), 20 (d), 21 (c), 22 (d), 23 (b), 24 (c), 25 (d), 26 (d), 27 (b), 28, (a), 29 (b), 30 (d), 31 (c), 32 (c), 33 (c), 34 (c), 35 (b), 36 (c), 37 (d), 38 (c), 39 (b), 40 (b), 41 (b), 42 (c), 43 (a), 44 (b), 45 (c), 46 (a), 47 (d), 48 (c), 49 (d), 50 (b)

# LANGUAGE CORNER

**ഇംഗ്ലീഷ്, മലയാളം ഭാഷകളിലെ വ്യാകരണ ശൈലിയിലും അതിന്റെ പ്രയോഗങ്ങളിലുമുള്ള വൈകല്യങ്ങളെ ലളിതമായി അനാവരണം ചെയ്യുന്ന പംക്തി**

**അരുൺ ജി മംഗലത്ത്, ഷിബു എ എസ്**

## English made easy 31

### Use of Modal Auxiliary Verbs - 5

Modal auxiliary vebs ൽ will, shall, would, should, can & could, may & might, must, ought to, to be + എന്നിവയുടെ ഉപയോഗ പ്രയോഗങ്ങൾ പോയലക്കങ്ങളിൽ പരിശോധിച്ചിരുന്നുവല്ലോ. ഇനി, ബാക്കിയുള്ളവ നോക്കാം.

### 10. Usage of Dare & Need

Need, Dare എന്നിവ സാധാരണമായി semi-modals എന്നാണു വിളിക്കപ്പെടുന്നത്. Main/lexical/full/ordinary verbs ആയും modal auxiliary verbs ആയും ഇവയെ ഉപയോഗിക്കുന്നുണ്ട് എന്നതാണ് ഇതിന്നു കാരണം.

എങ്കിലും main verb എന്ന രീതിയിലാണ് ഇവയെ കൂടുതലും ഉപയോഗിച്ചുകാണുന്നത്.

Non-assertive ആയ contexts ൽ (പ്രധാനമായി negative/interrogative sentence ൽ) ഉപയോഗിക്കുമ്പോളാണ് ഇവയ്ക്ക് modal സ്വഭാവം കൈവരുന്നത്.

A. **Dare** (തുനിയുക, മുതിരുക, ഒരുമ്പെടുക, ധൈര്യപ്പെടുക)

~~~~~~~~~~~~~~~~

Main verb ആകുമ്പോൾ 'do +' format ലും (dare, dares, dared) Auxiliary verb ആകുമ്പോൾ dare ആയും ഉപയോഗിക്കുന്നു.

Eg: i) He dares to oppose you. (Main)
ii) He does not dare to oppose you. (Main)
iii) She did not dare her sister to touch her. (Main)
iv) He dare not abuse his rivals. (Auxiliary)
v) I dare say my friend will pass. (Auxiliary)
vi) Dare he not say like this ? (Auxiliary)

**Usages of Dare (as modal)**

**a) to express indignation (രോഷപ്രകടനം)**

Eg: i) How dare you speak like this?
ii) Dare you go outside now ?

b) to use in the **sense of 'daresay'** (ശരിയാണെന്നു കരുതുക)/ **suppose**

Eg: i) I dare say he will come. (I suppose)
ii) I dare say they will be happy to get this news. (I suppose)

Note: ഇത്തരത്തിൽ 'daresay' ഉപയോഗിക്കുന്നത് 1st person singular നൊപ്പമാണ്.

c) **Infinitives after 'Dare'** (dare + [to] + infinitive)

~~~~~~~~~~~~~~~~

Negative/interrogative sentences ൽ do/does/did നുശേഷം to + infinitive ആണ് സാധാരണഗതിയിൽ പ്രയോഗിക്കുന്നതെങ്കിലും dare നോടൊപ്പം to ഒഴിവാക്കാറാണ് പതിവ്.

Eg: i) He doesn't dare (to) say anything.
ii) Did he dare (to) say anything ?

B. **'Need'** (require = വേണ്ടിവരിക, ആവശ്യമുള്ളതായിത്തീരുക, ആവശ്യമുള്ളതായിവരിക)

~~~~~~~~~~~~~~~~

Main verb ആകുമ്പോൾ 'do +' format ലും (need/needs/needed) Modal auxiliary ആകുമ്പോൾ need ആയും ഉപയോഗിക്കുന്നു.

Eg: i) He needs to work hard. (Main verb)
ii) You do not need to work now. (Main verb)
iii) Do you need to work now ? (Main verb)
iv) Need I write to him ? (Modal auxiliary)
v) He need not phone to her. (Modal auxiliary)
vi) You need not come to the office tomorrow. (Modal auxiliary)

**Usages of 'Need' (as Modal auxiliary)**

~~~~~~~~~~~~~~~~

Modal auxiliary verb എന്ന നിലയിൽ negative/interrogative sentences ലാണ് need/need not സാധാരണമായി ഉപയോഗിച്ചുകാണുന്നത്.

Eg: i) You need not have gone there.
ii) Shibu need not have phoned to her yesterday.
iii) Need he talk to her ?

**11. Usages of 'Used to' (to show a habitual action = ഉണ്ടായിരുന്ന/ഉള്ള ശീലങ്ങളെ സൂചിപ്പിക്കുന്നു)**

Eg: i) He used to go to office by car. (Still)
ii) He used not to visit his wife house. (Habit)
iii) He didn't use to visit his ancetsral home. (Habit)
iv) Deepa used to study at noons. (Would)
v) He used to play hockey. (Now he has stopped. Here 'used to' refers to a discontinued action)
vi) He is used to getting up early. (Accustomed to)
vii) He will be used to taking dinner early. (Will get accustomed to it)
viii) He used to talk highly of her before his marriage. (Shows a past habitual action)

(തുടരും....)

# സുന്ദരമലയാളം

### വാക്പ്രയോഗങ്ങളിലെ ശരിയും തെറ്റും.

കഴിഞ്ഞ ലക്കത്തിൽ 'പ' എന്ന അക്ഷരത്തിൽ തുടങ്ങുന്ന ചില വാക്കുകൾ നോക്കിയിരുന്നല്ലോ. ബാക്കിയുള്ളവ പരിശോധിക്കാം.

**പ**

| തെറ്റ് | ശരി |
|---|---|
| പഠിച്ച് ഉറപ്പിക്കുക | പഠിച്ചുറപ്പിക്കുക |
| പണപിരിവ് | പണപ്പിരിവ് |
| പണ കിഴി | പണക്കിഴി |
| പണയ ചീട്ട് | പണയച്ചീട്ട് |
| പണികുറവ് | പണിക്കുറവ് |
| പണി കുറ്റം | പണിക്കുറ്റം |
| പണി കൂലി | പണിക്കൂലി |
| പണി സഞ്ചി | പണിസ്സഞ്ചി |
| പണ്ടത്തെ കാര്യം | പണ്ടത്തെക്കാര്യം |
| പണ്ടത്തേതു പോലെ | പണ്ടത്തേതുപോലെ |
| പണ്ടേ പോലെ | പണ്ടേപ്പോലെ |
| പണ്ഡിതനെ കുറിച്ച് | പണ്ഡിതനെക്കുറിച്ച് |
| പണ്ഡിതനെ പോലെ | പണ്ഡിതനെപ്പോലെ |
| പതിനെട്ടാം പടി | പതിനെട്ടാംപടി |
| പതിനാല് | പതിന്നാല് |
| പതിമൂന്ന് | പതിമ്മൂന്ന് |
| പതീപത്നിമാർ | പതിപത്നിമാർ |
| പതിവ്രതാ രത്നം | പതിവ്രതാരത്നം |
| പതുക്കെ | പതുക്കേ |
| പതുക്കവെ | പതുക്കവേ |
| പതുങ്ങി പതുങ്ങി | പതുങ്ങിപ്പതുങ്ങി |
| പട്ടിണി പാവം | പട്ടിണിപ്പാവം |
| പത്തായ പുര | പത്തായപ്പുര |
| പത്തു മണി പൂവ് | പത്തുമണിപ്പൂവ് |
| പത്രിക സമർപ്പണം | പത്രികാസമർപ്പണം |
| പത്മം | പദ്മം |
| പത്മനാഭൻ | പദ്മനാഭൻ |
| പദ്ധതി പണം | പദ്ധതിപ്പണം |
| പദ്ധതിയിതരം | പദ്ധതീതരം |
| പദ്ധതി ഇതര ചെലവുകൾ | പദ്ധതീതരച്ചെലവുകൾ |
| പനംകരിക്ക് | പനങ്കരിക്ക് |
| പനംകൽക്കണ്ട് | പനങ്കല്ക്കണ്ട് |
| പനംകുല | പനങ്കുല |
| പനംചക്കര | പനഞ്ചക്കര |
| പനംതേങ്ങ | പനന്തേങ്ങ |
| പനംപഴം | പനമ്പഴം |
| പനയോല കുട | പനയോലക്കുട |
| പനയോല തൊപ്പി | പനയോലത്തൊപ്പി |
| പനി കൂർക്ക | പനിക്കൂർക്ക |
| പനിനീർ ചെമ്പകം | പനിനീർച്ചെമ്പകം |
| പനിനീർ പുഷ്പം | പനിനീർപ്പുഷ്പം |
| പനിനീർ പൂവ് | പനിനീർപ്പൂവ് |
| പന്തീരടി പൂജ | പന്തീരടിപ്പൂജ |
| പന്ത് കളി | പന്തുകളി |
| പയ്യെപ്പയ്യെ | പയ്യപ്പയ്യേ |
| പയ്യവെ | പയ്യവേ |
| പയ്യെ | പയ്യേ |
| പയ്യെ തിന്നുക | പയ്യെതിന്നുക |
| പരകായ പ്രവേശം | പരകായപ്രവേശം |
| പരക്കെ | പരക്കേ |
| പരക്കവെ | പരക്കവേ |
| പരക്കം പായുക | പരക്കംപായുക |
| പരതത്വം | പരതത്ത്വം |
| പരതന്ത്രത്ത്വം | പരതന്ത്രത്വം |
| പരത്തി പറയുക | പരത്തിപ്പറയുക |
| പരന്നു കിടക്കുക | പരന്നുകിടക്കുക |
| പരത്ത്വം | പരത്വം |
| പരപീഢനം | പരപീഡനം |
| പരകാഷ്ട | പരകാഷ്ഠ |
| പരമാർത്ഥ ജ്ഞാനം | പരമാർത്ഥജ്ഞാനം |
| പരമ്പരാർജിതം | പരമ്പരാർജ്ജിതം |

(തുടരും....)

# പൊതുവിജ്ഞാന ദർപ്പണം

1 നവജാതശിശുവിന്റെ അസ്ഥികളുടെ എണ്ണം– 300
2 നാവികരുടെ പ്ലേഗ് എന്നറിയപ്പെടുന്നത് – സ്കർവി
3 നാഷണൽ ഹെറാൾഡ് എവിടെ നിന്നുമാണ് പ്രസിദ്ധീകരിച്ചത്– ലക്നൗ
4 നാഷണൽ പോലീസ് അക്കാദമി ആരുടെ പേരിൽ നാമകരണം ചെയ്തിരിക്കുന്നു– സർദാർ പട്ടേൽ
5 നാഷണൽ സോഷ്യലിസം ആരുടെ പ്രത്യയശാസ്ത്രമായിരുന്നു– ഹിറ്റ്ലർ
6 നാഗാർജുനൻ, വസുമിത്രൻ, സുശ്രുതൻ എന്നിവർ ആരുടെ സദസ്സിലായിരുന്നു– കനിഷ്കൻ
7 നാഗാർജുൻ സാഗർ ഡാം ഏത് സംസ്ഥാനത്താണ് – ആന്ധ്രാപ്രദേശ്



8 നാഗാലാൻഡിലെ ഔദ്യോഗിക ഭാഷ– ഇംഗ്ലീഷ്
9 നീലഗിരിയിൽ കാണുന്ന ഗോത്രവിഭാഗം – തോഡർ
10 ന്യൂനപക്ഷസർക്കാരിന്റെ തലവനായ ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി– ചരൺസിങ്
11 ന്യൂക്ലിയർ ഫിസിക്സിന്റെ പിതാവ്– റുഥർഫോർഡ്
12 ന്യൂക്ലിയർ റിയാക്ടറുകളിൽ ഘനജലം (ഹെവി വാട്ടർ) എന്തായിട്ടാണ് ഉപയോഗിക്കുന്നത്– മോഡറേറ്റർ
13 ന്യൂമാറ്റിക് ടയർ കണ്ടുപിടിച്ചത്– ഡൺലപ്
14 ന്യൂക്ലിയർ ഫിഷൻ കണ്ടുപിടിച്ചത്– ഓട്ടോ ഹാൻ
15 ന്യൂട്രോൺ കണ്ടുപിടിച്ചത്– ജെയിംസ് ചാഡ്വിക്ക്
16 ന്യൂയോർക്ക് നഗരത്തിന്റെ പഴയപേര്– ന്യൂ ആംസ്റ്റർഡാം
17 ന്യൂയോർക്ക് നഗരം ഏത് നദിയുടെ തീരത്താണ്– ഹഡ്സൺ
18 ന്യൂറോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്– നാഡീവ്യൂഹം
19 ന്യൂഡൽഹിയുടെ യോജനാ നിർമാതാവ് – എഡ്വിൻ ലുട്യൻസ്
20 നദിയിൽ സ്ഥിതിചെയ്യുന്ന ഇന്ത്യയിലെ ഏക മേജർ തുറമുഖം –കൊൽക്കത്ത
21 നദികളെക്കുറിച്ചുള്ള പഠനം – പോട്ടമോളജി
22 പച്ച ഗ്രഹം എന്നറിയപ്പെടുന്നത്– യുറാനസ്
23 പച്ച സ്വർണം എന്ന് വിശേഷിപ്പിക്കപ്പെടുന്നത്– വാനില



24 പച്ചനിറം മാത്രമുള്ള ദേശീയ പതാക ഏത് രാജ്യത്തിന്റേത്– ലിബിയ
25 പക്ഷിവർഗത്തിലെ പൊലീസ് എന്നറിയപ്പെടുന്നത്– കാക്കത്തമ്പുരാട്ടി
26 പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്തസമ്മേളനം വിളിച്ചുചേർക്കുന്നത്– രാഷ്ട്രപതി
27 പഞ്ച ലോഹങ്ങളിലെ ഘടകങ്ങൾ– സ്വർണം,ചെമ്പ്,വെള്ളി,ഈയം,ഇരുമ്പ്
28 പഞ്ചവത്സരപദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുന്നത്– ദേശീയ വികസനസമിതി
29 പഞ്ചസിദ്ധാന്തിക, ബൃഹത്സംഹിത എന്നിവ രചിച്ചത്– വരാഹമിഹിരൻ
30 പഞ്ചാബിനെ ബ്രിട്ടീഷ് ഇന്ത്യയോട് ചേർത്ത ഗവർണർ ജനറൽ– ഡൽഹൗസി
31 പരമാണു സിദ്ധാന്തം ഉന്നയിച്ച പുരാതനഭാരത ദാർശനികൻ– കണാദൻ
32 പഷ്തൂണുകൾ ഏതുരാജ്യത്തെ ജനവിഭാഗമാണ്– അഫ്ഗാനിസ്താൻ
33 പസഫിക്കിന്റെ മുത്ത് എന്നറിയപ്പെടുന്നത്– ഗുയയാകിൽ തുറമുഖം
34 പസഫിക്കിന്റെ കവാടം എന്നറിയപ്പെടുന്നത്– പനാമാ കനാൽ
35 പസഫിക് സമുദ്രത്തിന് ആ പേരു നൽകിയത്– മഗല്ലൻ
36 പഹാരി ഭാഷ ഏതു സംസ്ഥാനത്താണ് ഉപയോഗത്തിലുള്ളത്– ഹിമാചൽ പ്രദേശ്
37 പാർലമെന്റിനെ അഭിമുഖീകരിക്കാത്ത ഏക ഇന്ത്യൻ പ്രധാനമന്ത്രി– ചരൺസിങ്
38 പട്ടിണി ജാഥ നയിച്ചത് – എ.കെ.ഗോപാലൻ



39 പാർലമെന്റിന്റെ ഏതെങ്കിലുമൊരു സഭയിൽ അംഗമല്ലാതെ പ്രധാനമന്ത്രിയായ ആദ്യ വ്യക്തി– നരസിംഹറാവു
40 പാർലമെന്റിലെ ഏറ്റവും വലിയ കമ്മിറ്റിയായ എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലെ അംഗങ്ങൾ– 30
41 പാറ്റാഗുളികയായി ഉപയോഗിക്കുന്നത്– നാഫ്തലീൻ
42 പാറ്റ്ന നഗരത്തിന്റെ പഴയ പേര്– പാടലീപുത്രം
43 പാലവംശം സ്ഥാപിച്ചത്– ഗോപാലൻ
44 പാലിന് രുചി നൽകുന്നത്– ലാക്ടോസ്
45 പാലിത്താന ഏതു മതക്കാരുടെ ആരാധനാലയങ്ങൾക്കു പ്രസിദ്ധം– ജൈനർ
46 പാലിൽ അടങ്ങിയിരിക്കുന്ന പഞ്ചസാര– ലാക്ടോസ്
47 പാലിൽ അടങ്ങിയിരിക്കുന്ന മാംസ്യം– കേസീൻ
48 പാലിയന്റോളജി എന്തിനെക്കുറിച്ചുള്ള പഠനമാണ്– ഫോസിൽ
49 പാലിലടങ്ങിയിരിക്കുന്ന ലാക്ടോസിനെ ദഹിപ്പിക്കാൻ ശരീരം ഉൽപാദിപ്പിക്കുന്ന എൻസൈം– ലാക്ടേസ്
50 പാലിനെ തൈരാക്കുന്ന ബാക്ടീരിയ– ലാക്ടോബാസില്ലസ്
51 പാലിന്റെ മഞ്ഞനിറത്തിനു കാരണം എന്തിന്റെ സാന്നിധ്യമാണ്– കരോട്ടിൻ
52 പാഴ്സി മതം സ്ഥാപിച്ചത്– സോരാസ്റ്റർ
53 പാഴ്സികളുടെ പുരാതന അഗ്നിക്ഷേത്രങ്ങളുള്ള ഉഡ്വാഡ ഏതു സംസ്ഥാനത്താണ്– ഗുജറാത്ത്
54 പാവങ്ങളുടെ മൽസ്യം എന്നറിയപ്പെടുന്നത്– ചാള



55 പാവങ്ങളുടെ താജ്മഹൽ എന്നറിയപ്പെടുന്നത്– ബിബി കാ മഖ്ബറ
56 പാകിസ്താനിൽനിന്നുള്ള നുഴഞ്ഞുകയറ്റക്കാരെ പുറത്താക്കാൻ കാർഗിലിൽ നടത്തിയ സൈനിക നടപടി– ഓപ്പറേഷൻ വിജയ്
57 പാകിസ്താനിലെ ഏറ്റവും നീളം കൂടിയ നദി –സിന്ധു
58 പാകിസ്താന്റെ സാംസ്കാരിക ആസ്ഥാനമായി കണക്കാക്കപ്പെടുന്ന നഗരം–ലാഹോർ
59 പാകിസ്താന്റെ ദേശീയ ഗാനം– ക്വാമി തരാന
60 പാചകവാതകത്തിലെ പ്രധാനഘടകം– ബ്യൂട്ടേൻ
61 പിന്നിലേക്കു പറക്കാൻ കഴിവുള്ള പക്ഷി – ഹമ്മിങ് പക്ഷി
62 പിന്നണി ഗായികയെന്ന നിലയിൽ പ്രശസ്തയായ ഭാരതരത്നം ജേതാവ്– ലതാ മങ്കേഷ്കർ
63 പിള്ളവാതത്തിനു പ്രതിരോധ ചികിത്സ കണ്ടുപിടിച്ചത്– ജോനാസ് സാൽക്ക്
64 പിയാത്ത എന്ന ശില്പം നിർമിച്ചത്– മൈക്കലാഞ്ചലോ
65 പിരമിഡുകൾ ഏതു നദിയുടെ തീരത്താണ് – നൈൽ
66 പിരമിഡുകളുടെ നാട് എന്നറിയപ്പെടുന്ന രാജ്യം– ഈജിപ്ത്
67 പിശാചിന്റെ ഹൃദയമുള്ള പുണ്യവാളൻ എന്നു വിശേഷിപ്പിക്കപ്പെട്ട ഡൽഹി സുൽത്താൻ– മുഹമ്മദ് ബിൻ തുഗ്ലക്
68 പിസയിലെ ചരിഞ്ഞ ഗോപുരത്തിന്റെ ശിൽപി– ബനാനസ്
69 പിതൃഹത്യയിലൂടെ സിംഹാസനം കൈയടക്കിയ ഇന്ത്യാചരിത്രത്തിലെ ആദ്യത്തെ രാജാവ്– അജാതശത്രു
70 പൂർണമായി ഇന്ത്യയിലൂടെ ഒഴുകുന്ന നദികളിൽ നീളത്തിൽ ഒന്നാം സ്ഥാനമുള്ള നദി –ഗോദാവരി
71 ഫിറോസ്പൂർ ഏത് നദിയുടെ തീരത്താണ്– സത്ലജ്
72 ഫുട്ബോളിന്റെ മറ്റൊരു പേര്– സോക്കർ (അസോസിയേഷൻ ഫുട്ബോൾ)
73 ഫുട്ബോളിലെ കറുത്ത മുത്ത് എന്നറിയപ്പെടുന്നത്– പെലെ
74 ബഹിരാകാശയാത്രികയായ ആദ്യ ഇന്ത്യൻ വംശജ– കൽപനാ ചൗള
75 ബാലചന്ദ്രമേനോനെ ഭരത് അവാർഡിനർഹനാക്കിയ ചിത്രം– സമാന്തരങ്ങൾ
76 ബിഗ് ബോർഡ് എന്ന അപരനാമത്തിലറിയപ്പെടുന്ന സ്റ്റോക്ക് എക്സ്ചേഞ്ച്– ന്യൂയോർക്ക്
77 ബിസ്മില്ലാഖാൻ അറിയപ്പെടുന്നത് ഏത് സംഗീതോപകരണവുമായി ബന്ധപ്പെട്ട്– ഷെഹനായി
78 ബീഗം ഹസ്രത്ത് മഹൽ ആധുനിക ഇന്ത്യയിലെ ഏതു സംഭവമായി ബന്ധപ്പെട്ടിരിക്കുന്നു– 1857–ലെ കലാപം
79 ബുക്കർ സമ്മാനം ലഭിച്ച ആദ്യ മലയാളി വനിത–അരുന്ധതി റോയി
80 ബുക്കർ സമ്മാനം നേടിയ ആദ്യ ഇന്ത്യൻ വംശജൻ – വി.എസ്.നയ്പോൾ
81 ഭിലായ് സ്റ്റീൽ പ്ലാന്റ് ഏതു സംസ്ഥാനത്താണ്– ഛത്തീസ്ഗഢ്
82 ബ്ളാക്ക് ലെഡ് എന്നറിയപ്പെടുന്നത്– ഗ്രാഫൈറ്റ്
83 ബംഗ്ലാദേശിനാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഇന്ത്യൻ സംസ്ഥാനം– ത്രിപുര
84 ഭയപ്പെടുമ്പോൾ ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഹോർമോൺ–അഡ്രിനാലിൻ
85 ഭരണഘടനപ്രകാരം ഇന്ത്യയിൽ നിർവഹണാധികാരം ആരിൽ നിക്ഷിപ്തമായിരിക്കുന്നു– പ്രസിഡന്റ്
86 ബുദ്ധമതക്കാർ ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനം– മഹാരാഷ്ട്ര
87 ഭാഗധേയത്തിന്റെ മനുഷ്യൻ എന്നറിയപ്പെട്ടത്– നെപ്പോളിയൻ ബോണപ്പാർട്ട്
88 ഭിട്ടാർകണിക കണ്ടൽക്കാട് ഏത് സംസ്ഥാനത്താണ്– ഒറീസ
89 ഭാഗീരഥിയും അളകനന്ദയും സംഗമിക്കുന്ന സ്ഥലം– ദേവപ്രയാഗ്



90 പ്രത്യക്ഷരക്ഷാദൈവസഭയുടെ ആസ്ഥാനം– ഇരവിപേരൂർ
91 ഫ്രാൻസിലെ എത്രാമത്തെ റിപ്പബ്ലിക്കാണ് ഇപ്പോൾ നിലവിലുള്ളത്– അഞ്ചാമത്തെ
92 ബ്രിട്ടീഷുകാർക്കെതിരെ നാട്ടുകാർ നടത്തിയ ആദ്യത്തെ സംഘടിത കലാപം– ആറ്റിങ്ങൽ ലഹള
93 ബ്രിട്ടീഷ് മലബാർ നിലവിൽവന്നത് ഏത് വർഷത്തിൽ– എ.ഡി.1793
94 ബ്രിട്ടീഷ് ഇന്ത്യൻ പ്രൊവിൻസുകളിൽ ദ്വിഭരണം ഏർപ്പെടുത്തിയ വർഷം– 1919
95 ബ്രിട്ടണിലെ ഏറ്റവും ഉയർന്ന സൈനിക ബഹുമതി– വിക്ടോറിയ ക്രോസ്
96 ശ്രീനാരായണഗുരു 1916–ൽ സന്ദർശിച്ച മഹാൻ– രമണമഹർഷി
97 ശ്രീനാരായണഗുരുവിന്റെ മാതാപിതാക്കൾ– മാടനാശാനും കുട്ടിയമ്മയും
98 1930–ൽ കേരള കലാമണ്ഡലം സ്ഥാപിച്ചത്– വള്ളത്തോൾ നാരായണമേനോൻ
99 1964–ൽ സാഹിത്യ നൊബേൽ നിരാകരിച്ച ഫ്രഞ്ചു തത്ത്വചിന്തകൻ– ജീൻ പോൾ സാർത്രെ
100 1966 ജനുവരി 10ന് ഉസ്ബക്കിസ്ഥാനിലെ താഷ്കെന്റിൽവച്ച് പാകിസ്താൻ പ്രസിഡന്റ് അയൂബ്ഖാനുമായി താഷ്കെന്റ് കരാറിൽ ഒപ്പുവെച്ചത്– ലാൽ ബഹാദൂർ ശാസ്ത്രി ●

**(പേജ് 14ൽ നിന്ന് തുടർച്ച)**

**കുറിപ്പ് :** കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പ്രത്യേക ഇളവുകൾ:**

1. കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലെവൽ എലിജിബിലിറ്റി ടെസ്റ്റ് ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
2. നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
3. പി.എച്ച്.ഡി/എം.ഫിൽ/എം.എഡ് നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം നേടിയ എം.ഫിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല നൽകിയതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതും ബന്ധപ്പെട്ട വിഷയത്തിൽ ഉള്ളതുമായിരിക്കണം.
4. പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ പൊതുവിദ്യാഭ്യാസ സബോർഡിനേറ്റ് സർവീസിലുള്ള അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്.

## കാറ്ററി നമ്പർ : 491/2021
## മെഡിക്കൽ വിദ്യാഭ്യാസം
## ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഡെന്റൽ ഹൈജീനിസ്റ്റ് ഗ്രേഡ് II
**3. ശമ്പളം** : ₹35600–75400/
**4. ഒഴിവുകളുടെ എണ്ണം** : (ഒന്ന്)
**5 നിയമന രീതി** : ഒ.ബി.സി 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 21.03.2017 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 513/13) കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്നതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം ആ തീയതി വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i)ലെ ആനുകൂല്യം ഉൾപ്പെടെ.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2 (i)ഒഴികെ.)

**7. യോഗ്യതകൾ** : 1. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ്സ് ടു ജയിച്ചിരിക്കണം.

2. ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച ഡെന്റൽ കോളേജുകൾ നടത്തുന്ന ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് (ഡിപ്ലോമ/സർട്ടിഫിക്കറ്റ് കോഴ്സ്) വിജയിച്ചിരിക്കണം.

3. സ്റ്റേറ്റ് ഡെന്റൽ കൗൺസിൽ രജിസ്ട്രേഷൻ.

## കാറ്ററി നമ്പർ : 492/2021
## റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II
## (ഓർത്തോട്ടിക്സ്)
## മെഡിക്കൽ വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : റീഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II (ഓർത്തോട്ടിക്സ്)
**3. ശമ്പളം** : ₹ 27900 – 63700/
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ/തീയ്യ/ബില്ലവ 01 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെ പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ഗസറ്റ് തീയതി | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| 31.12.2014 | 23.08.2017 | 654/2014 |

5. നിയമന രീതി : നേരിട്ടുള്ള നിയമനം. (ഈഴവ / തീയ്യ / ബില്ലവ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

കുറിപ്പ് : ഈഴവ/തീയ്യ/ബില്ലവ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18–39; ഉദ്യോഗാർത്ഥികൾ 02/01/1982നും 01/01/2003നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ. പ്രായപരിധി സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട VII പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2നോക്കുക. ഖണ്ഡിക 2(I) ഒഴികെ. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സിൽ കവിയാൻ പാടില്ല.

**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സി പാസായിരിക്കണം.

2. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകരിച്ച സ്ഥാപനങ്ങൾ നടത്തുന്ന പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്സിൽ ഉള്ള സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയിരിക്കണം.

**അല്ലെങ്കിൽ**

റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്ന പ്രോസ്തറ്റിക്സ് & ഓർത്തോട്ടിക്സിലുള്ള ബിരുദം/ഡിപ്ലോമ ഉണ്ടായിരിക്കണം.

മുകളിൽ പറഞ്ഞ ഒന്നും രണ്ടും യോഗ്യതകളുടെ അഭാവത്തിൽ കാർപെന്ററി, ഷീറ്റ്മെറ്റൽ, ഫിറ്റർ എന്നീ ഐ.റ്റി.ഐ ട്രേഡുകൾ വിജയകരമായി പൂർത്തിയാക്കിയവരെ പരിഗണിക്കുന്നതാണ്. ഇവർക്ക് നിയമനം ലഭിക്കുകയാണെങ്കിൽ ഇവരെ ഒരു വർഷത്തേയ്ക്ക് ട്രെയിനികളായി കണക്കാക്കുകയും ഈ തസ്തികയുടെ ശമ്പള നിരക്കിന്റെ മിനിമം ശമ്പളം നൽകുകയും ചെയ്യും.

## കാറ്ററി നമ്പർ : 493/2021
## ഡ്രില്ലിംഗ് അസിസ്റ്റന്റ്
## മൈനിങ് ആന്റ് ജിയോളജി
## ഏഴാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : മൈനിങ് ആന്റ് ജിയോളജി
**2. ഉദ്യോഗപ്പേര്** : ഡ്രില്ലിംഗ് അസിസ്റ്റന്റ്
**3. ശമ്പളം** : ₹ 25,100–57,900/
**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 01 (ഒന്ന്)

**കുറിപ്പ്:** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 31.08.2007 തീയതിയിൽ നിലവിൽ വന്ന മാതൃറാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ.35/06) കാലയളവിൽ മുകളിൽ പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവെച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശുപാർശയും നിയമനവും നടത്തുന്നതുവരെയോ ടി എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 (മൂന്ന്) വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഈ തസ്തികയിലേയ്ക്ക് 10.04.2008ലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 173/08 ആയിട്ടുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനത്തിലും, 29.05.2009 ലെ ഗസറ്റിൽ 201/09 ആയിട്ടുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനത്തിലും, 30.04.2012ലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 154/12 ആയിട്ടുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനത്തിലും, 13.05.2014ലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 225/14 ആയി വിജ്ഞാപനം ചെയ്തിരിക്കുന്ന നാലാം എൻ.സി.എ. വിജ്ഞാപനത്തിലും 10.09.2015ലെ ഗസറ്റിൽ കാറ്റഗറി നമ്പർ. 249/15 ആയി വിജ്ഞാപനം ചെയ്തിരിക്കുന്ന അഞ്ചാം എൻ.സി.എ. വിജ്ഞാപനത്തിലും 30.08.2016ലെ ഗസറ്റിൽ കാറ്റഗറി നമ്പർ.263/16 ആയി വിജ്ഞാപനം ചെയ്തിരിക്കുന്ന ആറാം എൻ.സി.എ. വിജ്ഞാപനത്തിലും യോഗ്യരായ അപേക്ഷകരെ ലഭ്യമാകാത്തതിനാലുള്ള ഏഴാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടിക ജാതി ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം.)

**കുറിപ്പ്:** പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി കളെയും പരിഗണിക്കും. മേൽപ്പറഞ്ഞ സംവരണ വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18–41, ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ. വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 നോക്കുക.

**7. യോഗ്യതകൾ** : 1. ഏഴാം ക്ലാസ്സ് (പുതിയത്) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ യോഗ്യത നേടിയിരിക്കണം.

2. കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ ഡയമണ്ട്കോർ ഡ്രില്ലിംഗ് നടത്തുന്നതിൽ മസ്ദൂർ ആയോ ഹെൽപ്പർ ആയോ ഉള്ള രണ്ട് വർഷത്തെ പരിചയം.

**കുറിപ്പ് :** 1 പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കാണിച്ചിരിക്കുന്ന മാതൃകയിലായിരിക്കണം.

**[പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കും പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിനും വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)]**

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.

## കാറ്ററി നമ്പർ : 494/2021
## സംസ്ഥാന ജലഗതാഗത വകുപ്പ്
## ബോട്ട് ലാസ്ക്കർ
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : സംസ്ഥാന ജലഗതാഗത വകുപ്പ്
**2. ഉദ്യോഗപ്പേര്** : ബോട്ട് ലാസ്ക്കർ
**3. ശമ്പളം** : ₹ 24,400–55,200/
**4. ഒഴിവുകളുടെ എണ്ണം** : ഹിന്ദു നാടാർ 01 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം ഹിന്ദു നാടാർ സമുദായത്തിനു വേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 22.02.2017ൽ (കാറ്റഗറി നമ്പർ : 468/12, ഗസറ്റ് തീയതി: 15.09.2012) നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഹിന്ദു നാടാർ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെയോ ടി NCA റാങ്ക്പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെയോ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (ഹിന്ദു നാടാർ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം )

**കുറിപ്പ്:** ഹിന്ദു നാടാർ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 19–39. ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2002നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) പൊതുവ്യവസ്ഥകളിലെ പാർട്ട് 2 ഖണ്ഡിക 2 (i) ഉൾപ്പെടെ. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ** : 1. മലയാളത്തിലോ, തമിഴിലോ, കന്നടയിലോ ഉള്ള ഭാഷാ പരിജ്ഞാനം.

2. നിലവിൽ പ്രാബല്യത്തിലുള്ള ലാസ്ക്കേഴ്സ് ലൈസൻസ് കൈവശം ഉണ്ടായിരിക്കണം.

**കുറിപ്പ്:** 1). ഉദ്യോഗാർത്ഥികൾക്ക് തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും സാധുതയുള്ള ലാസ്ക്കേഴ്സ് ലൈസൻസ് ഉണ്ടായിരിക്കണം.

## കാറ്ററി നമ്പർ : 495/2021 – 496/2021
## വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ
## ജയിൽ
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : ജയിൽ
**2. ഉദ്യോഗപ്പേര്** : വനിത അസിസ്റ്റന്റ് പ്രിസൺ ഓഫീസർ

**കുറിപ്പ്:** ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും പുരുഷ ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

**3. ശമ്പളം** : ₹ 20,000–45,800/ (PR)
**4. ഒഴിവുകളുടെ എണ്ണം** : സംസ്ഥാനതലം

| കാറ്റഗറി നമ്പർ | ഒഴിവുകളുടെ എണ്ണം |
|---|---|
| 495/2021 | പട്ടികവർഗ്ഗം 1 (ഒന്ന്) |
| 496/2021 | എസ്.സി.സി.സി 1 (ഒന്ന്) |

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ii) മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഈ തസ്തികയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പർ |
|---|---|
| 108/2020/ROQ dated 03.03.2020 | 457/2016 |

(iv) ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ മറ്റ് അനുബന്ധ വ്യവസ്ഥകൾ എന്നിവ 06.05.2014 ലെ G.O(P)No. 89/2014/Home, 9.12.2010 ലെ G.O(P)No. 266/2010/Home, 28.12.2012 ലെ G.O(P) No.337/2012/Home എന്നിവപ്രകാരമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(v) (a) ഈ തസ്തികയിൽ നിയമിതയാകുന്ന ഉദ്യോഗാർത്ഥി

ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

(b) നിയമിതരാകുന്നവർ വകുപ്പ് മേധാവിയുടെ നിർദ്ദേശാനുസരണം ഇൻ സർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതാണ്.

(c) കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് പരീക്ഷ ഇതിനകം വിജയിച്ചിട്ടില്ലാത്തപക്ഷം പ്രൊബേഷൻ കാലാവധിക്കുള്ളിൽ തന്നെ അവർ പ്രസ്തുത പരീക്ഷ വിജയിക്കേണ്ടതാണ്.

(d) വാർഡർ എസ്റ്റാബ്ലിഷ്മെന്റിൽ മറ്റ് തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് സൂക്ഷിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (സംസ്ഥാനാടിസ്ഥാനത്തിൽ). (ST, SCCC സംവരണസമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായപരിധി** : 1) പട്ടിക വർഗ്ഗവിഭാഗത്തിന് : 18–41. ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

2) എസ്.സി.സി.സി വിഭാഗത്തിന് : 18–39, ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

(പൊതുവ്യവസ്ഥകളിലെ പാർട്ട് II ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ).

**കുറിപ്പ്:** പതിനെട്ട് വയസ്സ് പൂർത്തിയായതിന് ശേഷം എസ്.സി വിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരും അപ്രകാരമുള്ള മാതാപിതാക്കളുടെ സന്താനങ്ങളും ഉൾപ്പെട്ട എസ്.സി.സി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). അത്തരം ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 18–41.

ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള മറ്റ് പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ:** (a) വിദ്യാഭ്യാസ യോഗ്യത:

എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

(b) ശാരീരിക യോഗ്യതകൾ :

(i) കുറഞ്ഞത് 150 സെ.മീ ഉയരം. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കും കുറഞ്ഞത് 150 cm ആവശ്യമാണ്.

(ii) കാഴ്ചശക്തി: താഴെ പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** (1) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(2) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ , കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(iii) വൺ സ്റ്റാർ നിലവാരത്തിലുളള നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2. | ഹൈ ജംപ് | 1.06 മീറ്റർ |
| 3. | ലോംഗ് ജംപ് | 3.05 മീറ്റർ |
| 4. | പുട്ടിംഗ് ദ ഷോട്ട് (4 കി.ഗ്രാം ഭാരമുള്ളത്) | 4.88 മീറ്റർ |
| 5. | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6. | ത്രോയിംഗ് ദി ത്രോ ബോൾ | 14 മീറ്റർ |
| 7. | ഷട്ടിൽ റേസ് (25X4 മീറ്റർ) | 26 സെക്കന്റ് |
| 8. | സ്കിപ്പിംഗ് (1 മിനിറ്റ്) | 80 തവണ |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷ സമയത്ത് താഴെ കൊടുത്തിട്ടുള്ള ഫോറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് പ്രൊഫൈലിൽ Uploadചെയ്യേണ്ടതുമാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുളള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ (Better/Worse Standards of Vision) ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേ ണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

അസാധാരണ ഗസറ്റ് തീയതി: 30.10.2021 അവസാന തീയതി: 01.12.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

## കാറ്റഗറി നമ്പർ : 497/2021

## ജൂനിയർ അസിസ്റ്റന്റ്

## കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

## മൂന്നാം എൻ.സി.എ. വിജ്ഞാപനം

## പട്ടികജാതി (സൊസൈറ്റി വിഭാഗം)

**1. സ്ഥാപനം** : കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : ജൂനിയർ അസിസ്റ്റന്റ്

**3. ശമ്പളം** : ₹ 10405–24245 / (PR)

**4. ഒഴിവുകളുടെ എണ്ണം** : പട്ടികജാതി 1 (ഒന്ന്) (സൊസൈറ്റി കാറ്റഗറി)

**കുറിപ്പ്:** 1. മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഈ തസ്തികയുടെ 03.10.2016ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ (സൊസൈറ്റി വിഭാഗം, കാറ്റഗറി നം. 473/2012) പട്ടികജാതി സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെവന്നതും ഇപ്പോൾ നിലവിലുള്ളതുമാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും മേൽപ്പറഞ്ഞ ഒഴിവ് നികത്തപ്പെടുന്നതുവരെയോ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ, ഏതാണോ ആദ്യം, അതുവരെ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. ഒന്നാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 31.10.2017, കാറ്റഗറി നം. 435/2017), രണ്ടാം എൻ.സി.എ വിജ്ഞാപനം (ഗസറ്റ് തീയതി 30.12.2019, കാറ്റഗറി നം. 440/2019) എന്നിവ പ്രകാരം പട്ടികജാതി സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതിരുന്നതിനാലുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനമാണിത്.

2. ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

3. കെ.സി.എസ്. ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സർവീസിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

**5. നിയമനരീതി :** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) സ്ഥിരമായി ജോലി ചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളായ ജീവനക്കാരിൽ നിന്നും നേരിട്ടുള്ള നിയമനം.

**കുറിപ്പ്:** കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ റഗുലർ സർവീസിൽ ഇല്ലാത്തവരും പട്ടികജാതി വിഭാഗത്തിൽപ്പെടാത്തവരുമായ ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായപരിധി** : 18–50, ഉദ്യോഗാർത്ഥികൾ 02/01/1971 നും 01/01/2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ).

**7. യോഗ്യതകൾ :** 1. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത റെഗുലർ സർവ്വീസ് ഉള്ളവരും സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരായിരിക്കണം. അത്തരക്കാർ അപേക്ഷ സമർപ്പിക്കുന്ന തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റിയിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ആർട്സ്, സയൻസ് അല്ലെങ്കിൽ കോമേഴ്സ് ബിരുദം.

3. ജെ.ഡി.സി / എച്ച്.ഡി.സി

മേൽപ്പറഞ്ഞ യോഗ്യതകൾ ഉള്ള അപേക്ഷകരുടെ അഭാവത്തിൽ മാതൃവിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരിക്കുന്ന ചുവടെ ചേർത്തിട്ടുള്ള യോഗ്യതകൾ ഉള്ള അപേക്ഷകരെയും പരിഗണിക്കുന്നതാണ്.

1. കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ (അതായത് റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനുകൾ) ഏതെങ്കിലും തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത റെഗുലർ സർവ്വീസ് ഉള്ളവരും സർവ്വീസിൽ തുടരുന്നവരുമായ സ്ഥിരം ജീവനക്കാരായിരിക്കണം. അത്തരക്കാർ അപേക്ഷ സമർപ്പിക്കുന്ന തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റിയിൽ സർവ്വീസിൽ തുടരുന്നവരുമായിരിക്കണം.

2. ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ആർട്സ്, സയൻസ് അല്ലെങ്കിൽ കോമേഴ്സ്/കോഓപ്പറേഷൻ & ബാങ്കിംഗ് ബിരുദം.

3. ജെ.ഡി.സി / എച്ച്.ഡി.സി /ബേസിക്.

**കുറിപ്പ്:** കേന്ദ്ര /സംസ്ഥാന സർക്കാർ വകുപ്പുകളോ, കേന്ദ്ര സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനങ്ങളോ നൽകുന്ന മൂന്നു മാസത്തിൽ കുറയാതെയുള്ള കമ്പ്യൂട്ടർ പരിശീലന സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** 1. ബന്ധപ്പെട്ട അപ്പെക്സ് /കേന്ദ്ര സൊസൈറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ / അംഗസംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ/ അംഗസംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമല്ല.

8. ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന മെമ്പർ സൊസൈറ്റികളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അപേക്ഷയോടൊപ്പം പ്രസ്തുത സർവീസ് സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ് ലോഡ് ചെയ്തതിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെ പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** പൊതു വ്യവസ്ഥയിലെ 2, 5(a), 7 എന്നീ ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 498/2021

## ഹൈസ്ക്കൂൾ ടീച്ചർ (ഉറുദു)

## വിദ്യാഭ്യാസം

## ഒന്നാം എൻ.സി.എ. വിജ്ഞാപനം

## പട്ടികജാതി (സൊസൈറ്റി വിഭാഗം)

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഹൈസ്ക്കൂൾ ടീച്ചർ (ഉറുദു)

**3. ശമ്പളം** : ₹ 29200–62400 (PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

ലത്തീൻ കത്തോലിക്ക /

ആംഗ്ലോ ഇന്ത്യൻ കണ്ണൂർ 1 (ഒന്ന്)

**കുറിപ്പ്:** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.

(ii) ഈ വിജ്ഞാപനപ്രകാരം കണ്ണൂർ ജില്ലയ്ക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെയോ, ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കണ്ണൂർ | 21.05.19 | 90/16 |

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം (ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).

**6. പ്രായപരിധി :** 18–43. ഉദ്യോഗാർഥികൾ 02.01.1978 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ)

[ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ.]

**നോട്ട് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :** 1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദവും ബി.എഡ്/ബി.റ്റി/എൽ.റ്റിയും ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിലുള്ള ടൈറ്റിൽ (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3ന് തുല്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പക്ഷം) കൂടാതെ കേരളത്തിലെ പരീക്ഷാ കമ്മീഷണർ നൽകിയ ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റ്.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/ ഏതെങ്കിലും വിഷയത്തിൽ എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016, G.O (P) No.15/2020/G.Edn തീയതി 09.10.2020).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) ഉറുദു ഭാഷയിൽ ബിരുദാനന്തര ബിരുദമുള്ളവർക്ക് ബി.എഡ്/ബി.റ്റി/എൽ.റ്റി യോഗ്യതയുള്ള പക്ഷം ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 177/87/ജി.എഡ്യൂ. തീയതി 2281987].

(iii) ബി.എഡ് ബന്ധപ്പെട്ട ഭാഷയിൽ ആയിരിക്കണം.

8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗനിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. Wives of Jawans എന്ന് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 122/75/എഡ്യൂ. തീയതി 27/05/1975] ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡിയിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

(iii) ഗവൺമെന്റ് നഴ്സറി / പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ. (എം.എസ്) നമ്പർ 185/70/എഡ്യു. തീയതി 18.04.1970, ജി.ഒ. (എം.എസ്) നമ്പർ 466/70/എഡ്യൂ തീയതി 11.11.1970].

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ളഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 499/2021
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (സംസ്കൃതം) |
| **3. ശമ്പളം** | : ₹ 18,000–41,500/ (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |
| കാസർഗോഡ് | പട്ടികജാതി 1 (ഒന്ന്) |

**കുറിപ്പ്:** i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽ പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

ii) ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലയിലേക്ക് ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കാസർഗോഡ് | 23.02.2017 | 77/2013 |

iii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായപരിധി** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** 1) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. (G O (MS) 232/2009/ Gen edn dated 30/11/2009 )

2) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ സംസ്കൃത ഭാഷയിലുള്ള ബിരുദം

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (സംസ്കൃതം) പഠനത്തിലുള്ള ടൈറ്റിൽ.

**അല്ലെങ്കിൽ**

കേരള സർക്കാർ നൽകുന്ന സംസ്കൃത ഭാഷയിലുള്ള ഓറിയന്റൽ സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല നടത്തുന്ന സംസ്കൃതത്തിലുള്ള പ്രിലിമിനറി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകളുടെ കീഴിൽ പ്രവർത്തിക്കുന്ന സംസ്കൃത കോളേജിൽ നിന്നുള്ള പ്രീ യൂണിവേഴ്സിറ്റി അല്ലെങ്കിൽ പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മിഷണർ നടത്തുന്ന സംസ്കൃത ടിച്ചർ പരീക്ഷ പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ആർട്സ് അല്ലെങ്കിൽ സയൻസ് കോളേജിൽ നിന്നും പ്രീഡിഗ്രി പരീക്ഷ, സംസ്കൃതം (സാഹിത്യം), സംസ്കൃതം (ശാസ്ത്രം) ഐച്ഛിക വിഷയങ്ങളായി പഠിച്ച് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഹയർ സെക്കന്ററി ഡയറക്ടറേറ്റ് നടത്തുന്ന സംസ്കൃത സാഹിത്യം, സംസ്കൃത ശാസ്ത്രം, ഹിസ്റ്ററി, ഇക്കണോമിക്സ് എന്നിവ കോമ്പിനേഷനായുള്ള പ്ലസ് 2 കോഴ്സ് പാസ്സായിരിക്കണം. (ജി. ഒ (എം.എസ് ) നം .155/2007/പൊ.വി.വ തീയതി 17.08.2007.

3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** 1 GO (P) No.15/2020/G.Edn dated 09/10/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTET ന് പകരം നിശ്ചയിച്ചിട്ടുള്ള MEd ബന്ധപ്പെട്ട വിഷയത്തിലാവണം എന്ന് നിർബന്ധമില്ല.

2 ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3. 30.11.2009ലെ GO (MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8.** പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗനിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975)

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 500/2021 – 502/2021
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്) |
| **3. ശമ്പളം** | : ₹ 18,000–41,500/ (Revised) |
| **4. ഒഴിവുകളുടെ എണ്ണം** | : ജില്ലാടിസ്ഥാനത്തിൽ |

| **കാറ്റഗറി നമ്പർ:** | **വിഭാഗം** | **ജില്ലയും ഒഴിവുകളുടെ എണ്ണവും** | |
|---|---|---|---|
| 500/2021 | വിശ്വകർമ്മ | തിരുവനന്തപുരം 1 (ഒന്ന്) | |
| 501/2021 | എസ്.ഐ.യു. സി നാടാർ | കൊല്ലം | 1 (ഒന്ന്) |
| | | തൃശ്ശൂർ | 1 (ഒന്ന്) |
| 502/2021 | ഒ.ബി.സി | കൊല്ലം | 1 (ഒന്ന്) |
| | | തൃശ്ശൂർ | 1 (ഒന്ന്) |

**കുറിപ്പ് :** i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

ii) ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലകളിലേയ്ക്ക് ഓരോ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 12/04/19 | 230/16 |
| കൊല്ലം | 27/03/19 | 230/16 |
| തൃശ്ശൂർ | 13/03/19 | 230/16 |

iv) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

v) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാ

**അസാധാരണ ഗസറ്റ് തീയതി: 30.10.2021 അവസാന തീയതി: 01.12.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

ണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളു. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിശ്വകർമ്മ, എസ് ഐ യു സി നാടാർ, ഒ.ബി.സി സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായപരിധി** : 18–43. ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :** 1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

**അല്ലെങ്കിൽ**

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

**അല്ലെങ്കിൽ**

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** മേൽപരാമർശിച്ച യോഗ്യതകൾക്കു പുറമെ 14.01.2019ലെ സ.ഉ. (കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ:ബന്ധപ്പെട്ടവിഷയത്തിൽതന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/എം.ഫിൽ/ പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016).

**കുറിപ്പ്:** 1) GO (P) No. 15/2020 /G.Edn dated 09/10/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTET ന് പകരം നിശ്ചയിച്ചിട്ടുള്ള MEd ബന്ധപ്പെട്ട വിഷയത്തിലാവണം എന്ന് നിർബന്ധമില്ല.

2) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3) 30.11.2009ലെ GO (MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8.** പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975)

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്ററി നമ്പർ : 503/2021
## മെയിൽ വാർഡൻ
## പട്ടികജാതി വികസനം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | |
|---|---|
| **1. വകുപ്പ്** | : പട്ടികജാതി വികസനം |
| **2. ഉദ്യോഗപ്പേര്** | : മെയിൽ വാർഡൻ |
| **3. ശമ്പളം** | : ₹ 18000–41500 (PR) |
| **4. ഒഴിവുകളുടെ എണ്ണം** എൻ.സി.എ | : ജില്ലാടിസ്ഥാനത്തിൽ ഈഴവ/തിയ്യ/ബില്ലവ പാലക്കാട് 01 (ഒന്ന്) |

**കുറിപ്പ് :** (i) ഈ വിജ്ഞാപനപ്രകാരം പാലക്കാട് ജില്ലയിലേയ്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന NCA റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണ് ആദ്യം അതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| പാലക്കാട് | 03.10.2019 | 349/2016 |

(ii) വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ സംവരണ സമുദായ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള പാലക്കാട് ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം ( ഈഴവ/തിയ്യ/ബില്ലവ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

എൻ.സി.എ വിജ്ഞാപനപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. ആയതിലേക്ക് പ്രത്യേക നിരസന മെമ്മോ നൽകുന്നതല്ല.

**6. പ്രായപരിധി** : 18–39 [ഉദ്യോഗാർത്ഥികൾ 02.01.1982നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)] [(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ഇളവുകളടക്കം]

**കുറിപ്പ്:** (i) യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക (ഖണ്ഡിക 2 (i) ഒഴികെ).

**7 യോഗ്യതകൾ** : 1 എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2 സാമൂഹ്യക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുള്ള ഹോസ്റ്റലിൽ വാർഡൻ ആയിട്ടുള്ള മൂന്നു വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം.

**കുറിപ്പ്:** 1) സ്ത്രീകൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

2) പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**[പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കും പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിനും വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)]**

**കുറിപ്പ്: (1)** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റിസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കണം.

(2) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ട താണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. •

**അസാധാരണ ഗസറ്റ് തീയതി: 1.11.2021 അവസാന തീയതി: 1.12.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

**ജനറൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം**

## കാറ്റഗറി നമ്പർ : 504/2021
## ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II
## അച്ചടി വകുപ്പ് (ഗവൺമെന്റ് പ്രസ്സുകൾ)

| | |
|---|---|
| **1. സ്ഥാപനം** | : അച്ചടി വകുപ്പ് (ഗവൺമെന്റ് പ്രസ്സുകൾ) |
| **2. ഉദ്യോഗപ്പേര്** | : ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ് II |
| **3. ശമ്പളം** | : ₹ 35,600–75,400/ |
| **4. ഒഴിവുകളുടെ എണ്ണം** | : 23 (ഇരുപത്തി മൂന്ന്) |
| **5. നിയമന രീതി** | : നേരിട്ടുള്ള നിയമനം. |

**6. പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് ഗസറ്റിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** : 1. എസ്.എസ്.എൽ.സിയോ തത്തുല്ല്യ പരീക്ഷയോ വിജയിച്ചിരിക്കണം. കൂടാതെ

2. (a) ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ച പ്രിന്റിംഗ് ടെക്നോളജിയിലുള്ള ഡിപ്ലോമ.

**അല്ലെങ്കിൽ**

(b) (i) മെഷീൻ വർക്ക് (Lower) KGTE/MGTE ജയിച്ചിരിക്കണം.

**അല്ലെങ്കിൽ**


VHSE പ്രിന്റിംഗ് ടെക്നോളജി അഥവാ തത്തുല്ല്യ യോഗ്യത, കൂടാതെ

(ii) ഒരു പ്രശസ്തമായ അച്ചടി സ്ഥാപനത്തിൽ നിന്നും ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീനിലുള്ള രണ്ട് വർഷത്തെ പ്രവർത്തി പരിചയം.

ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.•



# ഗണിതം ഇനി ലളിതം 4 ക്ലോക്ക് - 1

അനുഭേഷ് സുധാകരൻ

**ക്ലോക്കും അതിലെ സൂചികൾ തമ്മിലുള്ള കോണളവും ക്ലോക്കിലെ സമയത്തിന്റെ പ്രതിബിംബത്തിനെ സംബന്ധിച്ച് നിരവധി ചോദ്യങ്ങൾ മത്സര പരീക്ഷകൾക്ക് ചോദിക്കാറുണ്ട്. ആ ചോദ്യങ്ങൾക്ക് എങ്ങനെ ലളിതവും എളുപ്പവുമായ വഴികളിലൂടെ ഉത്തരം കണ്ടെത്താമെന്ന് നമുക്ക് ഇവിടെ പരിചയപ്പെടാം.**

ഒരു ക്ലോക്കിൽ പ്രധാനമായും 3 തരത്തിലുള്ള സൂചികളാണ് ഉള്ളത്. മണിക്കൂർ സൂചി, മിനിട്ട് സൂചി, സെക്കന്റ് സൂചികളാണുള്ളത്. ക്ലോക്കിന്റെ ഡയൽ വൃത്താകൃതിയിലാണ്. ഒരു വൃത്തിന്റെ കോണളവ് 360 ഡിഗ്രിയാണ്. ഒരു ക്ലോക്കിൽ 1 മുതൽ 12 വരെയുള്ള അക്കങ്ങളാണുള്ളത്. ഒരു ക്ലോക്കിലെ ഓരോ മണിക്കൂർ തമ്മിലുള്ള (രണ്ടക്കങ്ങൾ തമ്മിലുള്ള) കോണളവ് $\frac{360}{12} = 30^0$ ആണ്. ഇതിനെ മണിക്കൂർ ഇടവേള എന്ന് പറയും.

**മണിക്കൂർ സൂചിയുടെ വേഗത**: ഓരോ മണിക്കൂർ തമ്മിലുള്ള കോണളവ് = $30^0$

ഒരു മണിക്കൂർ = 60 മിനിട്ട്

അപ്പോൾ മണിക്കൂർ സൂചിയുടെ വേഗത

$= \frac{30}{60} = \frac{1}{2}^0$ / min

അപ്പോൾ മിനിട്ട് സൂചി 1 മിനിട്ട് സഞ്ചരിച്ചാൽ മണിക്കൂർ സൂചി $\frac{1}{2}^0$ തിരിയും.

**മിനിട്ട് സൂചിയുടെ വേഗത**: ഒരു മണിക്കൂറിൽ മിനിട്ട് സൂചി സഞ്ചരിക്കുന്ന ദൂരം $=360^0$

ഒരു മണിക്കൂർ = 60 മിനിട്ട്

അപ്പോൾ മിനിട്ട് സൂചിയുടെ വേഗത = $\frac{360}{60} = 6^0$ / min

അപ്പോൾ ഒരു ക്ലോക്കിലെ ഓരോ മിനിട്ടും തമ്മിലുള്ള കോണളവ് $6^0$ ആണ്.

**സെക്കന്റ് സൂചിയുടെ വേഗത**: സെക്കന്റ് സൂചി 10 സെക്കന്റ് സഞ്ചരിക്കുമ്പോൾ മിനിട്ട് സൂചി $1^0$ സഞ്ചരിക്കും.

മണിക്കൂർ സൂചിയും മിനിട്ട് സൂചിയും ഒരു ക്ലോക്കിൽ ഒരേ ദിശയിൽ (Clockwise Direction) ആണ് സഞ്ചരിക്കുന്നത്. അപ്പോൾ മണിക്കൂർ സൂചിയുടെയും മിനിട്ട് സൂചിയുടെയും ആപേക്ഷികവേഗം (Relative Speed) = $6^0 - \frac{1}{2}^0 = \frac{12-1}{2} = \frac{11}{2}^0$ / min ആണ്.

**ചോദ്യം 1:** സമയം 7:20 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും?

**ഉത്തരം:** ഇവിടെ സമയം 7: 20

സമയം 7:20 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും 7 ലും 4 ലുമായിരിക്കും

7 → 7, 20 → 4

ഇവ തമ്മിലുള്ള വ്യത്യാസം = 7-4 = 3 (ഇതാണ് മണിക്കൂർ space)

ഒരു മണിക്കൂർ = $30^0$

അപ്പോൾ 3 മണിക്കൂർ space നെ 30 കൊണ്ട് ഗുണിക്കണം = $3 \times 30 = 90$

ഇനി 20 മിനിട്ടിന്റെ പകുതിയായ 10നെ കൊണ്ട് 90 നോട് കൂട്ടുക = 90 + 10 = 100

സമയം 7 : 20 ആകുമ്പോൾ മണിക്കൂർ സൂചിയും മിനുട്ട് സൂചിയും തമ്മിലുള്ള കോണളവ് $100^0$

**ചോദ്യം 2:** സമയം 4:40 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും?

ഇവിടെ സമയം 4:40

സമയം 4:40 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും 4 ലും 8 ലുമായിരിക്കും

4 → 4, 40 → 8

ഇവ തമ്മിലുള്ള വ്യത്യാസം = 4-8 = -4 (ഇതാണ് മണി ക്കൂർ space)

ഒരു മണിക്കൂർ = $30^0$

അപ്പോൾ -4 മണിക്കൂർ space നെ 30 കൊണ്ട് ഗുണിക്കണം= $-4 \times 30 = -120$

ഇനി 40 മിനിട്ടിന്റെ പകുതിയായ 20 നെ കൊണ്ട് -120 നോട് കൂട്ടുക = -120+20 =- 100

ഇനി ഈ negative symbolനെ neglect ചെയ്യുക

സമയം 4:40 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് $100^0$

**ചോദ്യം 3:** സമയം 8:10 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും?

ഇവിടെ സമയം 8:10

സമയം 8:10 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും 8 ലും 2 ലുമായിരിക്കും

8 → 8, 10 → 2

ഇവ തമ്മിലുള്ള വ്യത്യാസം = 8-2 = 6

അതിനെ 30 കൊണ്ട് ഗുണിക്കണം = 6 x 30= 180

ഇനി 10 മിനിട്ടിന്റെ പകുതിയായ 5 നെ കൊണ്ട് 180 നോട് കൂട്ടുക = 180 + 5 = 185

ഇത് reflex angle ആണ്. അതായത് 180 നെക്കാൾ വലിയ കോണളവ്.

ഇവിടെ കോണളവ് 180 നെക്കാൾ വലുതായതിനാൽ 185 നെ 360 ൽ നിന്ന് കുറയ്ക്കണം.

360 - 185 = 175

സമയം 8:10 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് $175^0$

**ചോദ്യം 4:** സമയം 2 : 25 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും ?

ഇവിടെ സമയം 2 : 25

സമയം 2 : 25 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും 2 ലും 5 ലുമായിരിക്കും

2 → 2, 25 → 5

ഇവ തമ്മിലുള്ള വ്യത്യാസം = 2- 5 =- 3

അതിനെ 30 കൊണ്ട് ഗുണിക്കണം = -3x 30 = -90

ഇനി 25 മിനിട്ടിന്റെ പകുതിയായ 12.5 നെ കൊണ്ട് -90 നോട് കൂട്ടുക = -90 + 12.5 = 77.5

ഈ negative symbol നെ neglect ചെയ്യുക

സമയം 2 : 25 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് $77.5^0$

**ചോദ്യം 5:** സമയം 6 : 22 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും ?

ഇവിടെ സമയം 6 : 22

ഇവിടെ മിനിട്ട് 5 ന്റെ ഗുണിതമല്ല. ആയത് കൊണ്ട് ഇവിടെ മണിക്കൂറിനെ 5 കൊണ്ട് ഗുണിക്കണം = 6x5= 30

6 → 30, 22 → 22

ഇവ തമ്മിലുള്ള വ്യത്യാസം = 30 – 22 = 8 (ഇതാണ് മിനിട്ട് space)

ഒരു മിനിട്ട് = $6^0$

അപ്പോൾ 8 മിനിട്ട് space നെ 6 കൊണ്ട് ഗുണിക്കണം = 8 x 6= 48

ഇനി 22 മിനിട്ടിന്റെ പകുതിയായ 11 നെ കൊണ്ട് 48 നോട് കൂട്ടുക = 48 + 11 = 59

സമയം 6 : 22 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് $59^0$

**ചോദ്യം 6:** സമയം 10:30:20 ആകുമ്പോൾ മിനിട്ട് സൂചിയും സെക്കന്റ് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും ?

ഇവിടെ 30 : 20

ഇവ തമ്മിലുള്ള വ്യത്യാസം = 30 - 20 = 10

ഇതിനെ 6 കൊണ്ട് ഗുണിക്കണം = 10 x 6 =60

സെക്കന്റ് സൂചി 10 സെക്കന്റ് സഞ്ചരിക്കുമ്പോൾ മിനിട്ട് സൂചി $1^0$ സഞ്ചരിക്കും.

അപ്പോൾ 20 സെക്കന്റ് സഞ്ചരിക്കുമ്പോൾ മിനിട്ട് സൂചി $2^0$ സഞ്ചരിക്കും.

അതായത് = $60 + 2 = 62^0$

സമയം 10:30:20 ആകുമ്പോൾ മിനിട്ട് സൂചിയും സെക്കന്റ് സൂചിയും തമ്മിലുള്ള കോണളവ് $62^0$

## Ratio Method to find the Angle

- മണിക്കൂറും മിനിട്ടും തമ്മിലുള്ള അംശബന്ധം 1:4 ആണെങ്കിൽ തന്നിരിക്കുന്ന മിനിട്ടിന്റെ ഇരട്ടിയായിരിക്കും കോണളവ്.
- മണിക്കൂറും മിനിട്ടും തമ്മിലുള്ള അംശബന്ധം 1:5 അല്ലെങ്കിൽ 1:6 ആണെങ്കിൽ തന്നിരിക്കുന്ന മിനിട്ടിന്റെ പകുതിയായിരിക്കും കോണളവ്.
- മണിക്കൂറും മിനിട്ടും തമ്മിലുള്ള അംശബന്ധം 1:10 ആണെങ്കിൽ തന്നിരിക്കുന്ന മിനിട്ടിന്റെ രണ്ടര ഇരട്ടിയായിരിക്കും കോണളവ്.
- 12 ൽ തുടങ്ങുന്ന ഏതൊരു സമയത്തിന്റെ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എപ്പോഴും മിനുട്ടിനെ $\frac{11}{2}$ കൊണ്ട് ഗുണിച്ചാൽ മതി

**ചോദ്യം 7**: സമയം 4:16 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും ?

ഇവിടെ മണിക്കൂറും മിനിട്ടും തമ്മിലുള്ള അംശബന്ധം 1:4 (മിനിട്ടിന്റെ ഇരട്ടിയായിരിക്കും കോണളവ്)

അപ്പോൾ ഇവ തമ്മിലുള്ള കോണളവ് = $16 \times 2 = 32^0$

**ചോദ്യം 8** : സമയം 6:30 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും ?

ഇവിടെ മണിക്കൂറും മിനിട്ടും തമ്മിലുള്ള അംശബന്ധം 1: 5 (മിനിട്ടിന്റെ പകുതിയായിരിക്കും കോണളവ്)

അപ്പോൾ ഇവ തമ്മിലുള്ള കോണളവ് $= \frac{30}{2} = 15^0$

**ചോദ്യം 9:** സമയം 2:20 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും ?

ഇവിടെ മണിക്കൂറും മിനിട്ടും തമ്മിലുള്ള അംശബന്ധം 1:10 (മിനിട്ടിന്റെ രണ്ടര ഇരട്ടിയായിരിക്കും കോണളവ്)

അപ്പോൾ ഇവ തമ്മിലുള്ള കോണളവ് = $20 \times 2.5 = 50^0$

**ചോദ്യം 10:** സമയം 12:20 ആകുമ്പോൾ മണിക്കൂർ സൂചിയും മിനിട്ട് സൂചിയും തമ്മിലുള്ള കോണളവ് എത്രയായിരിക്കും?

ഇവിടെ 12 ൽ തുടങ്ങുന്ന സമയമായതിനാൽ മിനിട്ടിനെ $\frac{11}{2}$ കൊണ്ട് ഗുണിച്ചാൽ മതി

അപ്പോൾ ഇവ തമ്മിലുള്ള കോണളവ്

$= \frac{20 \times 11}{2} = 110^0$

തുടരും...

# മുൻകാല ചോദ്യപേപ്പർ

**Question Paper Code: 100/2021**
**LD CLERK/CLERK**
**(Ex-Servicemen Only) -**
**NCC/SAINIK WELFARE**
**Medium of Question: MALAYALAM**
**Date of Test: 07-10-2021**

1. ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച സംസ്ഥാന പുനസ്സംഘടനാ കമ്മീഷന്റെ അധ്യക്ഷൻ ആരായിരുന്നു?
A) സലിം അലി B) എച്ച്.എൻ.കുൻസ്രു
C) ഫസൽ അലി D) കെ.എം.പണിക്കർ
2. ഇന്ത്യയിലെ ഏറ്റവും വലിയ ധാതു അധിഷ്ഠിത വ്യവസായം
A) മാംഗനീസ് വ്യവസായം B) ഇരുമ്പുരുക്ക് വ്യവസായം
C) ചെമ്പ് വ്യവസായം D) ബോക്സൈറ്റ് വ്യവസായം
3. ബ്രിട്ടീഷ് രേഖകളിൽ "കൊട്ട്യോട്ട് രാജ" എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഭരണാധികാരി.
A) വേലുത്തമ്പി ദളവ B) പഴശ്ശിരാജ
C) മാർത്താണ്ഡവർമ്മ D) പാലിയത്തച്ചൻ
4. ഇന്ത്യയിലെ ആദ്യത്തെ ദേശീയ ജലപാത
A) അലഹബാദ് –ഹാൽഡിയ
B) സദിയ–ധുബി
C) കാക്കിനട–പുതുച്ചേരി D) കൊല്ലം–കോഴിക്കോട്
5. സ്വരാജ് പാർട്ടിക്ക് രൂപം നൽകിയവർ ആരെല്ലാം
A) സി. ആർ. ദാസ്, ജവഹർലാൽ നെഹ്റു
B) സി. ആർ. ദാസ്, മോത്തിലാൽ നെഹ്റു
C) മോത്തിലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ്
D) മോത്തിലാൽ നെഹ്റു, ചന്ദ്രശേഖർ ആസാദ്
6. ഇന്ത്യൻ മഹാസമുദ്രത്തിന്റെ ആകെ വിസ്തൃതി
A) 165.2 ലക്ഷം ച. കി.മീ. B) 73.4 ലക്ഷം ച. കി.മീ.
C) 82.4 ലക്ഷം ച. കി.മീ. D) 14.09 ലക്ഷം ച. കിമീ.
7. അഗ്നിപുത്രി എന്നു വിശേഷിപ്പിക്കുന്ന ഭാരതീയ വനിത
A) ടെസ്സി തോമസ് B) പി. ടി. ഉഷ
C) ഡോ. ജാൻസി ജെയിംസ്
D) ജെനി. ജെറോം
8. കേരളത്തിന്റെ ഭാഗമല്ലാത്ത ഭൂപ്രകൃതി വിഭാഗം
A) മലനാട് B) ഇടനാട്
C) മരുപ്രദേശം D) തീരപ്രദേശം
9. ചേരിചേരാ പ്രസ്ഥാനം രൂപവത്ക്കരിക്കുവാൻ തീരുമാനിച്ച് സമ്മേളനം
A) ബെൽ ഗ്രേഡ് സമ്മേളനം B) ബാന്ദുങ് സമ്മേളനം
C) വെനസ്വേല സമ്മേളനം D) ലാഹോർ സമ്മേളനം
10. സമീപകാലത്ത് വാമൊഴിയിൽ നിന്നും വരമൊഴിയിലേക്ക് രൂപാന്തരപ്പെട്ട കേരള കർണാടക ഭാഷ
A) തുളു B) കൊങ്കിണി
C) ബ്യാരി D) കന്നഡ
11. ടെന്നീസ് കോർട്ട് പ്രതിജ്ഞ ഏത് വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) റഷ്യൻ വിപ്ലവം B) ഫ്രഞ്ച് വിപ്ലവം
C) ചൈനീസ് വിപ്ലവം D) അമേരിക്കൻ വിപ്ലവം
12. വടക്കേ അമേരിക്കയിലെ റോക്കി പർവതനിരയുടെ കിഴക്കൻ ചരിവിലൂടെ വീശുന്ന ഉഷ്ണകാറ്റ്
A) ചിനൂക്ക് B) ഫൊൻ
C) ലൂ D) ഹെർമാറ്റൻ
13. കാർഷിക കാലങ്ങളെ അടിസ്ഥാനമാക്കിയുള്ള വിളകൾ താഴെത്തന്നിരിക്കുന്നു.
1) ഖാരിഫ്–നെല്ല് 2) റാബി–പരുത്തി
3) സൈദ് –പഴവർഗ്ഗങ്ങൾ
മുകളിൽ തന്നിരിക്കുന്നവയിൽ ശരിയായ ജോഡികൾ ഏതൊക്കെയാണ് ?
A) 1 മാത്രം B) 1, 2 എന്നിവ
C) 1, 3 എന്നിവ D) 2 മാത്രം
14. താഴെ തന്നിട്ടുള്ളവയിൽ വാണിജ്യബാങ്കുകളുടെ ധർമ്മങ്ങളിൽ ഉൾപ്പെടുന്നത് ഏത് ?
A) നോട്ട് അച്ചടിച്ചിറക്കൽ B) വായ്പ നിയന്ത്രിക്കൽ
C) സർക്കാരിന്റെ ബാങ്ക്
D) നിക്ഷേപങ്ങൾ സ്വീകരിക്കുക
15. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡി ഏതൊക്കെയാണ് ?
1) ഭിലായ് – ഒഡിഷ
2) റൂർക്കേല– ഛത്തീസ്ഗഡ്
3) ദുർഗാപൂർ– പശ്ചിമ ബംഗാൾ
4) ബൊക്കാറോ– ഝാർഖണ്ഡ്
A) 1, 3 എന്നിവ B) 2, 3 എന്നിവ
C) 3, 4 എന്നിവ ഉ) 1, 4 എന്നിവ
16. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ നിരീക്ഷിക്കുക.
1) ഇന്ത്യയിലെ മുഖ്യതാപോർജ്ജ സ്രോതസ്സാണ് കൽക്കരി.
2) പ്രധാന വ്യവസായിക ഇന്ധനമാണ് കൽക്കരി.
3) ബിറ്റുമിനസ് വിഭാഗത്തിൽപ്പെട്ട കൽക്കരിയാണ് ഇന്ത്യയിൽ കൂടുതലായും കാണപ്പെടുന്നത്.
4) മഹാരാഷ്ട്രയിലെ 'മുംബൈഹൈ' യാണ് ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം.
മുകളിൽ തന്നിരിക്കുന്നവയിൽ ശരിയായിട്ടുള്ളത് ഏതൊക്കെയാണ് ?
A) 1, 2 എന്നിവ B) 1, 2, 3 എന്നിവ
C) 2, 3, 4 എന്നിവ D) 2, 4 എന്നിവ
17. ചുവടെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ഉദാരവൽക്കരണത്തിന്റെ ഫലമായുള്ള മാറ്റത്തിൽപെടുന്നവ ഏവ?
1) വ്യവസായങ്ങൾ തുടങ്ങാനുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചു.
2) കമ്പോളനിയന്ത്രണങ്ങൾ പിൻവലിച്ചു.
3) കൂടുതൽ മേഖലകളിൽ വിദേശനിക്ഷേപം അനുവദിച്ചു.
4) ഇറക്കുമതിച്ചുങ്കവും നികുതികളും കൂട്ടി.
A) 1, 2, 4 എന്നിവ B) 1, 2, 3 എന്നിവ
C) 1, 4 എന്നിവ D) 2, 4 എന്നിവ
18. 2020 ഏപ്രിൽ 1 ന് നിലവിൽ വന്ന ബാങ്ക് ലയനത്തോടു കൂടി ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ പൊതു മേഖല ബാങ്ക് ഏത് ?
A) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
B) പഞ്ചാബ് നാഷണൽ ബാങ്ക്
C) കാനറാ ബാങ്ക്
D) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
19. UNDP യുടെ 2020ലെ റിപ്പോർട്ട് അനുസരിച്ച് മാനവവികസന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം.
A) 128 B) 129
C) 130 D) 131
20. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന സമത്വത്തിനുള്ള അവകാശം എന്ന മൗലിക അവകാശത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയങ്ങളിൽപെടാത്തത് ഏത് ?
1) മതഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള അവകാശം.
2) ജാതി, മതം, ലിംഗം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നിരോധിക്കൽ.
3) സ്ഥാനപ്പേരുകൾ നിർത്തലാക്കൽ.
4) പൊതുനിയമനങ്ങളിൽ അവസര സമത്വം ഉറപ്പാക്കൽ.
A) ഒന്നും മൂന്നും B) ഒന്ന് മാത്രം
C) ഒന്നും രണ്ടും D) ഒന്നും രണ്ടും നാലും
21. കേരളകൃഷി വകുപ്പിന്റെ സേവനങ്ങൾ ടെക്നോളജിയുടെ സഹായത്തോടെ കർഷകർക്ക് എത്തിക്കാനായി ആവിഷ്ക്കരിച്ച പദ്ധതിയായ "AIMS' ന്റെ പൂർണ്ണരൂപം.
A) അഗ്രികൾച്ചർ ഇൻഫ്രാസ്ട്രച്ചർ മാനേജ്മെന്റ് സിസ്റ്റം
B) അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സൊലൂഷൻ
C) അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം
D) അഗ്രികൾച്ചർ ഇൻഫ്രാസ്ട്രച്ചർ മാനേജ്മെന്റ് സൊലൂഷൻ
22. കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷനുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏവ ?
1) 1993 ഡിസംബർ 3–ാം തിയ്യതി നിലവിൽ വന്നു.
2) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 കെ പ്രകാരമാണ് സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ സ്ഥാപിതമായത്.
3) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾ നടത്തുക എന്നതാണ് കമ്മീഷന്റെ പ്രധാന ചുമതല.
4) പഞ്ചായത്ത്, നിയമസഭാ മണ്ഡലം, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയുടെ അതിർത്തി നിർണ്ണയം സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷന്റെ ചുമതലയാണ്.
A) ഒന്നും രണ്ടും B) ഒന്നും മൂന്നും
C) മൂന്നും നാലും D) ഒന്നും രണ്ടും മൂന്നും
23. കേരള ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് തെറ്റായ പ്രസ്താവന/ പ്രസ്താവനകൾ ഏവ ?
1) 2005 ലെ ദുരന്ത നിവാരണ നിയമപ്രകാരം സ്ഥാപിച്ചു.
2) 'സുരക്ഷായനം' എന്നതാണ് ആപ്തവാക്യം.
3) ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ മുഖ്യമന്ത്രിയാണ്.
4) 2008 മെയ് നാലിന് ആണ് കേരളത്തിലെ ആദ്യത്തെ ദുരന്ത നിവാരണ അതോറിറ്റി നിലവിൽ വന്നത്.
A) നാല് മാത്രം B) മൂന്ന് മാത്രം
C) ഒന്നും നാലും D) രണ്ടും നാലും
24. കേരള സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 'മന്ദഹാസം പദ്ധതി' എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി പ്രതിമാസം 2,000 രൂപ ധനസഹായം നൽകുന്ന പദ്ധതി.
B) അന്യസംസ്ഥാനക്കാരായ താമസക്കാരെ സ്വന്തം സംസ്ഥാനത്തേക്ക് എത്തിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതി.
C) മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവരെ പുനരധിവസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ. കൾക്ക് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി.
D) കൃത്രിമ ദന്തങ്ങളുടെ പൂർണ്ണ സെറ്റ് സൗജന്യമായി വെച്ചു കൊടുക്കുന്ന പദ്ധതി.
25. കേരളത്തിലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്
A) 2008 ആഗസ്റ്റ് 11 B) 2011 ആഗസ്റ്റ് 11
C) 2018 ആഗസ്റ്റ് 15 D) 2011 ആഗസ്റ്റ് 15
26. കേരളത്തിലെ നിലവിലെ തൊഴിൽ വകുപ്പ് മന്ത്രി ആര്?
A) ശ്രീ. വി. എൻ. വാസവൻ
B) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
C) ശ്രീ. വി. ശിവൻകുട്ടി D) ശ്രീ. സജി ചെറിയാൻ
27. 15–ാം കേരള നിയമസഭയിലെ വനിത എം.എൽ.എ.മാർ എത്ര ?
A) 10 B) 11
C) 15 D) 13
28. ഇന്ത്യൻ ഭരണഘടനപ്രകാരം മൗലിക കർത്തവ്യങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏവ ?
1) 1976 ലെ 42–ാം ഭരണഘടനാ ഭേദഗതിപ്രകാരം കൂട്ടിച്ചേർത്തു.
2) 1977 ജനുവരി മൂന്ന് മുതൽ പ്രാബല്യം.
3) ഭരണഘടനയുടെ 4 എ ഭാഗത്ത് പ്രതിപാദിക്കുന്നു.

4) നിലവിൽ 10 മൗലിക കർത്തവ്യങ്ങളാണ് ഉള്ളത്.
A) ഒന്ന് മാത്രം B) ഒന്നും മൂന്നും
C) ഒന്നും രണ്ടും മൂന്നും D) ഒന്നും മൂന്നും നാലും

29. ഇന്ത്യൻ രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതകൾ വിവരിക്കുന്ന ഭരണഘടനാ ആർട്ടിക്കിൾ ഏത്?
A) 58 B) 57
C) 56 D) 55

30. ദാദ്ര നാഗർഹവേലി, ദാമൻ ദിയൂ എന്നീ കേന്ദ്ര ഭരണപ്രദേശങ്ങളുടെ നിലവിലെ അഡ്മിനിസ്ട്രേറ്റർ ആരാണ് ?
A) അനിൽ ബൈജാൽ B) ഡി കെ ജോഷി
C) പ്രഫുൽ പട്ടേൽ D) രാധാകൃഷ്ണ മാതൂർ

31. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏവ ?
1) ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ മൂന്ന് പേർ അടങ്ങുന്ന സമിതിയാണ്.
2) രാഷ്ട്രപതിയാണ് തിരഞ്ഞെടുപ്പ് കമ്മീഷനെ നിയമിക്കുന്നത്.
3) തിരഞ്ഞെടുപ്പ് നടത്താൻ വിപുലമായ ഉദ്യോഗസ്ഥവൃന്ദം തിരഞ്ഞെടുപ്പ് കമ്മീഷനുണ്ട്.
4) രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭ, ലോക്സഭ, സംസ്ഥാന നിയമസഭ തിരഞ്ഞെടുപ്പുകൾ നടത്തുന്നത് ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷനാണ്.
A) ഒന്നും രണ്ടും നാലും B) മൂന്ന് മാത്രം
C) മൂന്നും നാലും D) ഒന്നും രണ്ടും മൂന്നും

32. പ്രധാനമന്ത്രിയുൾപ്പെടെ കേന്ദ്രമന്ത്രി സഭയുടെ ആകെ അംഗങ്ങളുടെ എണ്ണം ലോക്സഭാ മെമ്പർമാരുടെ 15% ആയി നിജപ്പെടുത്തിയ ഭരണഘടനാഭേദഗതി ഏത് ?
A) 42–ാം ഭരണഘടനാ ഭേദഗതി
B) 91–ാം ഭരണഘടനാ ഭേദഗതി
C) 44–ാം ഭരണഘടനാ ഭേദഗതി
D) 101–ാം ഭരണഘടനാ ഭേദഗതി

33. സ്റ്റേറ്റ്, യൂണിയൻ, കൺകറന്റ് ലിസ്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?
A) സ്റ്റേറ്റ് ലിസ്റ്റ് 97 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 66 വിഷയങ്ങൾ, കൺകറന്റ് ലിസ്റ്റ് 47 വിഷയങ്ങൾ.
B) സ്റ്റേറ്റ് ലിസ്റ്റ് 47 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 66 വിഷയങ്ങൾ, കൺകറന്റ് ലിസ്റ്റ് 97 വിഷയങ്ങൾ.
C) സ്റ്റേറ്റ് ലിസ്റ്റ് 66 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 47 വിഷയങ്ങൾ, കൺകറന്റ് ലിസ്റ്റ് 97 വിഷയങ്ങൾ.
D) സ്റ്റേറ്റ് ലിസ്റ്റ് 66 വിഷയങ്ങൾ, യൂണിയൻ ലിസ്റ്റ് 97 വിഷയങ്ങൾ, കൺകറന്റ് ലിസ്റ്റ് 47 വിഷയങ്ങൾ.

34. ബി ലിംഫോസൈറ്റുകളെ സംബന്ധിച്ച് താഴെ കൊടുത്ത പ്രസ്താവനകളിൽ തെറ്റായവ തെരഞ്ഞെടുക്കുക.
1) വൈറസ് ബാധിച്ച കോശങ്ങളെ നശിപ്പിക്കുന്നു.
2) ബാക്ടീരിയയെ നശിപ്പിക്കുന്നു.
3) ആന്റിജനുകളുടെ വിഷാംശത്തെ നിർവ്വീര്യമാക്കുന്നു.
4) കാൻസർ കോശങ്ങളെ നശിപ്പിക്കുന്നു.
A) ഒന്നും രണ്ടും തെറ്റ് B) രണ്ടും മൂന്നും തെറ്റ്
C) മൂന്നും നാലും തെറ്റ് D) ഒന്നും നാലും തെറ്റ്

35. സർക്കാരിന്റെ രോഗപ്രതിരോധവൽക്കരണ പ്രക്രിയയിൽ ജീവകം A ഉൾപ്പെടുത്തിയതിന്റെ ഉദ്ദേശ്യങ്ങൾ ഏവ ?
1) കോർണിയ വരൾച്ച തടയുന്നതിന്
2) തിമിരബാധ തടയുന്നതിന്
3) ഗ്ലോക്കോമ തടയുന്നതിന്
4) നിശാന്ധത തടയുന്നതിന്
A) ഒന്നും നാലും B) രണ്ടും നാലും
C) മൂന്നും നാലും D) ഇവയൊന്നുമല്ല.

36. പ്രമുഖ പ്രകൃതി ശാസ്ത്രജ്ഞനായ ജോൺ റേയുടെ സംഭാവനകളിൽ ശരിയായവ ഏതെല്ലാം ?
1) സസ്യങ്ങളെ ഏക വർഷികൾ, ദ്വിവർഷികൾ, ബഹുവർഷികൾ എന്ന് തരം തിരിച്ചു.
2) സ്പീഷീസ് എന്ന പദം ആദ്യമായി ഉപയോഗിച്ചു.
3) 18000ത്തിലധികം സസ്യങ്ങളെ ഉൾക്കൊള്ളിച്ച് ഹിസ്റ്റോറിയ പ്ലാന്റേറം എന്ന പുസ്തകം പുറത്തിറക്കി.
4) ജീവികളെ ചുവന്ന രക്തമുള്ളവ അല്ലാത്തവ എന്നിങ്ങനെ തരംതിരിച്ചു.
A) ഒന്നും മൂന്നും ശരിയാണ്
B) രണ്ടും മൂന്നും ശരിയാണ്
C) മൂന്നും നാലും ശരിയാണ്
D) രണ്ടും നാലും ശരിയാണ്

37. ചിക്കൻ പോക്സ് (chicken pox) പകർത്തുന്ന സൂക്ഷ്മാണു ജീവി ഏത് ?
A) വാരിയോള വൈറസ് (Variola)
B) വാരിസെല്ല വൈറസ് (Varicella)
C) റൂബിയോള വൈറസ് (Rubeola)
D) റുബെല്ല വൈറസ് (Rubella)

38. താഴെ പറയുന്ന അസുഖങ്ങളിൽ "സൂണോട്ടിക്ക് (Zoonotic)" വിഭാഗത്തിൽപ്പെടുന്ന അസുഖമേത് ?
A) വില്ലൻചുമ B) പോളിയോ
C) എലിപ്പനി D) മലമ്പനി

39. ശരാശരി ബ്ലഡ് പ്രഷർ (Normal Blood Pressure) എത്രയാണ്?
A) 120/80 mm of Hg B) 140/80 mm of Hg
C) 120/100 mm of Hg D) 140/90 mm of Hig

40. ദേശീയ ആരോഗ്യദൗത്യം (National Health Mission) ആരംഭിച്ചത് ?
A) 2015 B) 2014
C) 2013 D) 2018

41. 'ക്രഷിങ്ങ് ദി കർവ് (Crushing the Curve) താഴെ പറയുന്നവയിൽ ഏത് അസുഖവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
A) സിക്ക വൈറസ് B) നിപ്പ് വൈറസ്
C) ഇബോള വൈറസ് D) കോറോണ വൈറസ്

42. വീർപ്പിച്ച ഒരു ബലൂൺ വെള്ളത്തിന് അടിയിലേക്ക് താഴ്ത്തുമ്പോൾ അതിന്റെ വലുപ്പം കുറയുന്നു. ഇത് താഴെ തന്നിരിക്കുന്ന ഏത് നിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു?
A) ചാൾസ് നിയമം B) ബോയിൽ നിയമം
C) പാസ്കൽ നിയമം D) അവോഗാഡ്രോ നിയമം

43. താഴെ പറയുന്നവയിൽ ലോഹങ്ങളുടെ സവിശേഷത അല്ലാത്തത് ഏത് ?
1) ലോഹങ്ങൾക്ക് ഇലക്ട്രോനെഗറ്റിവിറ്റി കൂടുതൽ ആണ്.
2) രാസപ്രവർത്തനത്തിൽ പങ്കെടുക്കുമ്പോൾ ലോഹങ്ങൾ ഇലക്ട്രോണുകളെ വിട്ടുകൊടുക്കുന്നു.
3) ലോഹങ്ങളുടെ അയോണീകരണ ഊർജം കുറവാണ്.
ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.
A) 1 മാത്രം B) 3 മാത്രം
C) 2 ഉം 3 ഉം D) 2 മാത്രം

44. യഥാർത്ഥ ലായനിയുമായി ബന്ധപ്പെട്ട പ്രസ്താവന തിരഞ്ഞെടുക്കുക.
A) തീവ്രമായ പ്രകാശം കടത്തി വിടുമ്പോൾ പ്രകാശപാത കാണാൻ കഴിയുന്നു.
B) ഫിൽറ്റർ പേപ്പർ ഉപയോഗിച്ച് കണികകളെ അരിച്ചു മാറ്റാൻ കഴിയില്ല.
C) അനക്കാതെ വയ്ക്കുമ്പോൾ കണികകൾ അടിയുന്നു.
D) ഫിൽറ്റർ പേപ്പർ ഉപയോഗിച്ച് കണികകളെ അരിച്ചു മാറ്റാൻ കഴിയും.

45. ദ്രവ്യത്തിന്റെ ഒമ്പതാമത്തെ അവസ്ഥ ഏത് ?
A) ക്വാർക്ക്ഗ്ലുവോ പ്ലാസ്മ B) റൈഡ്ബെർഗ്
C) ജാൻടെല്ലർ മെറ്റൽ
D) ബോസ്ഐൻസ്റ്റീൻ കണ്ടൻസേറ്റ്

46. ലോകത്തിലെ മൂന്നാമത്തെ വലിയ വജ്രം ഖനനം ചെയ്തെടുത്തത് എവിടെ നിന്നാണ് ?
A) കിംബർലി B) സൈബീരിയ
C) പ്രിട്ടോറിയ D) ബോട്സ്വാന

47. ഒരു കോൺകേവ് ദർപ്പണത്തിന്റെ പോളിൽ നിന്നും മുഖ്യഫോക്കസിലേക്കുള്ള ദൂരം 12 cm ആണെങ്കിൽ അതിന്റെ വക്രതാആരം എത്ര ?
A) 6 cm B) 12 cm
C) 24 cm D) 36 cm

48. ഒരു വസ്തുവിനെ ഭൂമിയുടെ ധ്രുവപ്രദേശത്തു നിന്നും ഭൂമദ്ധ്യരേഖാ പ്രദേശത്തേക്ക് കൊണ്ടു പോകുമ്പോൾ അതിന്റെ പിണ്ഡവും ഭാരവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക.
A) പിണ്ഡവും ഭാരവും കുറയുന്നു
B) പിണ്ഡം മാറുന്നില്ല, ഭാരം കുറയുന്നു.
C) പിണ്ഡവും ഭാരവും കൂടുന്നു
D) പിണ്ഡം മാറുന്നില്ല, ഭാരം കൂടുന്നു

49. പ്രസ്താവന (S) ചലിക്കുന്ന യന്ത്രഭാഗങ്ങളുടെ സമ്പർക്കത്തിൽ വരുന്ന പ്രതലങ്ങൾക്കിടയ്ക്ക് ഘർഷണം കുറയ്ക്കുന്നതിനു വേണ്ടി ബെയറിങ്ങുകൾ ഉപയോഗിക്കുന്നു. കാരണം (R) ഉരുളൽ ഘർഷണം നിരങ്ങൽ ഘർഷണത്തേക്കാൾ കുറവാണ്.
A) S ഉം R ഉം ശരിയാണ്, S ന് ഉള്ള ശരിയായ വിശദീകരണമാണ് R
B) S ഉം R ഉം ശരിയാണ്, S ന് ഉള്ള ശരിയായ വിശദീകരണമല്ല R
C) S ശരിയാണ്, R തെറ്റാണ്
D) S തെറ്റാണ്, R ശരിയാണ്

50. മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ ദൗത്യം ഏത് ?
A) മംഗൾയാൻ B) ചന്ദ്രയാൻ
C) ആദിത്യ എൻ 1 D) ഗഗൻയാൻ

51. ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ് 3 വിക്ഷേപിക്കാൻ ഉപയോഗിച്ച വിക്ഷേപണ വാഹനം ഏത്?
A) GSLVF10 B) GSLVF09
C) GSLVF11 D) GSLVF08

52. 'ഗദ്ദിക' എന്ന പ്രശസ്ത ആദിവാസികലയെ പരിപോഷിപ്പിക്കുന്നതിൽ മുഖ്യ പങ്ക്വഹിച്ച വ്യക്തി ആര്?
A) ഊരാളി B) കെ. കുമാരൻ
C) പി. കെ. കറുപ്പൻ D) പി.കെ.കാളൻ

53. താഴെ കൊടുത്തവയിൽ ഏത് സിനിമയാണ് ജി. അരവിന്ദൻ സംവിധാനം ചെയ്യാത്തത് ?
A) ഉത്തരായനം B) എലിപ്പത്തായം
C) കാഞ്ചന സീത D) തമ്പ്

54. 1990ൽ വിംബിൾഡൺ ജൂനിയർ ചാമ്പ്യനായ ഇന്ത്യൻ ടെന്നീസ് കളിക്കാരൻ.
A) രമേശ് കൃഷ്ണൻ B) മഹേഷ് ഭൂപതി
C) രാമനാഥൻ കൃഷ്ണൻ D) ലിയാൻഡർ പേസ്

55. താഴെ കൊടുത്തവയിൽ ഏത് കൃതിയാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ ചെറുകഥകളിൽ ഉൾപ്പെടാത്തത് ?
A) വിഡ്ഢികളുടെ സ്വർഗ്ഗം B) ഭൂമിയുടെ അവകാശികൾ
C) ഏകാന്ത പഥികൻ D) ഓർമ്മക്കുറിപ്പ്

56. 1998ലെ ഏറ്റവും മികച്ച നടനുള്ള ദേശീയ അവാർഡ് മമ്മൂട്ടിക്കൊപ്പം പങ്കിട്ട സിനിമാ നടൻ ആര് ?
A) മിഥുൻ ചക്രവർത്തി B) അജയ് ദേവഗൺ
C) കമലഹാസൻ D) റിഥി സെൻ

57. 2018ലെ കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നിലയിൽ ഇന്ത്യയുടെ സ്ഥാനം എത്രയായിരുന്നു ?
A) നാല് B) മൂന്ന്
C) അഞ്ച് D) ആറ്

58. 2020ഒളിംപിക്സ് ഫുട്ബാൾ സ്വർണ്ണം നേടിയ ബ്രസീലിന് വേണ്ടി ഗോൾ നേടിയ കളിക്കാരൻ ആര് ?
A) നെയ്മർ B) ഒയർസബാൾ
C) ആൽവസ് D) മാൽക്കം

59. താഴെ പറയുന്ന നെറ്റ്വർക്ക് ഉപകരണങ്ങളിൽ പ്രോട്ടോക്കോൾ പരിവർത്തനത്തിന് കഴിവുള്ളത് ആർക്ക് ?
A) റിപ്പീറ്റർ B) ബ്രിഡ്ജ്
C) റൗട്ടർ D) ഗേറ്റ്വേ

60. ഒറിജിനൽ വെബ്സൈറ്റ് ആണെന്ന് തോന്നിപ്പിച്ച് കൊണ്ട് വ്യാജ വെബ്സൈറ്റ് ഉപയോഗിച്ച് യൂസർനെയിം, പാസ്സ്വേഡ് എന്നിവ മോഷ്ടിക്കുന്ന രീതി ?
A) ഹാക്കിംഗ് B) ഫിഷിങ്ങ്
C) സ്പാം D) പ്ലേജിയറിസം

61. താഴെ പറയുന്നവയിൽ കമ്പ്യൂട്ടറിലെ പൊസ്സസ്സറിനോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന മെമ്മറി ഏത് ?
A) ക്യാഷ് മെമ്മറി B) RAM
C) DVD D) ഹാർഡ് ഡിസ്ക്

62. കേന്ദ്ര ഇലക്ട്രോണിക്സ് ഐ.ടി. മന്ത്രാലയത്തിന്റെ ഡിജിറ്റൽ ഇന്ത്യ ഇനീഷ്യേറ്റീവിന് കീഴിൽ 2020 ൽ നടത്തിയ വീഡിയോ കോൺഫറൻസിംഗ് സൊല്യൂഷൻ ഡവലപ്മെന്റ് ചലഞ്ചിലെ വിജയിയായ കമ്പനി ?
A) ടെക്ജെൻഷ്യ B) ടെക് മഹീന്ദ്ര
C)ഐബി എസ് D) സൂം

63. ഇന്ത്യയിൽ ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി C-DAC വികസിപ്പിച്ചെടുത്ത GNU/Linux സോഫ്റ്റ്‌വെയർ.
A) ഉബണ്ടു B) BOSS
C) എഡ്യൂബണ്ടു D) ഫെഡോറ

64. 2005ലെ വിവരാവകാശ നിയമപ്രകാരം പൗരന് ലഭിക്കാവുന്നവിവരവുമായി ബന്ധപ്പെട്ട ശരി ഉത്തരം ഏതാണ്?
A) ആഗ്രഹിക്കുന്ന ഏതൊരു വിവരവും ലഭ്യമാകുന്നതാണ്.
B) പൊതു അധികാര സ്ഥാപനങ്ങളുടെ പക്കലുള്ള എല്ലാ വിവരങ്ങളും ലഭ്യമാകുന്നതാണ്.
C) വകുപ്പ് 8, 9 എന്നിവയിൽ പറഞ്ഞിട്ടുള്ളതൊഴികെ പൊതു അധികാര സ്ഥാപനങ്ങളുടെ പക്കലുള്ള വിവരങ്ങൾ ലഭ്യമാകുന്നതാണ്.
D) ഭരണഘടനാ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ലഭ്യമാകുന്നതാണ്.

65. 2019ലെ ഉപഭോക്തൃസംരക്ഷണ നിയമത്തിൻ കീഴിൽ അന്വേഷണത്തിനുള്ള അധികാരങ്ങൾ നല്കപ്പെട്ടിട്ടുള്ളത് ആർക്കാണ് ?
A) ഡയറക്ടർ ജനറൽ B) ജില്ലാ കളക്ടർ
C) പോലീസ് ഓഫീസർ D) ഡയറക്ടർ ജനറലിനും ജില്ലാ കളക്ടർക്കും

66. ഏതു നിയമത്തിലാണ് 'സാമൂഹിക ബഹിഷ്ക്കരണം' എന്ന പദം ഉപയോഗിച്ചിരിക്കുന്നത് ?
A) ഇന്ത്യൻ ഭരണഘടന, 1950
B) പട്ടികജാതി, പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം, 1989
C) സിവിൽ അവകാശ സംരക്ഷണ നിയമം, 1955
D) പട്ടിക വർഗ്ഗക്കാരും മറ്റ് പാരമ്പര്യ വനവാസികളും (വനാവകാശങ്ങൾ) നിയമം, 2006

67. 2005ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീസംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് തെറ്റായ ഉത്തരം ഏതാണ് ?
A) നിയമപരമായി വിവാഹിതനായ ഭർത്താവിനെതിരെ മാത്രമേ പരിഹാരങ്ങൾ അവകാശപ്പെടാനാകുകയുള്ളൂ. B) മജിസ്ട്രേറ്റിനു നടപടികൾ രഹസ്യമായി നടത്താവുന്നതാണ്
C) ഉത്തരവിന്റെ പകർപ്പുകൾ കോടതി സൗജന്യമായി നൽകണം
D) മജിസ്ട്രേറ്റിനു നഷ്ടപരിഹാര ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്

68. 2012ലെ ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണ നിയമത്തിന്റെ സംരക്ഷണം ലഭിക്കുന്ന കുട്ടിയുടെ പ്രായപരിധി.
A) 18 വയസ്സിൽ താഴെ B) 16 വയസ്സിൽ താഴെ
C) 21 വയസ്സിൽ താഴെ D) 14 വയസ്സിൽ താഴെ

69. ഇന്ത്യയുടെ മുഖ്യ വിവരാവകാശ കമ്മീഷണർ ആരാണ്?
A) ബിമൽ ജൂൾക A) അരുൺകുമാർ മിശ്ര
C) സുധീർ ഭാർഗവ
D) യശവർധൻകുമാർ സിൻഹ

70. ദേശീയ പിന്നോക്കവിഭാഗ കമ്മീഷന് ഭരണഘടനാ പദവി നൽകിയതു ഏതു ഭേദഗതിയിലൂടെയാണ് ?
A) 103–ാം ഭേദഗതി നിയമം, 2019
B) 102–ാം ഭേദഗതി നിയമം, 2018
C) 101–ാം ഭേദഗതി നിയമം, 2016
D) 104–ാം ഭേദഗതി നിയമം, 2020

71. വർഷത്തിൽ കൂട്ടുപലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ ഒരാൾ 2,000 രൂപ നിക്ഷേപിച്ചു. രണ്ട് വർഷം കഴിഞ്ഞപ്പോൾ തുക 2205 ആയി എങ്കിൽ പലിശ നിരക്ക് എത്ര ?
A) 8% B) 2%
C) 5% D) 7%

72. ഒരു സമചതുരത്തിന്റെ വികർണ്ണം 12 സെ.മീ. ആകുന്നു. അതിന്റെ പരപ്പളവ് (വിസ്തീർണ്ണം) എത്ര ?
A) 32 B) 36
C) 58 D) 72

73. ഒരു പരീക്ഷയ്ക്ക് ഹാജരായവരിൽ 49.3% കുട്ടികൾ വിജയിച്ചു. ജയിച്ചവരുടെ എണ്ണം 23128 ആയാൽ ഏകദേശം എത്ര കുട്ടികൾ പരീക്ഷ എഴുതി ?
A) 46913 B) 45913
C) 47913 D) 46000

74. 150 മീറ്റർ നീളമുള്ള ഒരു ട്രെയിൻ 2 കി.മീ./മണിക്കൂർ വേഗതയിൽ സഞ്ചരിക്കുന്ന ഒരാളെ കടന്നുപോകുവാൻ 10 സെക്കന്റ് എടുത്തു. എങ്കിൽ ട്രെയിനിന്റെ വേഗത എന്ത് ?
A) 52 കി.മീ./മണിക്കൂർ B) 56 കി.മീ. മണിക്കൂർ
C) 84 കി.മീ. /മണിക്കൂർ D) 53 കി.മീ./മണിക്കൂർ ന

75. ഒരു ടാങ്ക് അതിന്റെ 3/4 ഭാഗം വെള്ളം നിറച്ചിരിയ്ക്കുന്നു. 5 ലിറ്റർ വെള്ളം കൂടി ഒഴിച്ചാൽ അതിന്റെ 4/5 ഭാഗം നിറയുമെങ്കിൽ ടാങ്കിന്റെ യഥാർത്ഥ ശേഷി എത്ര?
A) 100 ലിറ്റർ B) 120 ലിറ്റർ
C) 50 ലിറ്റർ D) 110 ലിറ്റർ

76. പേനയെ പെൻസിൽ എന്നും പെൻസിലിനെ ചോക്ക് എന്നും ചോക്കിനെ സ്ലേറ്റ് എന്നും സ്ലേറ്റിനെ പേപ്പർ എന്നും എഴുതിയാൽ നിങ്ങൾ ഏറ്റവും കൂടുതൽ എഴുതാൻ ഉപയോഗിയ്ക്കുന്നത്.
A) പേന B) പെൻസിൽ
C) ചോക്ക് D) സ്ലേറ്റ്

77. 0, 7, 26, 65, 124, 215, ?
A) 305 B) 295
ഇ) 342 D) 323

78. A, B, C, D, E, F എന്നീ 6 പേർ പരസ്പരം അഭിമുഖമായി വട്ടത്തിൽ ഇരിക്കുന്നു. F എന്നയാൾ B യുടെ ഇടത്ത് നിന്ന് മൂന്നാമതാണ്. A എന്നയാൾ C യുടെ ഇടത്ത് നിന്ന് നാലാമതാണ്. D എന്നയാൾ C യ്ക്കും F നും ഇടയിലാണ്. E എന്നയാൾ A യ്ക്കും F നും ഇടയിലാണ് എങ്കിൽ E യുടെ എതിർവശം ഇരിയ്ക്കുന്നതാര് ?
A) A B) B
C) C D) E

79. ഒറ്റയാനെ കണ്ടെത്തുക.
A) 7 B) 9
C) 11 D) 13

80. $+ = \div, \div = -, - = \times, \times = +$ ആയാൽ
$$48+16\div4-2\times8=?$$
A) 3 B) 6
C) −28 D) 112

**Fill in the blank with the appropriate words :**

81. I bought a pen. ______pen writes well.
A) A B) An
C) The D) With

82. The Principal along with his staff ______ going for a picnic.
A) are B) is
C) were D) our

83. I usually drink tea, but today I______coffee.
A) am drinking B) drinks
C) drink D) is drinking

84. This house is_______ than my house.
A) as big as B) bigger
C) the big D) the biggest

85. Dr. Kalam was born _______1931
A) on B) into
C) in D) with

86. One of his ______is studying in Mumbai.
A) son B) sons
C) son's D) sunny

87. He ran ________
A) fast B) fastly
C) hardly D) swift

88. The meaning of 'harmony' is _______
A) happiness B) sadness
C) complete D) Agreement

89. The synonym of 'seize' is
A) give up B) catch
C) return D) leave

90. The antonym of 'cease is _________
A) stop B) discontinue
C) begin D) quit

91. 'നീതിയെ സംബന്ധിക്കുന്നത് ' എന്നർത്ഥം വരുന്ന പദമേത് ?
A) നൈതികം B) നിയാമകം
C) നിയുക്തം D) നിയമം

92. 'ധനാശി പാടുക' എന്ന ശൈലിയുടെ ശരിയായ അർത്ഥം.
A) ആരംഭിക്കുക
B) പെട്ടെന്ന് ഭയപ്പെടുത്തുക
C) അപൂർണമായി നിർത്തുക
D) അവസാനിപ്പിക്കുക

93. ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് ശരിയായ വാക്യം തെരഞ്ഞെടുത്തെഴുതുക.
A) എനിക്ക് പത്തു തേങ്ങകൾ വേണം
B) എനിക്ക് പത്തു തേങ്ങ വേണം
C) എനിക്ക് പത്തു തേങ്ങകളാണ് വേണ്ടത്
D) എനിക്ക് പത്തു തേങ്ങകളോളം വേണം

94. 'ഉന്നമ്രം' എന്ന പദം ശരിയായി പിരിച്ചെഴുതുന്നതെങ്ങനെ ?
A) ഉൻ + നമ്രം B) ഉൽ + നമ്രം
C) ഉത് + നമ്രം D) ഉൻ + അമ്രം

95. താഴെ തന്നിരിക്കുന്നവയിൽ ആമയുടെ പര്യായമായി വരുന്ന പദമേത് ?
A) മേഷം B) കച്ഛപം
C) മരാളം D) മണ്ഡൂകം

96. ``If you want to shine like a Sun first burn like a Sun" എന്നതിന്റെ യഥാർത്ഥ പരിഭാഷ.
A) നിങ്ങൾക്ക് സൂര്യനാകണമെങ്കിൽ നിങ്ങൾ സ്വയം കത്തിജ്വലിക്കണം.
B) നിങ്ങൾ സൂര്യനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ സ്വയം തിളങ്ങണം.
C) നിങ്ങൾക്ക് സൂര്യനാവാനും കത്തിജ്വലിക്കാനും കഴിയും.
D) നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെപ്പോലെ കത്തിജ്വലിക്കുക.

97. താഴെ കൊടുത്തിരിക്കുന്നവയിൽ ബഹുവചനത്തെ സൂചിപ്പിക്കാത്ത പദം ഏത് ?
A) അധ്യാപകർ B) കവികൾ
C) സ്വാമികൾ D) ശിഷ്യൻമാർ


98. 'അവരജൻ' എന്ന പദത്തിന്റെ വിപരീതം ഏത് ?
A) അഗ്രജൻ A) ആത്മജൻ
ഇ) അനുജൻ ഉ) അന്തണൻ

99. ചുവടെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത്?
A) ഉദ്ഗ്രഥിതം B) ഉദ്ഗ്രതിതം
C) ഉദ്ഗ്രധിതം D) ഉദ്ഗ്രദിതം

100. 'ഭഗിനി' എന്ന പദത്തിന്റെ പുല്ലിംഗ രൂപമാണ്.
A) സ്വസ്താവ് B) ജാമാതാവ്
C) ഭാഗിനേയൻ D) ഭ്രാതാവ്

## ANSWERS

| | | | | | | |
|---|---|---|---|---|---|---|
| 1) C | 2) B | 3) B | 4) A | 5) B | 6) B | 7) A |
| 8)C | 9) B | 10) C | 11) B | 12) A | 13) C | 14) D |
| 15) C | 16) B | 17) B | 18) B | 19) D | 20) B | 21) C |
| 22) D | 23) A | 24) D | 25) A | 26) C | 27) B | 28) C |
| 29) A | 30) C | 31) B | 32) B | 33) D | 34) D | 35) A |
| 36) B | 37) B | 38) C | 39) A | 40) C | 41) D | 42) B |
| 43) A | 44) B | 45) C | 46) D | 47) C | 48) B | 49) A |
| 50) D | 51) A | 52) D | 53) B | 54) D | 55) C | 56) B |
| 57) B | 58) D | 59) D | 60) B | 61) A | 62) A | 63) B |
| 64) C | 65) D | 66) B | 67) A | 68) A | 69) D | 70) B |
| 71) C | 72) D | 73) A | 74) A | 75) A | 76) B | 77) C |
| 78) C | 79) B | 80) A | 81) C | 82) B | 83) A | 84) B |
| 85) C | 86) B | 87) A | 88) D | 89) B | 90) C | 91) A |
| 92) D | 93) B | 94) C | 95) B | 96) D | 97) C | 98) A |
| 99) A | 100) D | | | | | |




# ഇന്ത്യൻ ഭരണഘടന - പി.എസ്.സി പരീക്ഷകളിൽ

അഡ്വ. ഷിനു സിദ്ധാർത്ഥൻ

## ഭാഗം 4 – രാഷ്ട്രത്തിന്റെ നിർദ്ദേശകതത്വങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം IV ൽ അനുച്ഛേദം 36 മുതൽ 51 വരെ രാഷ്ട്രത്തിന്റെ നിർദ്ദേശകതത്വങ്ങൾ വിവരിക്കുന്നു.

രാജ്യത്തെ വിവിധ നയരൂപീകരണത്തിലും നിയമനിർമ്മാണവേളകളിലും മനസിൽ വയ്ക്കേണ്ടുന്ന ആശയമാണ് രാഷ്ട്രത്തിന്റെ നിർദ്ദേശകതത്വങ്ങൾ.

അനുച്ഛേദം 36 രാഷ്ട്രം (state) എന്നതിനെ നിർവചിക്കുന്നത് ഭാഗം IIIൽ അതിനുള്ള അർത്ഥം തന്നെയാണ് എന്നാണ്. അതായത് രാഷ്ട്രം (state) എന്നതിൽ വരുന്നത് കേന്ദ്ര സംസ്ഥാനസർക്കാരിലെ നിയമനിർമ്മാണസഭകളും എക്സിക്യൂട്ടീവും രാജ്യത്തെ എല്ലാ പ്രാദേശിക ഭരണസംവിധാനങ്ങളും എല്ലാ പൊതുസ്ഥാപനങ്ങളും ഉൾപ്പെടെയാണ്.

അനുച്ഛേദം 37 ൽ, ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളുടെ പ്രയോഗം വിവരിക്കുന്നു. ഈ ഭാഗത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ഏതെങ്കിലും കോടതിയ്ക്ക് നടപ്പാക്കാവുന്നതല്ല. എന്നാൽ ഇവ രാജ്യഭരണത്തിൽ മൗലികമായിരിക്കുന്നതും നിയമനിർമ്മാണത്തിൽ പ്രയോഗിക്കേണ്ടത് രാഷ്ട്രത്തിന്റെ കർത്തവ്യവും ആണ്.

അനുച്ഛേദം 38 ൽ, ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി രാഷ്ട്രം സാദ്ധ്യമാക്കണമെന്ന് പറയുന്നു.

സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ദേശീയജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളുടെയും അന്തസത്തയായിത്തീരുന്ന വിധമുള്ള ഒരു സാമൂഹ്യവ്യവസ്ഥിതി കഴിയുന്നത്ര ഫലപ്രദമായി സാധ്യമാക്കുകയും സംരക്ഷിക്കുകയും ചെയ്തുകൊണ്ട് ജനങ്ങളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്താൻ രാഷ്ട്രം യത്നിക്കേണ്ടതാണ്.

വ്യക്തികൾക്കിടയിൽ മാത്രമല്ല, വിഭിന്നപ്രദേശങ്ങളിൽ താമസിക്കുന്നവരും, വിവിധ തൊഴിലെടുക്കുന്നവരുമായ ജനവിഭാഗങ്ങൾക്കിടയിലും അവരുടെ വരുമാനത്തിലുള്ള അസമത്വങ്ങൾ കുറയ്ക്കുവാനും, പദവിയിലും, സൗകര്യങ്ങളിലും, അവസരങ്ങളിലും ഉള്ള അസമത്വങ്ങൾ ഇല്ലാതാക്കുവാനും രാഷ്ട്രം പ്രത്യേകിച്ച് ശ്രമിക്കേണ്ടതാണ്.

അനുച്ഛേദം 39 ൽ രാഷ്ട്രം അനുവർത്തിക്കേണ്ട ചില നയങ്ങൾ പറയുന്നു

രാഷ്ട്രം പ്രത്യേകിച്ച്

1. പൗരന്മാർക്ക്, പുരുഷന്മാർക്കും, സ്ത്രീകൾക്കും ഒരുപോലെ മതിയായ ഉപജീവന ഉപായങ്ങൾക്ക് അവകാശം ഉണ്ടായിരിക്കുക;
2. സാമൂഹത്തിന്റെ ഭൗതിക വിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും പൊതുനന്മയ്ക്ക് ഏറ്റവും ഉതകുന്ന വിധത്തിൽ വിതരണം ചെയ്യുക;
3. സാമ്പത്തിക വ്യവസ്ഥയുടെ പ്രവർത്തനം പൊതുഹാനി വരുത്താത്തവണ്ണം സ്വത്തിന്റെയും ഉത്പാദനോപാധികളുടെയും കേന്ദ്രീകരണം ഉണ്ടാകാതിരിക്കുക;
4. തുല്യജോലിക്ക് പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ വേതനം ഉണ്ടായിരിക്കുക;
5. തൊഴിലാളികളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും ആരോഗ്യവും ശക്തിയും കുട്ടികളുടെ ചെറിയ പ്രായവും ദുർവിനിയോഗിക്കാതിരിക്കുകയും, പ്രായത്തിനോ ശക്തിക്കോ അനുയോജ്യമല്ലാത്ത പണികളിൽ പ്രവേശിക്കുവാൻ സാമ്പത്തികാവശ്യത്താൽ പൗരന്മാർ നിർബന്ധിതരാകാതിരിക്കുകയും ചെയ്യുക;
6. കുട്ടികൾക്ക് ആരോഗ്യകരമായ രീതിയിലും അന്തസിലും സ്വാതന്ത്ര്യത്തിലും ഉള്ള ചുറ്റുപാടിൽ വളരുവാൻ അവസരവും സൗകര്യവും നൽകുകയും ചൂഷണത്തിൽനിന്നും സൻമാർഗ്ഗികവും ഭൗതികവുമായ പരിത്യജനത്തിൽ നിന്നും ബാല്യത്തെയും,യൗവ്വനത്തെയും രക്ഷിക്കുകയും ചെയ്യുക;

അനുച്ഛേദം 39 A ൽ തുല്യനീതിയും സൗജന്യനിയമസഹായവും വിവരിക്കുന്നു. നിയമവ്യവസ്ഥയുടെ പ്രവർത്തനം തുല്യാവസരത്തിന്റെ അടിസ്ഥാനത്തിൽ നീതി പുലർത്തുന്നു എന്ന് രാഷ്ട്രം ഉറപ്പുവരുത്തേണ്ടതും പ്രത്യേകിച്ചും, നീതി ലഭിക്കുന്നതിനുള്ള അവസരങ്ങൾ സാമ്പത്തികമോ മറ്റോ ആയ അവശതകൾ കാരണം ഏതെങ്കിലും പൗരനു നിഷേധിക്കപ്പെടുന്നില്ലെന്ന് സുനിശ്ചിതമാക്കുവാൻ, തക്കതായ നിയമനിർമ്മാണം വഴിയോ, പദ്ധതി വഴിയോ സൗജന്യനിയമസഹായം ഏർപ്പെടുത്തേണ്ടതും ആകുന്നു.

അനുച്ഛേദം 40 ൽ ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കൽ വിവരിക്കുന്നു.

ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കാൻ രാഷ്ട്രം നടപടി എടുക്കേണ്ടതും,സ്വയംഭരണത്തിന്റെ ഘടകമായി അവയെ പ്രവർത്തനക്ഷമമാക്കുന്നതിലേക്ക് ആവശ്യമാകാവുന്ന കഴിവുകളും അധികാരവും അവയ്ക്ക് നൽകേണ്ടതും ആകുന്നു.

അനുച്ഛേദം 41 ൽ ചില അവസ്ഥകളിൽ ജോലിക്കും വിദ്യാഭ്യാസത്തിനും പൊതുസഹായത്തിനും ഉള്ള അവകാശം വിവരിക്കുന്നു.

തൊഴിലില്ലായ്മ, വാർദ്ധക്യം, രോഗം, അംഗവൈകല്യം എന്നീ അവസ്ഥകളിലും അനർഹമായ ദാരിദ്ര്യം ഉണ്ടാകുന്ന മറ്റ് അവസ്ഥകളിലും ജോലിക്കും വിദ്യാഭ്യാസത്തിനും പൊതുസഹായത്തിനും ഉള്ള അവകാശം ഉറപ്പുവരുത്തുവാൻ രാഷ്ട്രം അതിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ ഫലപ്രദമായ വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.

അനുച്ഛേദം 42 ൽ ജോലിക്ക് നീതിപൂർവ്വവും മാനുഷികവുമായ നിബന്ധനകൾക്കും, പ്രസവസംബന്ധമായ ആശ്വാസത്തിനും വ്യവസ്ഥ ചെയ്യുന്നു.

അനുച്ഛേദം 43 ൽ തൊഴിലാളികൾക്ക് ഉപജീവനക്ഷമമായ വേതനം മുതലായവയെക്കുറിച്ച് പറയുന്നു.

അനുയോജ്യമായ നിയമനിർമ്മാണം വഴിയോ സാമ്പത്തിക സംവിധാനം വഴിയോ മറ്റേതെങ്കിലും വിധത്തിലോ എല്ലാ തൊഴിലാളികൾക്കും ജോലി, ഉപജീവനക്ഷമമായ വേതനം, മാന്യമായ ജീവിതനിലവാരം, വിശ്രമവേളയുടെ പൂർണ്ണമായ അനുഭവം, സാമൂഹികവും സാംസ്കാരികവുമായ അവസരങ്ങൾ, കുടിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കൽ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

അനുച്ഛേദം 43 A യിൽ വ്യവസായങ്ങളുടെ നടത്തിപ്പിൽ തൊഴിലാളികളെ ഭാഗഭാക്കാക്കുവാൻ രാഷ്ട്രം യത്നിക്കണമെന്ന് പറയുന്നു.

അനുച്ഛേദം 44 ൽ പൗരന്മാർക്ക് ഏകരൂപമായ സിവിൽ നിയമസംഹിത സാദ്ധ്യമാക്കാൻ രാഷ്ട്രം യത്നിക്കണമെന്ന് പറയുന്നു.

അനുച്ഛേദം 45 ൽ ആറുവയസിൽ താഴെയുള്ള കുട്ടികൾക്ക് ശൈശവാരംഭത്തിൽ തന്നെ പരിചരണത്തിനും വിദ്യാഭ്യാസത്തിനും വ്യവസ്ഥയുണ്ടാക്കാൻ പരിശ്രമിക്കണമെന്ന് പറയുന്നു.

അനുച്ഛേദം 46 ൽ പട്ടികജാതി, പട്ടിക ഗോത്രവർഗങ്ങളുടെയും മറ്റ് ദുർബലവിഭാഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപര്യങ്ങൾ അഭിവൃദ്ധിപ്പെടുത്താൻ പ്രത്യേകശ്രദ്ധയോടെ ശ്രമിക്കേണ്ടതും സാമൂഹിക അനീതിയിൽ നിന്നും ചൂഷണത്തിൽ നിന്നും രക്ഷിക്കേണ്ടതുമാണെന്ന് പറയുന്നു.

അനുച്ഛേദം 47 ൽ പോഷകാഹാരത്തിന്റെ നിലവാരവും ജീവിതത്തോതും ഉയർത്തുവാനും പൊതുജനാരോഗ്യം മെച്ചപ്പെടുത്തുവാനും രാഷ്ട്രത്തിന് കർത്തവ്യം ഉണ്ടെന്നും ഔഷധങ്ങൾക്കല്ലാതെ ലഹരിപാനീയങ്ങളുടെയും മരുന്നുകളുടെയും ഉപഭോഗം നിരോധിക്കുവാനും രാഷ്ട്രം ശ്രമിക്കണമെന്നും പറയുന്നു.

അനുച്ഛേദം 48 ൽ കൃഷിയും മൃഗസംരക്ഷണവും സംഘടിപ്പിക്കൽ വിവരിക്കുന്നു.

പശുക്കളുടെയും കിടാങ്ങളുടെയും കറക്കുന്നതോ, ഭാരം വലിക്കുന്നതോ ആയ മറ്റ് കന്നുകാലികളുടെയും ഇനങ്ങൾ നിലനിർത്താനും അവയുടെ കശാപ്പ് നിരോധിക്കുവാനും നടപടി എടുക്കണമെന്ന് ഈ അനുച്ഛേദത്തിൽ പറയുന്നു.

അനുച്ഛേദം 48 A ൽ പരിസ്ഥിതി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും വനങ്ങളുടെയും വന്യജീവികളുടെയും പരിരക്ഷയും വിവരിക്കുന്നു.

അനുച്ഛേദം 49 ൽ ദേശീയപ്രാധാന്യമുള്ള സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും വസ്തുക്കളുടെയും സംരക്ഷണം വിവരിക്കുന്നു.

അനുച്ഛേദം 50 ൽ നീതിന്യായ മണ്ഡലത്തെ നിർവ്വാഹകമണ്ഡലത്തിൽ നിന്ന് വേർതിരിക്കൽ വിവരിക്കുന്നു. രാഷ്ട്രത്തിന്റെ പബ്ലിക് സർവ്വീസുകളിൽ നീതിന്യായ മണ്ഡലത്തെ നിർവ്വാഹക മണ്ഡലത്തിൽ നിന്ന് വേർതിരിക്കാൻ രാഷ്ട്രം നടപടി എടുക്കണമെന്ന് പറയുന്നു.

അനുച്ഛേദം 51 ൽ അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്തൽ വിവരിക്കുന്നു.

രാഷ്ട്രം അന്താരാഷ്ട്ര സമാധാനവും സുരക്ഷിതത്വവും അഭിവൃദ്ധിപ്പെടുത്താനും രാഷ്ട്രങ്ങൾ തമ്മിലുള്ള നീതിപൂർവ്വകവും ബഹുമാന്യവുമായ ബന്ധങ്ങൾ നിലനിർത്തുവാനും സംഘടിത ജനങ്ങൾ തമ്മിലുള്ള ഇടപാടുകളിൽ അന്താരാഷ്ട്ര നിയമത്തോടും സന്ധിബാദ്ധ്യതകളോടും ആദരവ് പുലർത്താനും അന്താരാഷ്ട്ര തർക്കങ്ങൾ മദ്ധ്യസ്ഥചർച്ചകൾ വഴി ഒത്തുതീർപ്പാക്കുന്നത് പ്രോൽസാഹിപ്പിക്കാനും യത്നിക്കേണ്ടതാണ്.

### സാമൂഹികമായ തത്വങ്ങൾ

സോഷ്യലിസം എന്ന ആശയത്തിലധിഷ്ഠിതമായ തത്വങ്ങളാണ് അനുച്ഛേദം 38,39,39 A, 41,42,43,43 A, 47 എന്നിവയിൽ വിവരിക്കുന്നത്.

### ഗാന്ധിയൻ തത്വങ്ങൾ

ഗാന്ധിയൻ ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള അനുച്ഛേദം 40, 43, 43 B, 46,47,48 എന്നിവയിൽ വിവരിക്കുന്നു.

### പുരോഗമനപരവും ബൗദ്ധികവുമായ തത്വങ്ങൾ

അനുച്ഛേദം 44,45,48,48 A, 49,50,51 എന്നിവയിൽ വിവരിക്കുന്ന തത്വങ്ങൾ പുരോഗമനപരവും ബൗദ്ധികവുമായി കാണാവുന്നതാണ്.

### നിർദ്ദേശകതത്വങ്ങൾക്കുള്ള വിമർശനങ്ങൾ

നിർദ്ദേശകതത്വങ്ങൾക്ക് അതിന്റെ Non-Justiciable സ്വഭാവം ഒന്നുകൊണ്ടുതന്നെ നിയമപരമായി നടപ്പിലാക്കിയെടുക്കാൻ സാധ്യമല്ലായെന്നും ഈ തത്വങ്ങൾ ശരിയായ രീതിയിൽ തരംതിരിക്കുകയോ യുക്തിസഹമായി ക്രമീകരിക്കുകയോ ചെയ്തിട്ടില്ലായെന്നും നിർദ്ദേശകതത്വങ്ങൾ 20–ാം നൂറ്റാണ്ടിന്റെ പകുതിയിലെ ഇന്ത്യക്ക് ചേരുന്നതും എന്നാൽ 21–ാം നൂറ്റാണ്ടിന് ചേരാത്തതും ആണെന്നും യാഥാസ്തിതികമാണെന്നും ഇവ കേന്ദ്രവും സംസ്ഥാനങ്ങൾ തമ്മിലും, പ്രസിഡന്റ്, പ്രധാനമന്ത്രിയും തമ്മിലും, ഗവർണറും മുഖ്യമന്ത്രിയും തമ്മിലും ഭരണഘടനാപരമായ ആശയക്കുഴപ്പത്തിന് ഇടയാക്കുമെന്നും വിമർശനങ്ങളുണ്ട്.

### മൗലികഅവകാശങ്ങളും നിർദ്ദേശകതത്വങ്ങളുമായുള്ള വ്യത്യാസം

1. മൗലികഅവകാശങ്ങൾ രാഷ്ട്രത്തെ ചില കാര്യങ്ങൾ ചെയ്യുന്നതിനെ തടയുന്നു (Negative)
   നിർദ്ദേശകതത്വങ്ങൾ രാഷ്ട്രം ചെയ്യേണ്ടുന്ന കാര്യങ്ങൾ വിവരിക്കുന്നു. (Positive)
2. മൗലിക അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ കോടതിവഴി നടപ്പിലാക്കിയെടുക്കാം. (Justiciable) എന്നാൽ നിർദ്ദേശകതത്വങ്ങൾ ലംഘിക്കപ്പെട്ടുവെന്ന കാരണത്താൽ അത് സാദ്ധ്യമല്ല. (Non-Justiciable)
3. മൗലിക അവകാശങ്ങൾ രാജ്യത്ത് രാഷ്ട്രീയ ജനാധിപത്യം ലക്ഷ്യം വയ്ക്കുമ്പോൾ നിർദ്ദേശകതത്വങ്ങൾ സാമൂഹികവും സാമ്പത്തികവുമായ ജനാധിപത്യം ലക്ഷ്യമാക്കുന്നു.
4. മൗലിക അവകാശങ്ങൾക്ക് നിയമസമ്മതിയുള്ളപ്പോൾ നിർദ്ദേശകതത്വങ്ങൾക്ക് രാഷ്ട്രീയ സമ്മതിയുണ്ട്.
5. മൗലികഅവകാശങ്ങൾ വ്യക്തിപരവും നിർദ്ദേശകതത്വങ്ങൾ സാമൂഹികക്ഷേമപരവും സോഷ്യലിസത്തിലധിഷ്ഠിതവുമാണ്.
6. മൗലികഅവകാശങ്ങൾ നടപ്പിലാക്കാൻ വേറിട്ടൊരു നിയമനിർമ്മാണം ആവശ്യമില്ലെന്നിരിക്കെ നിർദ്ദേശകതത്വങ്ങൾ നടപ്പിൽ വരുത്താൻ നിയമനിർമ്മാണം ആവശ്യമാണ്.
7. മൗലികഅവകാശങ്ങൾക്ക് വിരുദ്ധമായ ഏതൊരു നിയമവും ഭരണഘടനാവിരുദ്ധവും അസാധുവുമായി കോടതി വിധിക്കുമ്പോൾ നിർദ്ദേശകതത്വങ്ങൾക്ക് വിരുദ്ധമായതെന്ന കാരണത്താൽ ഭരണഘടനാവിരുദ്ധമോ അസാധുവോ ആകുന്നില്ല.

- ➢ ഇന്ത്യൻ ഭരണഘടനയുടെ പുതിയ ഭാവം (Noval features) എന്ന് നിർദ്ദേശകതത്വങ്ങളെ വിളിച്ചത് – ഡോ: ബി. ആർ. അംബേദ്കർ.
- ➢ നിർദ്ദേശകതത്വങ്ങൾ എന്ന ആശയം 1937 ലെ ഐറിഷ് ഭരണഘടനയിൽ നിന്ന് കടം കൊണ്ടതാണ്. അവർ അത് സ്പാനിഷ് ഭരണഘടനയിൽ നിന്ന് ഉൾക്കൊണ്ടതാണ്.
- ➢ Conscience of the constitution : നിർദ്ദേശകതത്വങ്ങളും മൗലികഅവകാശങ്ങളും ഭരണഘടനയുടെ മനസാക്ഷിയാണ് എന്നു പറഞ്ഞത് – ഗ്രാൻവിൽ ആസ്റ്റിൻ

### ഭേദഗതികൾ

1976 ലെ 42–ാം ഭേദഗതി 4 പുതിയ തത്വങ്ങൾ കൂട്ടിച്ചേർത്തു

1. കുട്ടികളുടെ ആരോഗ്യം (39)
2. തുല്യനീതി, നിയമസഹായം(39A)
3. വ്യവസായങ്ങളിൽ തൊഴിലാളികളുടെ പങ്കാളിത്തം (43 A)
4. പരിസ്ഥിതി, വനം, വന്യജീവി സംരക്ഷണം(48 A)

1978 ലെ 44–ാം ഭേദഗതി വരുമാനത്തിലും പദവിയിലും അവസരത്തിലുമുള്ള അസമത്വങ്ങൾ ഒഴിവാക്കണമെന്ന് കൂട്ടിച്ചേർത്തു.(38)

2002 ലെ 86–ാം ഭേദഗതി 45–ാം അനുച്ഛേദത്തിന്റെ വിഷയം മാറ്റുകയും പ്രാഥമികവിദ്യാഭ്യാസത്തെ മൗലികഅവകാശമായി ആർട്ടിക്കിൾ 21 A യിൽ ഉൾപ്പെടുത്തുകയും ചെയ്തു.

2011 ലെ 97–ാം ഭേദഗതി സഹകരണസംഘങ്ങളെ സംബന്ധിച്ച വ്യവസ്ഥ കൂട്ടിച്ചേർത്തു. (43 B). ●

# EXAMINATION PROGRAMME FOR THE MONTH OF JANUARY 2022

## ഉദ്യോഗാർത്ഥികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

**ഈ പരീക്ഷാ കലണ്ടറിലെ സ്ഥിരീകരണം നൽകേണ്ട തസ്തികകളിലേയ്ക്ക് സ്ഥിരീകരണം രേഖപ്പെടുത്തുമ്പോൾ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിനായി അവരുടെ കത്തിടപാടുകൾ നടത്തേണ്ട മേൽവിലാസം ഉൾക്കൊള്ളുന്ന ജില്ല തന്നെ തെരഞ്ഞെടുക്കാവുന്നതാണ്. ആവശ്യമെങ്കിൽ ഇതിനായി പ്രൊഫൈലിൽ കത്തിടപാടുകൾ നടത്തേണ്ടുന്ന വിലാസത്തിൽ സ്വയം മാറ്റങ്ങൾ വരുത്തിയതിനുശേഷം മാത്രം സ്ഥിരീകരണം രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.**

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 1 | 01.01.2022<br>SATURDAY | ELECTRICAL SUPERVISOR<br>APEX SOCIETIES OF CO-OPERATIVE SECTOR IN KERALA<br>**(PART I - GENERAL CATEGORY)**<br>**Main Topics:-** Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 23.10.2021 to 11.11.2021<br>Candidates who successfully submit their confirmation on or before 11/11/2021 can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from 17/12/2021 | 223/2020<br>For Detailed Syllabus Visit Website |
| 2 | 01.01.2022<br>SATURDAY | ELECTRICAL SUPERVISOR<br>KERALA STATE CO-OPERATIVE FEDERATION FOR FISHERIES DEVELOPMENT LIMITED (MATSYAFED)<br>**(PART II - FISHERMEN/DEPENDENT OF FISHERMEN CATEGORY)** | 224/2020<br>For Detailed Syllabus visit website |
| | | ***COMMON TEST FOR SL.NO. 1 & 2 ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ ഒന്നിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 3 | 05.01.2022<br>WEDNESDAY | PSYCHIATRIC SOCIAL WORKER<br>MEDICAL EDUCATION SERVICES<br>**Main Topics:-** Questions based on education qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from 23.10.2021 to 11.11.2021<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **21/12/2021** | 013/2019<br>For Detailed Syllabus visit website |
| 4 | 06.01.2022<br>THURSDAY | ASSISTANT PROFESSOR IN SANSKRIT (SAHITYA)<br>COLLEGIATE EDUCATION<br>**Main Topics:-** Questions based on education qualification<br>Maximum Marks : 100 Duration : 2 Hours<br>Medium of Question : Module 1, 7, 8 - English<br>Module 2, 3, 4, 5, 6, 9 & 10 - Sanskrit<br>Mode of Exam : Descriptive (Question cum Answer Booklet)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **22/12/2021** | 281/2019<br>For Detailed Syllabus visit website |
| 5 | 08.01.2022<br>SATURDAY | CARPENTER<br>KERALA STATE WATER TRANSPORT<br>**Main Topics:-** Carpentry (NTC Level)<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : Malayalam/Tamil/Kannada<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **24/12/2021** | 317/2019<br>For Detailed Syllabus visit website |
| 6 | 08.01.2022<br>SATURDAY | CARPENTER<br>MUSEUM AND ZOO | 505/2019<br>For detailed Syllabus visit website |
| 7 | 08.01.2022<br>SATURDAY | CARPENTER/CARPENTER CUM PACKER<br>ANIMAL HUSBANDRY | 071/2020<br>For detailed Syllabus visit website |
| | | ***COMMON TEST FOR SL.NO. 5, 6 & 7 ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ അഞ്ചിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 8 | 11.01.2022<br>TUESDAY | ASSISTANT MANAGER (CHEMICAL)<br>KERALA CERAMICS LIMITED<br>**Main Topics:-** Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **27/12/2021** | 381/2020<br>For Detailed Syllabus visit website |
| 9 | 13.01.2022<br>THURSDAY | JUNIOR CONSULTANT (ANAESTHESIA)<br>HEALTH SERVICES (NCA Notification)<br>**Main Topics:-** Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **29/12/2021** | 160/2020<br>Ezhava/ Thiyya/ Billava<br>For Detailed Syllabus visit website |
| 10 | 22.01.2022<br>SATURDAY | FULL TIME JUNIOR LANGUAGE TEACHER (SANSKRIT)<br>EDUCATION<br>**Main Topics:- Part I** - General Knowledge, Current Affairs, Renaissance in Kerala - 20 Marks **Part II** - Sanskrit - 80 Marks<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : Part I --- English<br>Part II - Sanskrit<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **07/01/2022** | 522/2019<br>TVM, KLM KZD<br>For Detailed Syllabus visit website |
| 11 | 23.01.2022<br>SUNDAY | RECEPTIONIST<br>MEDICDAL EDUCATION SERVICES<br>**Main Topics:**- Questions based on education qualification<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **07/01/2022** | 003/2019<br>For Detailed Syllabus visit website |
| 12 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>INSURANCE MEDICAL SERVICES<br>**Main Topics:-** Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **07/01/2022** | 101/2019<br>TVM, ALP EKM, KKD<br>For Detailed Syllabus visit website |
| 13 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>INSURANCE MEDICAL SERVICES | 144/2021<br>KLM<br>For Detailed Syllabus visit website |
| 14 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>HELALTH SERVICES<br>(NCA Notification) | 359/2020<br>LC/AI - MLP<br>For Detailed Syllabus visit website |
| 15 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>AYURVEDA COLLEGES | 528/2019<br>KNR<br>For Detailed Syllabus visit website |
| 16 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>HEALTH SERVICES<br>(NCA Notification) | 198/2021<br>SIUC Nadar - KNR<br>For Detailed Syllabus visit website |
| 17 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>HEALTH SERVICES<br>(NCA Notification) | 199/2021<br>SCCC - KZD<br>For Detailed Syllabus visit website |
| 18 | 23.01.2022<br>SUNDAY | LBORATORY TECHNICIAN GRADE II<br>HEALTH SERVICES<br>(NCA Notification) | 200/2021<br>Hindu Nadar -ALP<br>For Detailed Syllabus visit website |
| 19 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>HEALTH SERVICES<br>(SR for SC/ST and ST only) | 338/2020<br>TVM, KLM, PTA ALP, KTM, IDK EKM, TSR, PKD MLP, KKD, WYD KNR, KZD<br>For Detailed Syllabus visit website |
| 20 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>HOMOEOPATHY | 099/2019<br>KZD<br>For Detailed Syllabus visit website |
| 21 | 23.01.2022<br>SUNDAY | LABORATORY TECHNICIAN GRADE II<br>HOMOEOPATHY | 394/2020<br>TVM, IDK<br>For Detailed Syllabus visit website |
| | | ***COMMON TEST FOR SL.NO. 12 TO 21 ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നത് സംബന്ധിച്ച് ക്രമനമ്പർ പന്ത്രണ്ടിലെ വ്യവസ്ഥകൾ ബാധകമാണ്.*** | |
| 22 | 30.01.2022<br>SUNDAY | OPERATOR<br>KERALA WATER AUTHORITY<br>Main Topics:- Questions based on educational qualification.<br>Maximum Marks : 100 Duration : 1 Hour15 Minutes<br>Medium of Question : English<br>Mode of Exam : OMR/ONLINE (Objective Multiple Choice)<br>Candidates can submit their confirmation for writing this examination through one time registration profile from **23.10.2021 to 11.11.2021**<br>Candidates who successfully submit their confirmation on or before **11/11/2021** can download the Admission Tickets through their One Time Registration Profile in the website www.keralapsc.gov.in from **15/01/2022** | 211/2020<br>For Detailed Syllabus visit website |




# പ്രശസ്ത ശാസ്ത്ര മാസികകൾ/ പ്രസിദ്ധീകരണങ്ങൾ


PLUS POINTS 2.0

**വേണു തോട്ടുംകര**

നിങ്ങൾ ശാസ്ത്ര വിഷയങ്ങളിൽ തൽപ്പരനാണെങ്കിൽ, നിങ്ങൾക്ക് നമ്മുടെ പ്രപഞ്ച രഹസ്യങ്ങളെക്കുറിച്ച് അറിയാൻ സഹായിക്കുന്ന 10 അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളെക്കുറിച്ച് മനസ്സിലാക്കാം. വിജ്ഞാനം വിരൽതുമ്പിൽ ആയ ഈ കാലത്ത് ഏറെ പ്രസക്തമാണ്, ഈ അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങൾ.


നിങ്ങളെ ശാസ്ത്രവിഷയങ്ങളിൽ, പ്രപഞ്ച വിഷയങ്ങളിൽ അപ്ഡേറ്റ് ആക്കാൻ ഇവ സഹായിക്കും. നമുക്ക് ചുറ്റുമുള്ള ലോകത്ത് സംഭവിക്കുന്നത് എന്തെന്നും എങ്ങനെയെന്നും അറിയാൻ സഹായകരമാണ് ഇവ. ശാസ്ത്രവിജ്ഞാനം ഏറ്റവും സ്വീകാര്യമായ സ്രോതസ്സുകളിൽ നിന്നാകുമ്പോൾ ഏറെ പ്രസക്തവും പ്രായോഗികവുമാവുന്നു. ശാസ്ത്രമാസികകൾ ഏതൊക്കെയാണ് നോക്കിയാലോ?

## 1. National Geographic




ലോകത്ത് ഏറ്റവും കൂടുതൽ കാഴ്ചക്കാരുള്ള ഒരു ടിവി ചാനലാണല്ലോ നാഷണൽ ജിയോഗ്രഫിക് ചാനൽ. പുതിയതും പഴയതുമായ ശാസ്ത്ര അറിവുകളും ശാസ്ത്ര കൗതുകങ്ങളും മാസ്മരികമായ ദൃശ്യ ശ്രവ്യ ചാരുതയോടെ അവതരിപ്പിക്കുന്നത് വിസ്മയത്തോടെയും കൗതുകത്തോടെയുമാണ് നാം കണ്ടിരിക്കുന്നത്. ഇതെ പേരിൽ ഉള്ള National Geographic മാസികയാണ് ഏറ്റവും ശ്രദ്ധേയമായത്. ഇത് അച്ചടി രൂപത്തിലും ഡിജിറ്റൽ ഫോമിലും ലഭ്യമാണ്. മാസികയായാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. വരിസംഖ്യ അടച്ച് നമുക്ക് വരിക്കാരാവാം.

## 2. Discover





നിങ്ങൾ ശാസ്ത്രത്തിലും അന്വേഷണത്തിലും കൂടുതൽ താൽപ്പരനാണെങ്കിൽ തീർച്ചയായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഡിസ്കവറി മാഗസീൻ. 1980 മുതൽ പ്രസിദ്ധീകരിച്ചുവരുന്നു. എല്ലാ ശാസ്ത്രവിഷയങ്ങളും വിശദമായി പ്രതിപാദിക്കപ്പെടുന്ന മാസികയാണിത്.

## 3. Popular Science




കഴിഞ്ഞ 149 വർഷമായി പ്രസിദ്ധീകരിച്ചുവരുന്നു (1872 മുതൽ). കൂടുതലും ശാസ്ത്ര സാങ്കേതികവിദ്യയെക്കുറിച്ചും അതുവഴിയുണ്ടായ ഉൽപ്പന്നങ്ങളെക്കുറിച്ചും അവ തമ്മിലുണ്ടാക്കുന്ന സ്വാധീനവുമാണ് മുഖ്യപ്രതിപാദ്യ വിഷയങ്ങൾ എന്നതുകൊണ്ട് കൗതുകരമായ ഒരു കാര്യം ഇതിന് കൂടുതൽ വരിക്കാർ പുരുഷന്മാർ ആണ് എന്നതാണ്. Technology, Gadgets, Cars and DIY items എന്നിവ കൂടാതെ data hacking, space, gene therapy, treatment എന്നിവയെക്കുറിച്ചും നന്നായി പ്രതിപാദിച്ചുവരുന്നു. ഇതും പ്രിന്റ് & ഡിജിറ്റൽ ഫോമിൽ ലഭ്യമാണ്.

## 4. Scientific American




കഴിഞ്ഞ 170 വർഷമായി തുടർച്ചയായി ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിക്കുന്ന സയന്റിഫിക് അമേരിക്ക, ശാസ്ത്ര സാങ്കേതികരംഗത്തെ നൂതന പ്രവണതകളെക്കുറിച്ചും വികസനത്തെക്കുറിച്ചും തികച്ചും മൗലികമായ ഉൾക്കാഴ്ചയാണ് ശാസ്ത്രലോകത്തിന് നൽകുന്നത്. ശാസ്ത്ര സാങ്കേതികരംഗത്ത് ഒഴിച്ചുകൂടാനാകാത്ത വഴികാട്ടിയായാണ് ഈ മാസിക അറിയപ്പെടുന്നത്. സയൻസ് ബ്ലോഗുകളും **scientificamerican.com** എന്ന വെബ്സൈറ്റും ഇവർക്കുണ്ട്.

## 5. Popular Mechanics




1902 മുതൽ അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു. ആധുനിക ലോകത്തെ മനുഷ്യന്റെ പ്രധാന ആവശ്യമായ വാഹനങ്ങളെക്കുറിച്ചും മറ്റു ശാസ്ത്ര സാങ്കേതിക ഉൽപ്പന്നങ്ങളെക്കുറിച്ചും ഗൃഹോപകരണങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന പ്രസിദ്ധീകരണമാണിത്. ഇതിലെ ലേഖനങ്ങളും വിവരങ്ങളും ആധുനികലോകത്തെ ശാസ്ത്രനേട്ടങ്ങളെ മനുഷ്യന്റെ ജീവിതനിലവാരം ഉയർത്താൻ എങ്ങനെയെല്ലാം ഉപയോഗിക്കാം എന്ന് കാട്ടിക്കൊടുക്കുന്നു.

**വെബ്സൈറ്റ്: www.popularmechanics.com**

## 6. New Scientist




ലണ്ടനിൽനിന്നും പ്രസിദ്ധീകരിക്കുന്ന ഈ മാഗസീന് ഏറ്റവും ഉയർന്ന സ്ഥാനമാണ് ശാസ്ത്രരംഗത്തുള്ളത്. ശാസ്ത്രമേഖലയിലെ ഏറ്റവും പുതിയ അറിവുകളും പ്രവണതകളും ആധികാരികമായി പ്രസിദ്ധീകരിക്കുന്നതിനാൽ ശാസ്ത്ര സാങ്കേതികരംഗത്ത് ഇതിന് പ്രഥമസ്ഥാനമാണുള്ളത്. ശാസ്ത്രരംഗത്തെ Breaking News കളും Exclusive കളും വളരെ ആധികാരികമായി പ്രസിദ്ധീകരിക്കുന്നു.


**വെബ്സൈറ്റ്: newscientist.com**

## 7. The Scientist




ജൈവതന്മാത്രകളെക്കുറിച്ചും കോശങ്ങളെക്കുറിച്ചും ജനിതക ശാസ്ത്രരംഗത്തെ പുതിയ പ്രവണതകളും നേട്ടങ്ങളും ജീവശാസ്ത്ര മേഖലയിലെ പുത്തൻ കണ്ടെത്തലുകളും ആധികാരികമായി പ്രസിദ്ധീകരിക്കുന്ന ലോക പ്രസിദ്ധ മാസികയാണിത്. പ്രിന്റ് ആയും ഡിജിറ്റൽ ആയും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നു. ജീവശാസ്ത്ര മേഖലയിലെ തൊഴിൽ സാധ്യതകളെക്കുറിച്ചും വ്യവസായസാധ്യതകളെക്കുറിച്ചും വിശദമായി പ്രതിപാദിക്കപ്പെടുന്നു. **വെബ്സൈറ്റ്: www.thescientist.com**

## 8. Cosmos




The Science of Every thing എന്നുകൂടി അറിയപ്പെടുന്ന Cosmos ആസ്ട്രേലിയയിൽ നിന്നുമാണ് പ്രസിദ്ധികരിക്കുന്നത്. ശാസ്ത്ര വളർച്ചയുടെയും നേട്ടങ്ങളുടെയും സാംസ്കാരികതലം കൂടി പ്രതിപാദിക്കുന്നതിനാൽ വലിയ സ്വീകാര്യതയാണുള്ളത്. സാമൂഹ്യശാസ്ത്ര രംഗത്തെ പ്രവണതകളും ഇതിൽ പ്രസിദ്ധീകരിച്ചുവരുന്നു. **വെബ്സൈറ്റ്: www.cosmosmagazine.com, Australian Science Blogs** എന്ന ബ്ലോഗും നിലവിലുണ്ട്.

## 9. Science News




1924ൽ അമേരിക്കയിലെ കൊളംബിയയിൽ നിന്നും പ്രസിദ്ധികരിച്ചു തുടങ്ങിയ സയൻസ് ന്യൂസ് മാഗസിനിൽ ധാരാളം ഗൗരവതരമായ ശാസ്ത്ര ലേഖനങ്ങളും വിവരങ്ങളും പ്രസിദ്ധീകരിച്ചു വരുന്നു. ഇന്ന് ശാസ്ത്രവാർത്തകളും Online Feature കളും മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നു.

**വെബ്സൈറ്റ്: sciencenews.org**

## 10. Smithsonian




അമേരിക്കയിലെ വാഷിങ്ടൺ ഡിസിയിലെ Smithsonian Institution എന്ന സ്ഥാപനത്തിൽനിന്നും 1970 മുതൽ പ്രസിദ്ധീകരിക്കുന്ന ശാസ്ത്ര മാസികയാണിത്. ശാസ്ത്രം, പ്രപഞ്ചം, പ്രകൃതി, ചരിത്രം, കല, സംസ്കാരം, യാത്ര തുടങ്ങിയവയെ വളരെ ഗൗരവമായി സമീപിക്കുന്ന ലോക പ്രസിദ്ധ മാസികയാണിത്. ഈ മാഗസീനിലൂടെ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളും ചിത്രങ്ങളും ലോകോത്തര നിലവാരത്തിലുള്ളതാണ്. **വെബ്സൈറ്റ്: www.smithsonianmag.com**

ഇവ കൂടാതെ 1869 മുതൽ ഇംഗ്ലണ്ടിൽ നിന്നും പ്രസിദ്ധികരിച്ചുവരുന്ന ശാസ്ത്ര ജേണൽ ആയ **The Nature** ശാസ്ത്രലോകത്ത് വളരെ പ്രസിദ്ധമാണ്.

പരിസ്ഥിതിയെക്കുറിച്ചും പരിസ്ഥിതിക്കിണങ്ങുന്ന വികസനത്തെക്കുറിച്ചും ആധികാരിമായി പ്രതിപാദിക്കുന്ന ദ്വൈവാരിക ആണ് 1992 മുതൽ ന്യൂ ഡൽഹിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന **Down to Earth.** •

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

**PSC BULLETIN**
Fortnightly

Rupees 10
November 1, 2021

# സമകാലികം

**ഷാനവാസ് എസ്**

- സാഫ് കപ്പ് ഫുട്ബാൾ കിരീടം ഇന്ത്യക്ക്. ഫൈനലിൽ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് നേപ്പാളിനെ തകർത്താണ് ഇന്ത്യ കിരീടം നേടിയത്. ഇന്ത്യക്കായി ക്യാപ്റ്റൻ സുനിൽ ഛേത്രി, സുരേഷ് സിങ്, മലയാളി താരം സഹൽ അബ്ദുൽ സമദ് എന്നിവർ ഗോൾ നേടി.
- ഇന്ത്യൻ ക്യാപ്റ്റൻ സുനിൽ ഛേത്രി 80 അന്താരാഷ്ട്ര ഗോളുകളുമായി ഗോൾ നേട്ടത്തിൽ അർജന്റീനിയൻ താരം ലയണൽ മെസ്സിക്കൊപ്പമെത്തി.
- ഇറാന്റെ ആദ്യ പ്രസിഡണ്ട് അബുൽ ഹസൻ ബനിസദ്ർ അന്തരിച്ചു.
- മനുഷ്യാവകാശ പോരാളികൾക്കുള്ള യൂറോപ്യൻ യൂണിയന്റെ സഖറോവ് പുരസ്കാരം റഷ്യൻ പ്രതിപക്ഷ നേതാവ് അലക്സി നവൽനിക്ക്.
- മികച്ച സുസ്ഥിര നഗരഗതാഗത സംവിധാനത്തിനുള്ള കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ 'സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയ്നബിൾ ട്രാൻസ്പോർട് സിസ്റ്റം' അവാർഡ് കേരളത്തിന്.
- സൗരയൂഥത്തിന്റെ രഹസ്യം കണ്ടെത്താൻ നാസയുടെ പേടകം 'ലൂസി' ഫ്ലോറിഡയിലെ കേപ് കനവറൽ സ്പേസ് ഫോഴ്സ് സ്റ്റേഷനിൽ നിന്നും വിക്ഷേപിച്ചു.
- കോവിഡ് മഹാമാരിക്കെതിരായ പോരാട്ടത്തിൽ ഇന്ത്യക്ക് ചരിത്ര നേട്ടം. പ്രതിരോധ വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം 21.10.2021 നു നൂറ് കോടി കവിഞ്ഞു.



- ബഹിരാകാശത്തു ആദ്യമായി സിനിമ ചിത്രീകരിച്ച് റഷ്യൻ സംഘം തിരിച്ചെത്തി. കിം ഷിപെൻകൊ സംവിധാനം ചെയ്യുന്ന 'ചലഞ്ച്' എന്ന സിനിമക്കു വേണ്ടിയാണ് നടി യൂലിയ പെരസിൽഡും സംവിധായകനും ബഹിരാകാശ യാത്ര നടത്തിയത്.
- ഐ.പി.എൽ കിരീടം ചെന്നൈ സൂപ്പർ കിങ്സിന്. ഫൈനലിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെയാണ് തോല്പിച്ചത്. ചെന്നൈയുടെ 4 -ാമത് ഐ.പി.എൽ കിരീടമാണ്.
- ഇന്ത്യൻ വംശജയായ അനിത ആനന്ദ് കാനഡയുടെ പുതിയ പ്രതിരോധ മന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു. പൊതുജന സേവന നിർവഹണ വകുപ്പ് മന്ത്രിയായി ചുമതല വഹിച്ച് വരികയായിരുന്നു.
- 2021 ൽ നടക്കുന്ന പുരുഷ ജൂനിയർ ഹോക്കി വേൾഡ് കപ്പിന് ഇന്ത്യൻ നഗരമായ ഭുവനേശ്വർ വേദിയാകും.
- ബാർബഡോസിന്റെ ആദ്യ പ്രസിഡന്റായി സാന്ദ്ര മേസൺ തെരഞ്ഞെടുക്കപ്പെട്ടു.
- ഭാരത് ഹെൽത്ത് ഇൻഫ്രാസ്ട്രക്ച്ചർ മിഷൻ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു .ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള ദേശീയ പദ്ധതിയാണ് പ്രധാനമന്ത്രി ആത്മ നിർഭർ സ്വസ്ത് ഭാരത് യോജന (PMASBY).
- ദേശീയ പ്രതിരോധ ഗവേഷണ കേന്ദ്രമായ ഡി.ആർ.ഡി.ഒ തദ്ദേശീയമായി രൂപകൽപന ചെയ്ത അഭ്യാസ് – ഹൈ സ്പീഡ് എക്സ്പൻഡിബിൾ ഏരിയൽ ടാർഗറ്റ് (HEAT) മിസൈൽ വിജയകരമായി പരീക്ഷിച്ചു.
- സത്യജിത് റേ ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം ഹങ്കേറിയൻ ചലച്ചിത്രകാരൻ ഇസ്തവാൻ സാബോ ഹോളിവുഡ് ചലച്ചിത്രകാരൻ മാർട്ടിൻ സ്കോർസെസെ എന്നിവർക്ക് സമ്മാനിക്കും.
- അന്താരാഷ്ട്ര ദാരിദ്ര്യനിർമ്മാർജ്ജന ദിനം ഒക്ടോബർ 17ന് ആചരിച്ചു.



- 5000 കിലോമീറ്റർ ദൂരപരിധിയുള്ള ബാലിസ്റ്റിക് മിസൈൽ അഗ്നി–5 ഇന്ത്യ വിജയകരമായി പരീക്ഷിച്ചു.
- ഫെയ്സ് മാതമംഗലം ഏർപ്പെടുത്തിയ 2021 ലെ കേസരി നായനാർ പുരസ്കാരത്തിന് സാഹിത്യ നിരൂപകൻ ഇ.പി. രാജഗോപാലൻ അർഹനായി. മലയാളത്തിലെ ആദ്യ ചെറുകഥാകാരനായ വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ സ്മരണയ്ക്ക് 2014 മുതൽ എപ്പെടുത്തിയതാണ് പുരസ്കാരം.
- വെയിൽസിൽ (United Kingdom) നടന്ന കാബ്രിയൻ സൈനിക അഭ്യാസത്തിൽ ഇന്ത്യൻ കരസേനയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഗൂർഖ റൈഫിൾസ് 5–ാം ബറ്റാലിയൻ, സ്വർണ മെഡൽ നേടി.
- ഐക്യരാഷ്ട്ര സഭയിലെ മനുഷ്യാവകാശ സമിതിയിലേക്ക് ഇന്ത്യ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. 2022–24 കാലഘട്ടത്തിലേക്കാണ് തെരഞ്ഞെടുക്കപ്പെട്ടത്.
- ആഗോള പട്ടിണി സൂചികയിൽ 116 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ 101–ാം സ്ഥാനത്ത്. കഴിഞ്ഞ വർഷം 94–ാം സ്ഥാനത്തായിരുന്നു. ഐറിഷ് സന്നദ്ധ സംഘടനയായ കൺസേൺ വേൾഡ് വൈഡും ജർമൻ സംഘടനയായ വെൽത്ത് ഹംഗർ ഫിൽഫെയും ചേർന്നാണ് സൂചിക തയ്യാറാക്കുന്നത്. •

## സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ



സിദ്ധാർഥ് ശിവ



ജയസൂര്യ



അന്നാ ബെൻ

- സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. അന്നാ ബെൻ (കപ്പേള) മികച്ച നടിയായും ജയസൂര്യ (വെള്ളം) മികച്ച നടനായും തെരഞ്ഞെടുക്കപ്പെട്ടു. 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ' ആണ് മികച്ച ചിത്രം. 'എന്നിവർ' എന്ന സിനിമ സംവിധാനം ചെയ്ത സിദ്ധാർഥ് ശിവയാണ് മികച്ച സംവിധായകൻ. ജനപ്രീതിയും കലാമൂല്യവുമുള്ള സിനിമക്കുള്ള പ്രത്യേക പുരസ്കാരം 'അയ്യപ്പനും കോശിയും' എന്ന ചിത്രത്തിന് ലഭിച്ചു.












Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.